II Calling Attention Under Rule 61

മി. സ്പീക്കർ: കണ്ണൂർ ടൗൺ മുസ്ലീംലീഗു സെക്രട്ടറിയായിരുന്ന ശ്രീ. ഇബ്രാഹീംകുഞ്ഞിയെ മാർക്സിസ്റ്റുപാർട്ടിയിൽപ്പെട്ടവരെന്നു പറയപ്പെടുന്ന ഒരു കൂട്ടം ആളുകൾ മർദ്ദിക്കുകയും അതിന്റെ ഫലമായി അദ്ദേഹത്തിനെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തതിനെത്തുടർന്നുള്ള ഗുരുതരാവസ്ഥയെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു റൂൾ 61 അനുസരിച്ച് ശ്രീ. ഇ. അഹമ്മദ് നോട്ടീസു നൽകിയിട്ടുണ്ട്.

കോട്ടയം താലൂക്കിൽ ഏറ്റുമാനൂർ പോലീസു സ്റ്റേഷൻ അതിർത്തിയിൽ 'അതിരമ്പുഴ പൗരസമിതി' എന്ന പേരിൽ ഒരു സംഘം ആളുകൾ കഴിഞ്ഞ ഏതാനും ദിവസങ്ങളായി ഭീകരവാഴ്ച നടത്തിവരുന്നുവെങ്കിലും പോലീസു വേണ്ട നടപടികൾ സ്വീകരിക്കാതിരുന്നതുമൂലം അവിടെ സംജാതമായിരിക്കുന്ന ഗുരുതരാവസ്ഥയെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു ശ്രീ. എം. എം. തോമസ് റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ഈ നോട്ടീസുകളെല്ലാം മേൽനടപടികൾക്കായി ബന്ധപ്പെട്ട മന്ത്രിമാർക്ക് ഞാൻ അയച്ചു കൊടുക്കുന്നതാണ്.

ஸ்ரீ. என். கணபதி: ஸர், கடந்த பட்ஜட் கூட்டத்தொடரில் பட்ஜெட் பிரசங்கம் தமிழில் அச்சடித்து எனக்கு கொடுக்கப்பட்டது. தற்போது நடந்து வரும் பட்ஜெட் டிஸ்கஷனில் அச்சடித்த காப்பி இதுவரையும் கிடைக்கவில்லை. நம்து கவர்மென்ட் லட்சக்கணக்கில் ரூபாய்கள் செலவு செய்கிறது. இதற்கென ஒரு டிரான்ஸ்லேஷன் செக்ஷன் ஏற்படுத்தியிருக்கிறது. அப்படியிருந்தும்கூட சமயத்தில் பட்ஜெட் பிரசங்கம் கிடைக்கவில்லை. அதனால் நான் மிகவும் வருந்துகிறேன். ஆகவே இந்த மூன்று நாள் பட்ஜெட் பற்றிய பொது விவாதத்தில் என்னால் கலந்துகொள்ளமுடியாத வருந்தத்தக்க நிலைமை ஏற்பட்டுள்ளது.

இதை நினைத்தால் தமிழில் பழமொழியாக சொல்வது போல கழுதை தேய்ந்து கட்டெறும்பாகும் கதை நான் நினைவுக்கு வருகிறது. இங்கு அது போல தமிழும் ஒன்றுமில்லை என்று சொல்லக்கூடிய அளவுக்கு நிலைமை மோசமாகிவிடும் என்று தான் நினைக்கவேண்டியிருக்கிறது. ஆகவே உடனே 1970-71 நிதிமந்திரியின் பட்ஜெட் பிரசங்கத்தை உடனடியாக அச்சடித்து தரும்படி கோட்டுக் கொள்கிறேன்.

മി. സ്പീക്കർ: പ്രിന്റു ചെയ്തുകൊടുക്കാം.

III. FINANCIAL BUSINESS

General Discussion of the Budget for the Financial Year 1970-71.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, ഞാൻ ഈ ബഡ്ജററിനെ എതിർക്കുകയാണ്. സർ, ഇതു കമ്മി ബഡ്ജററാണെന്നുള്ളതുകൊണ്ടല്ല, ഈ ഗവൺമെന്റിന് ഈ ബഡ്ജററു അവതരിപ്പിക്കാൻതന്നെ അവകാശമില്ലെന്നുള്ളതുകൊണ്ടു കൂടിയാണ് ഞാൻ ഇതിനെ എതിർക്കുന്നത്. കേരളത്തിലെ ജനത കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ ഒരു ഐക്യമുന്നണിഭരണത്തിനു വേണ്ടിയാണു വോട്ടു നൽകിയത്. കാൺഗ്രസ്സിനെതിരെയുള്ള വിധിയെഴുത്തായിരുന്നു കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പ്. എന്നാൽ ഇന്നത്തെ ഗവൺമെന്റു കാൺഗ്രസ്സിനെതിരായ ഐക്യമുന്നണി ഗവൺമെന്റാണോ അല്ല. അച്യുത

LIBRARY ARCHIVES Kerala Legislative Assembly

മേനോന്റെ ഗവൺമെന്റായിരുന്നെങ്കിൽ എനിക്കു മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. സി. എച്ച്. മുഹമ്മദുകോയയുടെ ഗവൺമെന്റാണെങ്കിലും എനിക്കു മനസ്സിലാക്കാൻ വിഷമമില്ല. അതേമാതിരിതന്നെ ബഹുമാനപ്പെട്ട ടി. കെ. ദിവാകരന്റെ ഗവൺമെന്റാണെങ്കിലും അതിൽ ആക്ഷേപത്തിനു വഴിയില്ല. എന്തിനു സർ, ബഹുമാനപ്പെട്ട എൻ. കെ. ശേഷൻ മന്ത്രിസഭ രൂപീകരിച്ചാലും ആക്ഷേപമില്ല. പക്ഷേ ഇവിടെ അതാണോ? ഇവിടെ ശ്രീ. അച്യുതമേനോന്റെ ഗവൺമെന്റല്ല, ശ്രീ. സി. എച്ച്. മുഹമ്മദുകോയയുടെ ഗവൺമെന്റല്ല, ശ്രീ. ടി. കെ. ദിവാകരന്റെ ഗവൺമെന്റല്ല, ശ്രീ. എൻ. കെ. ശേഷന്റെ ഗവൺമെന്റല്ല. ഇവിടെയുള്ളതു ശ്രീമതി ഇന്ദിരാഗാന്ധിയുടെ അനുഗ്രഹാശിസ്സുകളോടുകൂടിയുള്ള ഒരു തനി കാൺഗ്രസ്സു ഗവൺമെന്റാണ്. അതാണു ബഡ്ജററു അവതരിപ്പിച്ചപ്പോൾ ഞങ്ങളെ എതിർക്കാൻ പ്രേരിപ്പിച്ച കാരണം. എന്താണ് ഇന്നു ഇൻഡ്യയിലുടനീളം കാണാൻ കഴിയുന്നത്? കേരളത്തിലെന്നല്ല, ഇത്തരത്തിലുള്ള വിക്രിയകൾ ഇൻഡ്യയിൽ പല ഭാഗത്തും നടന്നിട്ടുണ്ട്. ശ്രീമതി ഗാന്ധി രണ്ടു തരത്തിലുള്ള മന്ത്രിസഭകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. അതിലൊന്ന്, രാജസ്ഥാനിലെ സുഖാദിയ തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ, അതുപോലെതന്നെ മദ്ധ്യപ്രദേശിൽ ശുക്ലയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ. മററൊന്ന്, യു. പി. യിൽ ചരൺസിംഗിന്റെ മാതിരിയുള്ള ആളുകളുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ, ഇതൊക്കെയാണ് ശ്രീമതി ഗാന്ധി വിഭാവനം ചെയ്തിട്ടുള്ള മന്ത്രിസഭകൾ. തന്റെ അല്ലെങ്കിൽ കേന്ദ്രത്തിന്റെ കയ്യിൽ ഈ രാജ്യത്തെ മുഴുവൻ ഒതുക്കിത്തീർക്കുന്നതിനുള്ള പരിശ്രമത്തിൽ ശ്രീമതി ഗാന്ധി വിജയിച്ചിരിക്കുകയാണ്. ഈ കാര്യം ഐക്യമുന്നണിയിൽ നിന്നിരുന്ന ഘടകകക്ഷികൾ ഇതുവരെയെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? ഇന്നു കേരളത്തിൽ സത്യം പറഞ്ഞാൽ ചരൺസിംഗല്ലേ ഭരിക്കുന്നത്? ചരൺസിംഗിനും കേരളത്തിലെ ശ്രീ. അച്യുതമേനോനും തമ്മിൽ എന്താണു വ്യത്യാസം? ഈ മന്ത്രിസഭകൾ വാസ്തവത്തിൽ ശ്രീമതി ഗാന്ധിയുടെ അനുഗ്രഹാശിസ്സുകളുള്ളിടത്തോളം കാലം നിലനിൽക്കും. ഇതിനുമുൻപും കാണാൻ കഴിഞ്ഞിട്ടുള്ള വസ്തുത അതാണ്. ഒരു പഴയ കഥ ഓർമ്മ വരികയാണ്. പട്ടംതാണുപിള്ളയുടെ നേതൃത്വത്തിൽ തിരു-കൊച്ചിയിൽ ഒരു മന്ത്രിസഭയുണ്ടായിരുന്നു. കോൺഗ്രസ്സിന്റെ അനുഗ്രഹാശിസ്സുകളോടുകൂടി ഉണ്ടായിട്ടുള്ളതായിരുന്നു ആ മന്ത്രിസഭ. പനമ്പിള്ളിക്കു അപ്രിയം തോന്നിയപ്പോൾ ആ മന്ത്രിസഭ ഉണ്ടായോ? അതുപോലെ ഇപ്പോൾ ഇവിടെ എന്റെ സ്നേഹിതൻ കരുണാകരന് അപ്രിയം തോന്നിയാൽ ഈ മന്ത്രിസഭ നിലനിൽക്കുമോ? അതുകൊണ്ടാണ് വാസ്തവത്തിൽ ഇത്തരത്തിലുള്ള സ്ഥിതിവിശേഷം ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഒരിക്കലും ഉണ്ടാകാതിരിക്കണമെന്ന് ആഗ്രഹിക്കുന്നത്.

ശ്രീ. ആർ. എസ്. ഉണ്ണി: എസ്. എസ്. പി. യുടെ നേതൃത്വത്തിൽ മററു കക്ഷികൾ പിൻതാങ്ങുന്ന ഒരു ആൾട്ടർനേററ് ഗവൺമെൻറു രൂപീകരിക്കുമെന്ന് അങ്ങയുടെ പാർട്ടിയുടെ ജനറൽസെക്രട്ടറിയുടെ പ്രസ്താവന കാണുകയുണ്ടായി. മററു പാർട്ടികൾ പിൻതാങ്ങുന്ന ഒരു മന്ത്രി സഭ ഇവിടെ രൂപീകരിക്കുന്ന നയമാണ് അങ്ങയുടെ പാർട്ടിക്കുള്ളതെന്നു തോന്നുന്നു. അതിന് അങ്ങയുടെ പാർട്ടി തയ്യാറാണോ?

ശ്രീ. കെ. എ. ശിവരാമഭാരതി: ആൾട്ടർനേററ് ഗവൺമെൻറു ഉണ്ടാക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ഉണ്ണി പറഞ്ഞിട്ടുള്ള കാര്യങ്ങൾ എന്തുതന്നെയായാലും എസ്. എസ്. പി. യെ സംബന്ധിച്ചിടത്തോളം അതിനേതായ അഭിപ്രായമുണ്ട്. ഗവൺമെൻറു എങ്ങനെയാണു രൂപീ

LIBRARY ARCHIVES Kerala Legislative Assembly

കരിക്കേണ്ടതെന്നു പാർട്ടി വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്കു കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ: കരുണാകരന്റെ സഹായം കൂടാതെ നിലനിൽക്കത്തക്കവിധത്തിൽ ഭാരതിക്ക് ഈ ഗവൺമെന്റിനെ സഹായിക്കാനുള്ള സൻമനസ്സുണ്ടാകുമോ?

ശ്രീ. കെ. എ. ശിവരാമഭാരതി: നേരത്തെ പറഞ്ഞല്ലോ; സഹായിക്കാമായിരുന്നു, അച്യുതമേനോൻതന്നെ ഗവൺമെന്റു ഉണ്ടാക്കിയിരുന്നെങ്കിൽ സഹായിക്കാമായിരുന്നു. അതല്ല ഇവിടെ ഉണ്ടായത്.

ശ്രീ. ആർ. എസ്. ഉണ്ണി: എസ്. എസ്. പി. നിർദ്ദേശിക്കുന്ന ഒരു വ്യക്തമായ പരിപാടിയെപ്പററി ചർച്ച ചെയ്യാനും അതേപ്പററി ഒരു തീരുമാനമെടുക്കാനും അച്യുതമേനോൻ ഗവൺമെന്റു തയ്യാറായാൽ എസ്. എസ്. പി. ഈ മന്ത്രിസഭയെ പിൻതാങ്ങുമോ?

ശ്രീ. കെ. എ. ശിവരാമഭാരതി: ഈ കാര്യത്തിലുണ്ടായ സംഗതിയെ സംബന്ധിച്ചിടത്തോളം അപഗ്രഥനം ചെയ്തതിനുശേഷം നമുക്ക് ആ കാര്യത്തിൽ വരാം. ബഹുമാനപ്പെട്ട ബേബിജോൺ കൽക്കട്ടയിൽ ചെയ്ത പ്രസംഗത്തിൽ ഒരുകാര്യം പറഞ്ഞു. ഐക്യമുന്നണി പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനും ആ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനും എസ്. എസ്. പി. എതിരല്ലെന്ന്.

ശ്രീ. ജി. ഗോപിനാഥൻപിള്ള: എസ്. എസ്. പി. ക്ക് ഈ കാര്യത്തിലുള്ള സമീപനവും ബേബിക്കും അദ്ദേഹത്തിന്റെ അനുയായികൾക്കും ഉള്ള സമീപനവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ?

ശ്രീ. കെ. എ. ശിവരാമഭാരതി: ഇതൊന്നും ഇവിടെ പ്രസക്തമല്ലല്ലോ? ഈ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ, വാസ്തവത്തിൽ സാധാരണഗതിയിൽ ഇവിടെ ബഡ്ജററുകൾ അവതരിപ്പിക്കുന്നതിൽനിന്നു എന്താണു വ്യത്യാസം? കുറേ കൊല്ലങ്ങളായി ഈ ബഡ്ജററ് അവതരിപ്പിക്കുന്നതിൽ ഒരു പുതുമയുമില്ല. കാരണം ബഡ്ജററ് അവതരിപ്പിക്കുന്നതിനു മുൻപുതന്നെ മന്ത്രിമാർ അവർക്കു തോന്നിയമാതിരി ചില അഭിപ്രായങ്ങൾ നടത്തിക്കാണും. അതൊക്കെ നടത്തിയതിനുശേഷംമാത്രമേ അതെല്ലാം കൂടി ഏച്ചുകെട്ടി അവതരിപ്പിക്കുക എന്നുള്ളതിൽനിന്നു വ്യത്യസ്തമായി എന്താണ് ചെയ്തിട്ടുള്ളത്. ഇവിടെ പലപ്പോഴും ചെയ്യാറുള്ള മാതിരി ബഹുമാനപ്പെട്ട ശേഷനും കുറേ കാര്യങ്ങൾ, മുൻകൂട്ടി പ്രസംഗം എഴുതുന്നതോടുകൂടി പിൻവലിക്കാൻ തയ്യാറെടുത്തുകൊണ്ട് അവതരിപ്പിച്ചിട്ടുണ്ട്. അതാണു, സോപ്പ്, ഐസ് എന്നിവയിൻമേലുള്ള നികുതി. ഒരുകാര്യം എന്റെ സ്നേഹിതൻ എം. എൻ. ഗോവിന്ദൻനായർ പ്രസംഗിച്ചപ്പോൾ പറഞ്ഞു, ആഭരണത്തിൻമേൽ നികുതി ചുമത്തിയതുകൊണ്ടു സ്വർണ്ണത്തൊഴിലാളികൾക്കു ജോലി നഷ്ടപ്പെടാനൊന്നും പോകുന്നില്ല, എങ്കിലും അവസാനം സമ്മർദ്ദത്തിന്റെ അടിസ്ഥാനത്തിൽ അതൊക്കെ പിൻവലിച്ചേക്കുമെന്ന്. ഈ നാട്ടിലെ വളരെയധികം തൊഴിലാളികൾക്ക്, പിന്നണിയിൽ കിടക്കുന്ന വിഭാഗത്തിനു ജോലി നഷ്ടപ്പെടുന്ന കാര്യമാണ് ഈ നികുതി ചുമത്തിയതുകൊണ്ടു വരാൻ പോകുന്നത്. അതുകൊണ്ടു ഇത്തരത്തിലുള്ള നടപടി പിൻവലിക്കണം. ഇത്തരത്തിലുള്ള നടപടികൾ പിൻവലിക്കണമെന്നുള്ള ഉദ്ദേശത്തിലാണ് ഇതു എഴുതിവച്ചത്. മേലിലെങ്കിലും ഇത്തരത്തിലുള്ള ഗവമെന്റു ഇന്നെടുക്കുന്ന സമീപനം ശരിയല്ലെന്നു ഞാൻ പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ പറഞ്ഞിട്ടുള്ളത്, മദ്രാസിലുള്ളതിനേക്കാൾ വളരെ കൂടുതലെന്നു മാത്രമല്ല, മറ്റൊരു സ്റ്റേറ്റിലും ഇല്ലാത്തത്ര നികുതി വർദ്ധനവാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഈ വസ്തുതകൂടി കണക്കിലെടുക്കണം. തൊഴിലില്ലായ്മയെക്കുറിച്ചു സമയമില്ലാത്തതുകൊണ്ടു ഞാൻ ദീർഘമായി പറയുന്നില്ല. തൊഴിലില്ലായ്മയുടെ കാര്യത്തിൽ വളരെ കാര്യമായി എന്തെങ്കിലും ചെയ്തിട്ടുണ്ടെന്നു ഇതിനകത്തു കാണാൻ കഴിഞ്ഞിട്ടില്ല. അഭ്യസ്തവിദ്യരുടെ കാര്യത്തിൽ എന്തെങ്കിലും ചെയ്യാമായിരുന്നു. അതു ചെയ്തിട്ടില്ല. റബ്ബർപ്ലാന്റേഷനുവേണ്ടി മൂന്നര ഏക്കർ വച്ചു സ്ഥലം വളരെയധികം അഭ്യസ്തവിദ്യർക്കു കൊടുത്തു. അവർക്കു ജോലി നൽകുന്ന സമ്പ്രദായം പണ്ടത്തെ ഒരു ഗവൺമെന്റു സ്വീകരിച്ചു. കുറേയധികം പേർക്ക് അതുകൊണ്ടു നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നു വളരെയധികംപേർ അതിന്റെ പേരിൽ ജീവിക്കുന്നുണ്ട്. എന്തുകൊണ്ട് അങ്ങനെയുള്ള നടപടികൾ എടുത്തുകൂടാ? ലക്ഷക്കണക്കിനു ഏക്കർ ഭൂമി ഇപ്പോൾ വിതരണം ചെയ്യാൻ പോകുമ്പോൾ അത്തരത്തിലുള്ള നടപടി സ്വീകരിച്ചുകൂടാ? പക്ഷേ അതിനൊന്നും നമ്മുടെ ധനകാര്യമന്ത്രി മുതിർന്നതായി കാണുന്നില്ല. മാത്രമല്ല, ഫാറസ്റ്റു ഭൂമികളൊക്കെ വെട്ടിത്തെളിച്ചു കൃഷിക്കുപയുക്തമാക്കുന്നതിനു ഭൂസേനയെ സംഘടിപ്പിച്ചുകൊണ്ടുള്ള നടപടി സ്വീകരിക്കാമായിരുന്നു. കുറച്ചുകൂടി ശാസ്ത്രീയമായി കൃഷി ഇറക്കുന്നതിന് ഇതു വളരെയേറെ സഹായകമാകുമായിരുന്നില്ലേ? ഈ കാര്യം ഗവൺമെന്റിന് കാണാൻ കഴിഞ്ഞില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. അതുപോലെ വളരെ പ്രധാനമായ മറ്റൊരു പ്രശ്നം ഗവൺമെന്റു വിട്ടുപോയതായി എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. നദീജലത്തർക്കപ്രശ്നത്തെ സംബന്ധിച്ചിടത്തോളം തമിഴ്നാടു ഗവൺമെന്റും കേരള ഗവൺമെന്റും തമ്മിൽ വളരെക്കാലമായി തർക്കമുണ്ട്. കബനിയെ സംബന്ധിച്ചു മൈസൂറുമായും തർക്കമുണ്ട്. ഈ പ്രശ്നത്തെ സംബന്ധിച്ച് ഒന്നും ഇതിൽ പരാമർശിച്ചിട്ടില്ല. ലക്ഷക്കണക്കിനു ഏക്കർ തരിശായ ഭൂമി കൃഷിക്കുപയുക്തമാക്കുന്ന സാഹചര്യമുള്ള ആ തർക്കത്തെ സംബന്ധിച്ചിടത്തോളം ആ തർക്കം തീർക്കാൻ എന്തു നടപടിയെടുക്കുമെന്നു പറയാമായിരുന്നു. പക്ഷേ അതു ചെയ്തിട്ടില്ല. കുരിയാർകുട്ടിയെ സംബന്ധിച്ചിടത്തോളം വളരെയേറെ ശക്തിയായി മുൻപു നിവേദനം നടത്തിയിട്ടുള്ളതാണ്. കുരിയാർകുട്ടി പദ്ധതിയെ സംബന്ധിച്ചിടത്തോളം പാലക്കാട് ഡി. ഡി. സി. വളരെയധികം പ്രാവശ്യം പ്രമേയം പാസാക്കി അയച്ചിട്ടുള്ളതാണ്. പാലക്കാടു ജില്ലയിലെ ചിറ്റൂർ പ്രദേശത്ത് പ്രത്യേകിച്ചു കൊഴിഞ്ഞാംപാറയിൽ തുടർച്ചയായി വിളയുണക്കമുണ്ടാകുന്ന പ്രദേശത്തിനു ഈ പദ്ധതി രൂപംകൊള്ളുമെങ്കിൽ സഹായമാകുമായിരുന്നു. അവിടെയുള്ള കൃഷിക്കാർക്കു കൃഷിയിറക്കുവാൻ സൗകര്യമാകുമായിരുന്നു. ഇതിനുമുൻപുള്ള ഗവൺമെന്റ് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം അലസ മനോഭാവം കാണിച്ചിരുന്നെങ്കിൽ ഇന്നത്തെ ഗവൺമെന്റും അതു തന്നെയാണു പിൻതുടരുന്നത്. അപ്പുറത്തുള്ള നീരാറിൽ ഡാം പണിയുന്നതിനു തമിഴ്നാടു ഗവൺമെന്റു ശ്രമം ആരംഭിച്ചപ്പോൾ കുരിയാർകുട്ടി പദ്ധതിക്കു ഒരു നല്ല മുഹൂർത്തം നോക്കി കല്ലിടൽ കർമ്മമെങ്കിലും ചെയ്യാമായിരുന്നു. അതൊന്നും ചെയ്തിട്ടില്ല. ഈ ഗവൺമെന്റിന്റെ സ്വഭാവം നോക്കുമ്പോൾ അർത്ഥമില്ലാത്തവനു അർത്ഥം കിട്ടുമ്പോൾ അർദ്ധരാത്രിയിൽ കുടപിടിക്കുമെന്നു, പറഞ്ഞതുപോലെ എന്തും ചെയ്യാമെന്നുള്ള നിലയിൽ നിന്നുകൊണ്ടുള്ള പ്രവൃത്തികളാണ് ഇവിടെ കാണാൻ കഴിയുന്നത്.

പ്രൊവിഷണലായിട്ടു നിയമിച്ച ഡാക്ടർമാരുടെ കാര്യം ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ശ്രദ്ധിക്കുമെന്നു കരുതുകയാണ്. പ്രൊവിഷണലായിട്ടുള്ള നിയമനത്തെ സംബന്ധിച്ചു 1969-ൽപി. എസ്. സി.

LIBRARY ARCHIVES Kerala Legislative Assembly

സെക്ഷൻ ഉണ്ടായില്ലെന്നുള്ളതിന്റെ പേരിൽ ഇന്നു അതു അവർക്കു വലിയൊരു തീരാദ്രോഹമായി വന്നിരിക്കുകയാണ്. അവരെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക പരിഗണന ഉണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുകയാണ്. ജോലിയുള്ളവരെ പുറത്തു പറഞ്ഞയക്കുന്ന പ്രക്രിയ തുടരുന്നതു ആരോഗ്യമന്ത്രിക്കു ഇഷ്ടമുണ്ടോ എന്നു അറിയുകയില്ല. ഏതായാലും അതു ചെയ്യുകയില്ലെന്നാണ് എന്റെ വിശ്വാസം. ഒരു വിധത്തിലും ഈ ബഡ്ജററിനെ അനുകൂലിക്കാൻ സാദ്ധ്യമല്ലെന്നു പറഞ്ഞുകൊണ്ടു ഞാൻ ഇതിനെ എതിർക്കുകയാണ്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: സർ, ഇവിടെ ഇന്നലെ സഖാവ് എം. എൻ. ഗോവിന്ദൻ നായർ ഞങ്ങളുടെ പാർട്ടിയുടെ നിയപരിപാടി എന്താണെന്നു വിവരിക്കാൻ ശ്രമിച്ചു; തെററിദ്ധരിപ്പിക്കാൻ ശ്രമിച്ചു. എന്നിട്ട് അദ്ദേഹം ഒരു നിഗമനത്തിൽ എത്തിയിരിക്കുകയാണ്. പോലീസ് മർദ്ദനം കൊണ്ടും മററുമെല്ലാം ഇവിടത്തെ ജനങ്ങൾ പരാജയസ്വഭാവത്തോടുകൂടി അങ്ങനെ ഒതുങ്ങി അവർ മർദ്ദനത്തിനു വിധേയമായി അവരുടെ അഭിപ്രായം മാററി ഇന്നത്തെ ഭരണകക്ഷിക്ക് അനുകൂലമായിത്തീർന്നിരിക്കുകയാണെന്ന്. അങ്ങനെയൊരു കണക്കുകൂട്ടലിലാണ് ഈ ഗവൺമെൻറ് ചെന്നെത്തിച്ചേർന്നിരിക്കുന്നതെന്ന് അവർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിൽ നിന്നു മനസ്സിലാക്കാം. ഇതൊരു തെററായ കണക്കുകൂട്ടലാണെന്നുപറയാതെ എനിക്കു നിർവാഹമില്ല. സഖാവ് എം. എൻ. ഗോവിന്ദൻ നായർ ഇതിനുമുമ്പും കണക്കുകൂട്ടിയിട്ടുള്ളതു തെററിയിട്ടേയുള്ളൂ. പണ്ടൊരിക്കൽ ഇതുമാതിരി ജനങ്ങളുടെ വിചാരങ്ങൾ ചേരിതിരിവ് അളന്നുതിട്ടപ്പെടുത്തി ഞങ്ങളെ അഭിമുഖീകരിച്ച് അദ്ദേഹം പറഞ്ഞു; മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. നേതാവിനോട് പറയുകയുണ്ടായി, നിങ്ങളെ ഞങ്ങൾ വിസിറേറഴ്സ് ഗ്യാലറിയിൽ ഇരുത്തുമെന്ന്. പക്ഷേ ആ ചലഞ്ചും അന്നത്തെ കണക്കുകൂട്ടലുമെല്ലാം ആരേയാണ് ഇരുത്തിയതെന്നു നമുക്കറിയാം. ഗ്യാലറിയിൽ ഇരിക്കേണ്ടിവന്നത് എം. എൻ. ഗോവിന്ദൻ നായർക്കുതന്നെയാണ്. ഇന്നും ഞങ്ങളുടെ പാർട്ടി ശ്രീ. എം. എൻ. ഗോവിന്ദൻ നായരേയും അദ്ദേഹത്തിന്റെ കുറുമുന്നണിയേയും ഇക്കാര്യത്തിൽ വെല്ലുവിളിക്കുകയാണ്. ജനാധിപത്യരീതിയിലാണ് വെല്ലുവിളിക്കുന്നത്. തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്നിട്ടു പിന്നീട് ചതി പ്രയോഗിച്ച് അതിനെ അധികാരത്തിൽ നിന്നും തള്ളിയിട്ടിട്ട് ഒരു ദുർഭഗസന്തതിയായി ജനിപ്പിച്ചു വന്ന കുറുമുന്നണിയുടെ ഭരണമാണ് ഇവിടെ നടക്കുന്നത്. നാട്ടുകാർ അതു മനസ്സിലാക്കിയിട്ടുണ്ട്. ലക്ഷക്കണക്കിനു ജനങ്ങൾ അതു മനസ്സിലാക്കിക്കൊണ്ട് ഞങ്ങളുടെ അടുത്തേക്കു വരികയാണ്. ഈ ഉറപ്പിൻമേൽ ഒരു ചലഞ്ചെന്നോണം ഭരണകക്ഷിയോടുപറയുകയാണ് മാനമായി, മര്യാദയായി, ജനാധിപത്യപരമായി നിങ്ങൾ റിസൈൻ ചെയ്ത് തിരഞ്ഞെടുപ്പിൽ മൽസരിക്കുക. നിങ്ങളുടെ പിന്നിൽ ആളുകളുണ്ടെന്നുകാണിച്ചുകൊണ്ട് മൽസരിച്ച് ഞങ്ങളെ പരാജയപ്പെടുത്താൻ ശ്രമിക്കുക. എന്നിട്ടു പണ്ടത്തെപ്പോലെ ഗ്യാലറിയിൽ കയറിയിരിക്കാനുള്ള സന്ദർഭം വരും. അതിൽ ഭയപ്പെട്ടിട്ട് ജനാധിപത്യപരമായ ചലഞ്ച്സ്വീകരിക്കാൻ ശ്രീ. എം. എൻ. ഗോവിന്ദൻ നായർക്കോ മറേറതെങ്കിലും കുറുമുന്നണിക്കോ വളരെയധികം ധൈര്യമുള്ള പാർട്ടിക്കോ സാധിക്കുകയില്ല. ഈ ഭരണം ഇന്നു തുടർന്നുകൊണ്ടുപോകണമെങ്കിൽ സി. ആർ. പി. യെ മാത്രമല്ല പട്ടാളം തന്നെ വേണ്ടിവരും. മാത്രമല്ല ജനവിരുദ്ധമായ പ്രവർത്തനമാണു നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്നു വല്ല നീതിയും ന്യായവും ഉണ്ടോ? ട്രാൻസ്പോർട്ട് മന്ത്രിയെ സംബന്ധിച്ച് നോക്കാം. എന്തെങ്കിലും ധാർമ്മികമൂല്യത്തോടുകൂടിയാണോ അദ്ദേഹം ഇവിടെ പ്രവർത്തിച്ചിട്ടുള്ളത്. അദ്ദേഹം ആദ്യമായി ഒരു തെററായ നയം അംഗീകരിച്ചു. പിരിച്ചുവിടൽ. മുമ്പത്തെ ഗവൺമെൻറിന്റെ കാലത്തു നിയമിച്ചവരെ, നിയമ

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം നിയമിച്ചിട്ടുള്ള ആളുകളെ വെറും വിരോധത്തിന്റെപേരിൽ പിരിച്ചുവിടണമെന്ന് തീരുമാനമെടുത്തു. എന്നിട്ടു പിരിച്ചുവിട്ടു. പിരിച്ചുവിട്ടതിനു കാരണം നാട്ടുകാർ ചോദിക്കുമ്പോൾ എന്തെങ്കിലും ന്യായം പറയണമല്ലോ. അതിനുവേണ്ടി ഒരു പോലീസന്വേഷണം വച്ചു. പോലീസുകാർ 15 ദിവസത്തിനകം റിപ്പോർട്ടുതരണമെന്നു പ്രഖ്യാപിച്ചു. അവർ പിരിച്ചുവിട്ടിരുന്നവരെ തിരക്കിപ്പിടിച്ച് റിപ്പോർട്ടുകൊണ്ടുവന്നു. ഇന്ററിം റിപ്പോർട്ടുകിട്ടി റിപ്പോർട്ട് ഇവിടെ മേശപ്പുറത്തുവയ്ക്കാൻ ധൈര്യമുണ്ടോ മന്ത്രി? ആ റിപ്പോർട്ടിൽ എന്തുപറഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ടു വായിച്ചാൽ ചെയ്തത് തെററാണെന്നു ബോദ്ധ്യപ്പെടും. വിവരമായി നല്ലതുപോലെ രേഖ മനസിലാക്കിക്കൊണ്ടാണ് നിയമിച്ചിട്ടുള്ളത്. സിഗരററു തുണ്ടുകൾ പെറുക്കേണ്ടതൊന്നുമില്ല. ഇപ്പോൾ കൂടുതൽ എൻക്വയറിവച്ചിട്ടുണ്ട്. അതിനെയും നേരിടാൻ ധൈര്യമായി നിൽക്കുകയാണ്. ഇവിടെ അതല്ല പ്രശ്നം. ഇവിടെ വന്നപ്പോൾ അത് തൊഴിൽത്തർക്കമായി വന്നു. തൊഴിൽത്തർക്കമാണെന്നു മനസ്സിലാക്കാൻ തൊഴിലാളികൾക്കുവേണ്ടി അനേകകാലം പ്രവർത്തിച്ച തൊഴിൽ കാര്യ മന്ത്രിക്കു സാധിച്ചില്ല. ഇതു ഞാൻ ഒരുക്കലും പ്രതീക്ഷിച്ചതല്ല. സഖാവ് രവീന്ദ്രൻ ഇക്കാര്യത്തിൽ പരാജയപ്പെട്ടുപോയി. അദ്ദേഹത്തിന്റെ മനസ്സിൽ ഇത് അവസാനിപ്പിക്കണമെന്നുണ്ടായിരിക്കും. പക്ഷേ ഇതു തുടരണമെന്ന് ആഗ്രഹമുള്ളവരുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നുണ്ട്. ഞാൻ മന്ത്രിയായിരുന്നകാലത്ത് ശ്രീ. രവീന്ദ്രൻ പല പ്രാവശ്യവും തൊഴിലാളികളുടെ കാര്യത്തെപ്പററി സംസാരിച്ചതായി ഓർക്കുന്നുണ്ട്. മന്ത്രിയായ അദ്ദേഹം പറഞ്ഞത് ഇന്നലെ ഞാൻ പത്രത്തിൽ വായിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് തൊഴിലാളിസമരത്തെ സംബന്ധിച്ചിടത്തോളം അതു കൈകാര്യം ചെയ്യുന്ന മന്ത്രി മറെറാരാളായതുകൊണ്ട് പെട്ടെന്ന് എനിക്ക് ഇതിൽ ഇടപെടാൻ നിവൃത്തിയില്ലായെന്നാണ്. ഞാൻ ഇതിൽ ലജ്ജിക്കുകയാണ്. ഞാൻ ഇങ്ങനെയല്ല പ്രതീക്ഷിച്ചത്. ഞാൻ ട്രാൻസ്പോർട്ടു മന്ത്രി എന്നുള്ളനിലയിൽ എന്റെ കടമ നിർവഹിച്ചിട്ടുണ്ട്. ലേബർ മന്ത്രിയും, ലേബർ ഡിപ്പാർട്ടുമെന്റിനേയും വിളിച്ചു സംസാരിച്ചിട്ടുണ്ട്. ഓരോ അവസരത്തിലും ഈ പ്രശ്നം പരിഹരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രാൻസ്പോർട്ട് മന്ത്രിക്ക് ഇതിനെക്കുറിച്ച് ആലോചിക്കാൻ സമയമില്ല. അദ്ദേഹത്തിനെ പിരിച്ചുവിടണം. പിരിച്ചുവിടൽ ഘടകമായി കണക്കാക്കി പിരിച്ചുവിട്ടു. ആലോചിക്കാൻ സമയമില്ല. ആലോചിക്കാനുള്ള ഗവൺമെന്റല്ല ഇത്. ഇവിടെ സി.ആർ.പി. ഉണ്ട്, പട്ടാളമുണ്ട്, ഇനി ടാംക് എപ്പോഴാണ് ഇറക്കുമതി ചെയ്യുക എന്നറിയില്ല. അത്രയോളം മാരകായുധങ്ങളെപ്പററി ചിന്തിക്കുന്നവരാണ്. തൊഴിലാളികളെ കൊല്ലിച്ചു. ഞങ്ങൾ ക്ഷമയോടുകാത്തിരുന്നു. എന്നിട്ട് പണ്ട്വലതു കമ്മ്യൂണിസ്ററുപാർട്ടിയുടെ നേതൃത്വത്തിൽ ടയർ പൊട്ടിക്കുന്ന സാധനം ഈ രാജ്യത്ത് ഉണ്ടാക്കിയതുകൊണ്ട് അവർ ടയറുകൾ പൊട്ടിച്ചിട്ട് പ്രചരണം നടത്തി ഞങ്ങളാണ് ചെയ്തതെന്ന്. അതൊക്കെ സഹിക്കാം. എത്രയോ കൊല്ലങ്ങളായി ഞങ്ങൾ ഈ അപവാദങ്ങളെല്ലാം സഹിക്കുന്നു. പലതും പിന്നീടുതെളിയുകയും ചെയ്തിട്ടുണ്ട്. അതിരിക്കട്ടെ. എന്നിട്ട് ഇവിടെ നടന്നതെന്താണ്. നിരാഹാരം. നിരാഹാരത്തെപ്പററി പറഞ്ഞപ്പോൾ മാണിയെ പ്രസവിച്ചിട്ടില്ലാത്ത കാലത്ത്....

ശ്രീ. കെ. എം. ജോർജ്: മാണി പ്രസവിച്ച കാലത്തോ; മാണി ആണാണെന്നാണ് ഞാൻ വിചാരിക്കുന്നത്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: മലയാളം പോലും ശരിക്കുമനസ്സിലാക്കാൻ കഴിയാതെയാണു വന്നിരിക്കുന്നത്. ഏതായാലും ശരി 1938—ൽ ആണെന്നു തോന്നുന്നു മഹാത്മാഗാന്ധി നിരാഹാര സത്യാഗ്രഹം നടത്തി. അന്നിവിടെ ഭരിച്ചിരുന്നത് ജോർജിനെക്കാളും നിഷ്ഠൂരനായ ഒരു ഭരണാധികാരിയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വീരവാല. പക്ഷേ മഹാത്മാഗാന്ധി സത്യഗ്രഹം നടത്തിയപ്പോൾ അദ്ദേഹം ചാകേണ്ടതാണെന്നാണ് അയാൾ പ്രഖ്യാപിച്ചത്. ഗാന്ധിജി മൂന്നാമത്തെ ദിവസം വിളംബരം ചെയ്തു ഞാൻ നിരാഹാരസത്യാഗ്രഹം നിറുത്തിവച്ചിരിക്കുന്നു എന്ന്. ഗാന്ധിജി തോൽക്കുകയുണ്ടായില്ല. സത്യാഗ്രഹം പിൻവലിച്ച ശേഷം ദുഷ്ട വാല മാറുകയാണ് ചെയ്തത്. അതുപോലെയുയാണ് ഇപ്പോൾ. ഇമ്പിച്ചിബാവ സത്യാഗ്രഹമിരുന്നു. രണ്ടുമൂന്നുദിവസമായി. ശ്രീ. ജോർജ് മാനംമര്യാദയോടുകൂടി തെററുതിരുത്താൻ മുന്നോട്ടുവന്നില്ല. പിന്നീട് ശ്രീ. ജോർജ് നിയോഗിച്ച ആളുകൾ വന്നു. ഹൈക്കോർട്ട് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാമെന്നു പറഞ്ഞു. ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ ആക്ടിലെ 10(1)d പ്രകാരം ഒപ്പുവയ്പിക്കാൻ ഞങ്ങളെക്കൊണ്ടു സാധിച്ചുവെങ്കിൽ അതൊരു ചെറിയ വിജയമായി ഞാൻ കരുതുന്നില്ല. അങ്ങനെ ഞാൻ സത്യാഗ്രഹം അവസാനിപ്പിച്ചു.

ഏതായാലും സർ, സമയമില്ലാത്തതുകൊണ്ട് ഇനി പിന്നീട് പറഞ്ഞുകൊള്ളാമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഞാൻ ഈ ബഡ്ജററിനെ പിൻതാങ്ങുന്നു. ഈ ബഡ്ജററ് ഇതിനുമുൻപ് ഇവിടെ അധികാരത്തിലിരുന്ന ഐക്യമുന്നണി ഗവൺമെൻറ് അനുവർത്തിച്ചുവന്ന സാമ്പത്തികനയവും നികുതിനയവും തുടർന്ന് അംഗീകരിച്ചുകൊണ്ട് തയ്യാറാക്കിയിട്ടുള്ള ഒരു ബഡ്ജററാണ്. സർ, ഇതേപ്പററി പ്രതിപക്ഷത്തുനിന്നും ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾ ഈ ബഡ്ജററ് ശരിക്കുപരിശോധിക്കാതെയാണ് ഉന്നയിച്ചിട്ടുള്ളതെന്നുപറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്. സർ, ഇവിടെ പ്രതിപാദിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾക്കു പ്രധാനമായും അവർ ആധാരമാക്കിയത് നമ്മുടെ മുൻപ്ലാനിംഗ്ബോർഡ് തയ്യാറാക്കിയ കേരള എക്കണോമിക്ക് റെവ്യൂവും ഡ്രാഫ്ററ് ഫോർത്തുപ്ലാനും ആണെന്നു ഞാൻ മനസിലാക്കുന്നു. അവയിൽ സ്വീകരിച്ചിട്ടുള്ള സാമ്പത്തികനയവും നികുതിനയവുമാണ് ഈ ബഡ്ജററിലും അംഗീകരിച്ചിട്ടുള്ളതെന്നുപറയാൻ ഞാനാഗ്രഹിക്കുന്നു. സർ, ഫോർത്ത് ഡ്രാഫ്ററ് പ്ലാനും എക്കണോമിക്ക് റെവ്യൂവും നമ്മുടെ മുമ്പിൽ ഉള്ളതുകൊണണ്ട് ഇതു പരിശോധിച്ചുനോക്കാൻ വലിയ ബുദ്ധിമുട്ടില്ല. സർ, കേന്ദ്ര സംസ്ഥാന ബന്ധങ്ങളിൽ സാമ്പത്തിക നയത്തെ സംബന്ധിച്ചിടത്തോളം മുൻ ഗവൺമെൻറ് അനുവർത്തിച്ച നയം തന്നെയാണ് ഈ ഗവൺമെൻറും സ്വീകരിച്ചിട്ടുള്ളത്. കേന്ദ്രവുമായി സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി വിലപേശണമെന്നും ഈ സംസ്ഥാനത്തിന് അർഹമായ വിഹിതം വാങ്ങണമെന്നും തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. അതിനുള്ള ശ്രമങ്ങൾ ഈ ഗവൺമെൻറ് നടത്തിവരുന്നുണ്ട്. അതിൻെറ വിശദാംശങ്ങളെ സംബന്ധിച്ചിടത്തോളം ബഡ്ജററിൽ പ്രതിപാദിച്ചിട്ടു ണ്ട്. അതിൻെറ പൊതു സമീപനത്തിലും യാതൊരു വ്യത്യാസവുമില്ല. ഒരു കാര്യത്തിൽ മാത്രമാണ് അഭിപ്രായവ്യത്യാസമുള്ളത്. കേന്ദ്രവുമായി നടത്തുന്ന വിലപേശൽ, സമരത്തിലൂടെ തുടങ്ങണമോ അതോ ഈ വിലപേശൽ കൂടിയാലോചനവഴിയും നിവേദനങ്ങൾ വഴിയും തുടങ്ങി നാം പരാജയപ്പെട്ടാൽ ഒരു സമരത്തിൽ അവസാനിപ്പിക്കണമോ എന്നുള്ളതാണ് പ്രശ്നം. നമ്മുടെ സംസ്ഥാനത്തിൻെറ അവകാശം അംഗീകരിക്കുന്നില്ല കേന്ദ്രമെന്നുണ്ടെങ്കിൽ അവഗണന ഇനിയും തുടരുകയാണെന്നുണ്ടെങ്കിൽ ഈ വിലപേശൽ ഒരു സമരത്തിൽ അവസാനിപ്പിക്കണമെന്നുള്ള കാര്യത്തിൽ അശേഷം തർക്കമില്ല. നമ്മുടെ സംസ്ഥാനത്തിൻെറ ഉത്തമതാൽപ്പര്യത്തെക്കരുതി ഈ സംസ്ഥാനത്തുള്ള എല്ലാ രാഷ്ട്രീയകക്ഷികളും ഇതിൽ ഭാഗഭാക്കുകളാകുമെന്ന് ഞാൻ വിശ്വസിക്കുന്നു, അങ്ങനെ ആകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സമരം എന്നു പറയുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ ഇന്നു നിർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷമാണ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളത്. സർ, സമരം ക്ലൈമാക്സിൽ തുടങ്ങി ആന്റി ക്ലൈമാക്സിലേക്ക് വളർത്തി അവസാനിപ്പിക്കുന്ന സമരമാണോ വേണ്ടത്. ആസിഡ് ബാംബുകളിലും കൈബോംബുകളിലും തുടങ്ങി തവണ നിരാഹാരത്തിൽ അവസാനിപ്പിക്കുന്ന സമരമാണോ വേണ്ടത്. കൂടിയാലോചനകളിലും ചർച്ചകളിലും തുടങ്ങി പ്രത്യക്ഷ സമരത്തിലേക്ക് മാറുകയാണോ വേണ്ടത് എന്ന് അവർ ആലോചിക്കേണ്ടതാണ്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ്പാർട്ടി പ്രതിപക്ഷത്തായതിനുശേഷം ആരംഭിച്ചിട്ടുള്ള എല്ലാ സമരങ്ങളും ക്ലൈമാക്സിലാണ് തുടങ്ങിയിട്ടുള്ളത്. ആന്റി ക്ലൈമാക്സിലാണ് എത്തിയിട്ടുള്ളത്. നമ്മുടെ രാജ്യത്തിന്റെ വികസനപ്രക്രിയയെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് വിഭാവനം ചെയ്യുന്ന വിവിധ പദ്ധതികൾക്ക് ഇതിനകത്ത് രൂപം നൽകിട്ടുണ്ട്. അവയ്ക്കാവശ്യമായ വിഭവങ്ങളെ സംബന്ധിച്ചിടത്തോളം കേന്ദ്രത്തിന്റെ സാമ്പത്തികസഹായം ഈ കാര്യത്തിൽ ഗണ്യമായിട്ടുള്ളതാണ്. അതുപോലെ തന്നെ നമ്മുടെ രാജ്യത്തിന്റെ വികസനോന്മുഖമായ ഭൗതിക പരിത:സ്ഥിതി പുഷ്ടിപ്പെടുകയാണെന്നുള്ളതുകൊണ്ട് ഭൂപരിഷ്ക്കരണനിയമം നടപ്പാക്കുന്നതോടുകൂടി ഉൽപ്പാദന ബന്ധങ്ങളിൽ വലിയ മാററമുണ്ടാകും. അതുമൂലം സാമ്പത്തികരൂപീകരണത്തിനും മൂലധന സ്വരൂപണത്തിനും സാഹചര്യമുണ്ടാകും. അതു വേണ്ടത്ര വിനിയോഗിക്കാൻ ഈ ബഡ്ജററിലെ നിർദ്ദേശം പര്യാപ്തമാണോ എന്നു സംശയമുണ്ട്. ഈ കാര്യത്തിൽ ഈ ഗവൺമെന്റിന്റെ ചുമതലയിൽ, ഉടമസ്ഥതയിൽ, നിയന്ത്രണത്തിൽ ഒരു ട്രസ്റ്റ്ഏർപ്പെടുത്തേണ്ടതാണ്. സർ, വ്യാവസായികവികസനം വളരെ പരമപ്രധാനമായ ഒരു കാര്യമാണ്. മൂന്നാം പദ്ധതിക്കാലത്ത് നമ്മുടെ സംസ്ഥാനം അവഗണിക്കപ്പെട്ടു. 71 കോടിരൂപയുടെ വ്യവസായങ്ങൾ കേന്ദ്രമേഖലയിൽ ഈ സംസ്ഥാനത്തിന് ലഭിക്കുമെന്നു വാഗ്ദാനം ചെയ്തിരുന്നതാണ്. 26 കോടി രൂപയോളം മാത്രമേ ഇവിടെ മുടക്കിയിട്ടുള്ളൂ. പ്രിസിഷൻ ഇൻസ്ട്രുമെന്റ് ഫാക്ടറി അതുപോലെതന്നെ ഫൈററോ കെമിക്കൽസ് തുടങ്ങിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടില്ല.

കപ്പൽ നിർമ്മാണ കേന്ദ്രം സ്ഥാപിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ആശാവഹമായ നില കൈവന്നിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട വ്യവസായ കാര്യമന്ത്രി പറയുന്നത്. ഈ കുറവുകൾ നികത്തണമെന്നുള്ളതിനു പുറമേ നമ്മുടെ രാജ്യത്തെ വ്യാവസായിക വികസനത്തിനു ഗണ്യമായ സഹായം കേന്ദ്രം ചെയ്യേണ്ടത് ആവശ്യമാണ്. അതു കണക്കുപറഞ്ഞുവാങ്ങിക്കണം. ഈ കുറവുകൾ നികത്തി നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായിക വികസനത്തിൽ ഇന്നുള്ള പിന്നോക്കനില പരിഗണിച്ച് കേന്ദ്രം ഗണ്യമായ സഹായംചെയ്യണമെന്ന് നമ്മൾ ആവശ്യപ്പെടേണ്ടതാണ്. ഫൈററോകെമിക്കൽസ് വ്യവസായത്തെ സംബന്ധിച്ചു നാം പലതവണ ആവശ്യപ്പെട്ടിട്ടുണ്ട്, സ്ററീൽ പ്ലാന്റ് ഇപ്പോൾ ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെ പല പദ്ധതികളും നാം കേന്ദ്രത്തിന്റെ മുൻപിൽ വച്ചിട്ടുണ്ട്. ഇവയെല്ലാം സ്ഥാപിക്കുന്ന കാര്യത്തിൽ കേന്ദ്രം നമ്മെ സഹായിക്കേണ്ടതാണ്. എല്ലാ നിവേദനങ്ങളും പരാജയപ്പെട്ട് എല്ലാ കൂടിയാലോചനകളും പരാജയപ്പെട്ടു കഴിയുന്ന ഒരുഘട്ടത്തിൽ ഈ രാജ്യത്തിന്റെ ഏററവും പരമപ്രധാനമായ ഒരു ജീവൽപ്രശ്നം എന്നുള്ളനിലയിൽ വ്യവസായവൽക്കരിക്കുക അല്ലെങ്കിൽ നശിക്കുക എന്ന അവസ്ഥയെ നേരിടുന്ന കേരളത്തിനുവേണ്ടി വേണ്ടിവന്നാൽ ഈ മന്ത്രിസഭരാജിവച്ച് ഒരു പ്രക്ഷോഭണം നടത്തുന്നതിനെപ്പററി ആലോചിക്കണമെന്ന് എനിക്കഭിപ്രായമുണ്ട്. നമ്മുടെ രാജ്യത്തിന്റെ വ്യാവസായികവികസനത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാന ഗവൺമെന്റിന്റെ സമീപനം ഒരു പ്രശ്നമാണ്. സംസ്ഥാന ഗവൺമെന്റിന്റെ സമീപനം പൊതുവേ സ്വാഗതാർഹമാണ്. മുൻ ഗവൺമെന്റിന്റെ പൊതുവായ സമീപനം തന്നെയാണ് ഈ ഗവൺമെന്റും സ്വീകരിച്ചിട്ടുള്ളത്. ഈ ബഡ്ജററിൽ ഒരു പൊതുമേഖലാസ്ഥാപന ബ്യൂറോഫൈനാൻസ് ഡിപ്പാർട്ടുമെന്റിനു വിധേ

LIBRARY ARCHIVES Kerala Legislative Assembly

യമായി സംഘടിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശമുണ്ട്. ഈ നിർദ്ദേശത്തെ ഞാൻ എതിർക്കുന്നു. ഇതിന് എന്താണ് ആവശ്യമെന്ന് ഞാൻ ചോദിക്കുന്നു. നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അതിന്റെ നിയന്ത്രണത്തിനും മേൽനോട്ടത്തിനും അതിന്റെ നടത്തിപ്പിനെസംബന്ധിച്ച് പരിശോധിക്കുവാനും വേണ്ടത്ര ഏർപ്പാടുകൾ ഇന്നുതന്നെയുണ്ട്. നിയമസഭാ കമ്മിററികളുണ്ട്. പബ്ലിക്ക് അക്കൗണ്ട്സ് കമ്മിററിയുണ്ട്, പബ്ലിക്ക് അണ്ടർ ടേക്കിംഗ്കമ്മിററിയുണ്ട്. ഈ കമ്മിററികളെല്ലാം കാലാകാലങ്ങളിൽ നടത്തിയിട്ടുള്ള ശുപാർശകൾ ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ; അവ നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് ഞാൻ ചോദിക്കുന്നു. അതൊന്നും ചെയ്തിട്ടില്ല. കുറെയെല്ലാം പരിശോധിച്ചിട്ടുണ്ട്, ചിലതെല്ലാം അംഗീകരിച്ചിട്ടുണ്ട്, ചിലതെല്ലാം ചെയ്തിട്ടില്ലയെന്നൊക്കെ വേണമെങ്കിൽ പറയാവുന്നതാണ്. വ്യവസായ വികസനത്തിനു വിവിധപ്രശ്നങ്ങളുണ്ട്. പൊതുവേ സാങ്കേതികമായ കാര്യങ്ങൾ വ്യവസായത്തിന്റെയാകെ സാമ്പത്തികമായ കാര്യങ്ങൾ മാർക്കററിംഗ്പ്രശ്നങ്ങൾ ഇക്കാര്യങ്ങളെ സംബന്ധിച്ചിടത്തോളമെല്ലാം ഒരു കേന്ദ്രീകൃത സ്ഥാപനത്തിന്റെ ആവശ്യം നമുക്കുണ്ട് സർ. അങ്ങനെയുള്ള ഒരു കേന്ദ്രീകൃതസ്ഥാപനമായ കെ.എസ്.ഐ.ഡി.സി. എന്തുകൊണ്ട് വികസിപ്പിച്ചുകൂടായെന്നു ഞാൻ ചോദിക്കുകയാണ്. അവശ്യമായ സെല്ലുകളോടുകൂടി, സാങ്കേതികസെൽ, സാമ്പത്തികസെൽ എംപ്ലോയർ—എംപ്ലോയി റിലേഷൻ ഷിപ്പിനെ ബാധിക്കുന്നമൗലികപ്രശ്നങ്ങൾ തീരുമാനിക്കുന്നതിനുള്ള സെൽ, മാർക്കററിംഗ് തുടങ്ങിയ കാര്യങ്ങളെപ്പററിയെല്ലാം പരിശോധിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും കെ.എസ്.ഐ.ഡി.സി. യെ എന്തുകൊണ്ട് പുഷ്ടിപ്പെടുത്തിക്കൂടാ? ഇൻഡസ്ട്രിയൽ റിസർച്ച് പരമപ്രധാനമാണ്. വേണ്ടത്ര സജ്ജീകരണങ്ങളോടുകൂടി ഒരു കേന്ദ്രീകൃത ഇൻഡസ്ട്രിയൽ റിസർച്ച് സ്ഥാപനമില്ല. അതും ആവശ്യമാണ്. അതും കെ.എസ്.ഐ.ഡി.സി. യുടെ കീഴിൽ സ്ഥാപിക്കാവുന്നതാണ്. പൊതുവേ വ്യവസായ വികസനത്തെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കുമ്പോൾ ഇത്തരംപ്രശ്നങ്ങളെപ്പററി കാര്യമായി ആലോചിക്കേണ്ടതാണ്. ഈ ഫൈനാൻസ് ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള പൊതുമേഖലാബ്യൂറോയെന്നു പറയുന്നത് ആവശ്യമില്ലാത്ത കുഴപ്പങ്ങൾക്കും (ഭരണപരമായ) മററുതരത്തിലുള്ള കേന്ദ്രീകരണത്തിനുംവഴിതെളിക്കുമെന്നുള്ളതുകൊണ്ട് ഈ നിർദ്ദേശം ഈ ഗവൺമെൻറ് ഉപേക്ഷിക്കുവാൻ ഞാൻ അഭ്യർത്ഥിക്കുകയാണ്. സർ, മൂലധനരൂപീകരണക്കാര്യത്തിൽ ബഡ്ജററിൽ പുതുതായ ഒരു സമീപനം ഉണ്ട്. നേരത്തെ നയപരമായി ഇതു അംഗീകരിച്ചിരുന്നെങ്കിലും ഇൻസ്ററിററ്യൂഷണൽ ഫൈനാൻസിനെ കൂടുതൽ ആശ്രയിക്കുന്ന സമീപനമുണ്ട് ഇതു സ്വാഗതാർഹമാണ്. വ്യവസായ വികസനത്തിനു വിവിധമേഖലകളിൽ ഇപ്പോഴും ഇൻസ്ററിട്യൂഷണൽ ഫൈനാൻസിനെ ആശ്രയിക്കുന്ന ഒരു സമീപനമുണ്ട്. ഇതു വരുമ്പോൾ ഒരു കുഴപ്പമുള്ളത് ഈ ഇൻസ്ററിട്യൂഷണൽ ഫൈനാൻസ് കിട്ടാവുന്ന എല്ലാ സ്ഥാപനങ്ങളും റിസർവ്വു ബാങ്കിന്റെ നിയന്ത്രണത്തിൽ ആണെന്നുള്ളതാണ്. ഇക്കാര്യത്തിലും കേന്ദ്രഗവൺമെൻറിന്റെയും റിസർവ്വ്ബാങ്കിന്റെയും ഗണ്യമായ സഹായമില്ലാതെ നമ്മുടെ ഉദ്ദേശം വേണ്ടത്ര സഫലീകരിക്കാൻ കഴിയുമോയെന്നു നാം ആലോചിക്കേണ്ടതാണ്. അതിനുള്ള ശ്രമം കാര്യമായി നാം നടത്തണം. അതു നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന് കാണുന്നത് സന്തോഷാവഹമാണ്. പൊതുവേ നമ്മുടെ രാജ്യത്തെ അഭിമുഖീകരിക്കുന്ന സജീവപ്രശ്നങ്ങൾക്കു കാര്യമായ പരിഹാരം കാണാനുള്ള പൊതുസമീപനത്തോടുകൂടി മുൻ ഗവൺമെൻറിന്റെ സാമ്പത്തികനയവും നികുതിനയവും തുടർന്ന് അംഗീകരിച്ചിട്ടുള്ള ഒരു ബഡ്ജററാണ് ഇതെന്നുള്ളതുകൊണ്ട് ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ നടന്ന ചർച്ചകളിൽ പ്രധാനമായും നമ്മുടെ രാജ്യത്തെ ക്രമസമാധാന നിലയെപ്പററി വലിയ പരാമർശങ്ങളാണ് ഉണ്ടായിട്ടുള്ളത്. അതിനെ സംബന്ധിച്ചു രണ്ടുവാക്കു പറയണമെന്ന് ഞാനാഗ്രഹിക്കുകയാണ്. ഇന്ന് രാഷ്ട്രീയമായ തീരുമാനം ഉണ്ടാകേണ്ട ഒരു പ്രശ്നമായി നമ്മുടെ സംസ്ഥാനത്ത് ക്രമസമാധാന നില ഇന്നു രൂപം കൊണ്ടിട്ടുണ്ട്. നമ്മുടെ രാജ്യത്തെ വിവിധ രാഷ്ട്രീയ കക്ഷികൾ തമ്മിൽ ചർച്ച ചെയ്ത് ഒരു പൊളിററിക്കൽ ഡിസിഷൻ ആവശ്യമാക്കിത്തീർക്കുന്ന ഒരു പ്രശ്നമാണിത്. അതിനു പല നിർദ്ദേശങ്ങളും പ്രതിനിർദ്ദേശങ്ങളും നയപ്രഖ്യാപനങ്ങളും എല്ലാം പ്രതിപക്ഷത്തു നിന്നും ഭരണകക്ഷിയിൽ നിന്നും ഉണ്ടായിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ക്രമസമാധാനനിലയെസംബന്ധിച്ചുള്ള പ്രസ്താവന സഹർഷം ഞാൻ സ്വാഗതം ചെയ്യുന്നു. ഇന്ന് ഈ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന ക്രമസമാധാനനിലയെ സംബന്ധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു അന്വേഷണം ആവശ്യമാണെന്നുള്ളത് ഞാൻ അംഗീകരിക്കുന്നു സർ. എങ്ങനെയുള്ള അന്വേഷണമാണ് എന്നുള്ളതാണു പ്രശ്നം. ഒരു പൊളിററിക്കൽ ഡിസിഷൻ ആവശ്യമുള്ള പ്രശ്നം എന്നുള്ള നിലയിൽ രാഷ്ട്രീയ കക്ഷികൾതന്നെയാണ് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കേണ്ടതും അന്വേഷിക്കേണ്ടതും എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഈ നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ കക്ഷികളുടെയും നേതാക്കൻമാർ ചേർന്ന് ഇക്കാര്യത്തെപ്പററി ചർച്ചചെയ്യണം. എന്തെല്ലാം കാര്യങ്ങളെപ്പററി അന്വേഷിക്കണമെന്നും എന്തെല്ലാം കാര്യങ്ങൾക്ക് ഒരു തീരുമാനം ഉണ്ടാകണമെന്നും തീരുമാനിക്കണം. അതിന്റെ അടിസ്ഥാനത്തിൽ വസ്തുതകൾ മനസ്സിലാക്കുന്നതിനുവേണ്ടി ഒരു അന്വേഷണം അവർ നടത്തണം. അന്വേഷണത്തിൽ നിന്നും കിട്ടുന്നതെളിവുകളുടെയും, വസ്തുതകളുടെയും വെളിച്ചത്തിൽ ചർച്ചചെയ്ത് ഇക്കാര്യത്തിൽ ഒരു പൊളിററിക്കൽ ഡിസിഷൻ ഉണ്ടാക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. അതിനുള്ള സൗമനസ്യം ബഹുമാനപ്പെട്ട പ്രതിപക്ഷ കക്ഷിക്ക് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതിനുള്ള മുൻകൈ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെടുക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. ശ്രീ. വർഗീസിന്റെ മരണത്തെസംബന്ധിച്ചിടത്തോളം ബഡ്ജററിന്റെ പൊതു ചർച്ചയുടെ നല്ലൊരു പങ്കു സമയം ആ മരണത്തിനെ സംബന്ധിക്കുന്ന കാര്യങ്ങൾ വിശദീകരിക്കാൻവേണ്ടി ഈ സഭയിൽ വിനിയോഗിക്കപ്പെട്ടിട്ടുണ്ട്. ഈ സംഭവം ഒരു അന്വേഷണത്തിനു വിധേയമാക്കണമെന്ന് എനിക്കു അഭിപ്രായമുണ്ട്. ഒരു ജുഡീഷ്യൽ അന്വേഷണം ഇക്കാര്യത്തിൽ നടത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

നമ്മുടെ ഭക്ഷ്യനിലയെപ്പററി ഒരു നല്ലചിത്രമാണ് ബഡ്ജററിൽ വരച്ചു കാണിച്ചിട്ടുള്ളത്. നമ്മുടെ ഭക്ഷ്യനില അത്ര മെച്ചപ്പെട്ട നിലയിലാണുനിൽക്കുന്നതെന്നും ഭാവി ആശാവഹമാണെന്നും ഞാൻ വിശ്വസിക്കുന്നില്ല. 1972 ആകുമ്പോഴേയ്ക്കും ഇൻഡ്യയിലെ ഭക്ഷ്യധാന്യ ഇറക്കുമതി നിറുത്താൻ തീരുമാനിച്ചിട്ടുള്ളതായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. ഭക്ഷ്യധാന്യം ഇറക്കുമതി ചെയ്യുന്നത് നിറുത്തൽ ആക്കുന്നതോടുകൂടി സ്വാഭാവികമായും പ്രശ്നങ്ങളുണ്ടാകും. ഇൻഡ്യയിലാകെയുള്ള ഭക്ഷ്യധാന്യങ്ങളുടെ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഇതിനകത്ത് സാമാന്യമായി പ്രതിപാദിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിലുള്ള നല്ല മഴയും കാലാവസ്ഥയുടെ അനുകൂല സ്ഥിതിയും പൊതുവേ കൃഷിരംഗത്തുള്ള മെച്ചവുമെല്ലാം കണക്കിലെടുത്താൽ ആശാവഹമാണ് സ്ഥിതിയെന്നുള്ളത് ഞാൻ അംഗീകരിക്കുന്നു. എന്നാൽ ഈ നിലയ്ക്ക് മാററം വന്നുകൂടായ്കയില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം 54 ശതമാനം ഭക്ഷ്യകമ്മിയുള്ള ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നമുക്കാവശ്യമുള്ള ഭക്ഷ്യധാന്യം തരുന്നതിന്റെ ഉത്തരവാദിത്വം കേന്ദ്രഗവൺമെൻറിനുതന്നെയാണ്. കേന്ദ്ര ഗവൺമെൻറ് ഇക്കാര്യത്തിൽ വ്യക്തമായ ഒരുറപ്പ് ഏററവും കൂടുതൽ ഭക്ഷ്യകമ്മിയുള്ള ഈ സംസ്ഥാനത്തിന് നൽകണമെന്നുള്ളതും

LIBRARY ARCHIVES Kerala Legislative Assembly

അതിന് കേന്ദ്രത്തെ നിർബന്ധിക്കണമെന്നുള്ളതും ആവശ്യമാണ്. ഇന്നു വിതരണം ചെയ്യുന്ന 6 ഔൺസ് മതിയോ സർ. അതുതന്നെ പലപ്പോഴും 120 ഗ്രാം ആയികുറയുകയാണ്. 160 ഗ്രാം ഇന്ന് കൊടുക്കുന്നുണ്ട്. അതുപോര. നമ്മുടെ റേഷൻ വർദ്ധിപ്പിക്കണം. വർദ്ധിപ്പിച്ച അളവിൽ റേഷൻ നൽകുന്നതിന്, കുറഞ്ഞത് ഒരു 320 ഗ്രാം അരിയെങ്കിലും ഒരാൾക്ക് റേഷനായി വിതരണം ചെയ്യാൻ ആവശ്യമായ അരി കേന്ദ്രത്തിൽനിന്നും നൽകണമെന്നു നാം അഭിപ്രായപ്പെടണം. അതിനു നമ്മുടെ ഗവൺമെൻറ് ശ്രമിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ രാജ്യത്തിൻെറ ഭാവിയെ സംബന്ധിച്ചിടത്തോളം പൊതുവേ ഭാവികുതകുന്ന പല പദ്ധതികളും ആവിഷ്കരിക്കുകയും ക്രിയാത്മകമായ നടപടി സ്വീകരിക്കുകയും ചെയ്യാൻ ഉദ്ദേശിക്കപ്പെട്ടുകൊണ്ട് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ബഡ്ജററിനെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. എം. എം. തോമസ്: സർ, ശ്രീമാൻ എൻ. കെ. ശേഷൻ അവതരിപ്പിച്ചിട്ടുള്ള ഈ ബഡ്ജററിനെ ഞാൻ പിൻതാങ്ങുകയാണ്. കേന്ദ്രം കേരളത്തോടു കാണിച്ച അവഗണനയെപ്പററി കുറെ സംസാരിക്കണമെന്നുണ്ടെങ്കിലും പത്തുമിനിട്ടുമാത്രമേ ഉള്ളുവെന്നുള്ളതുകൊണ്ട് ഞാൻ ആ ഭാഗത്തേക്ക് കടക്കാൻ ഉദ്ദേശിക്കുന്നില്ല. കഴിഞ്ഞ രണ്ടു ദിവസമായി ബഡ്ജററിനെക്കുറിച്ചുള്ള ചർച്ചയിൽ പോലീസിനെപ്പററിയുള്ള ചർച്ചക്കാണ് ഇരു പക്ഷക്കാരും ഭൂരിപക്ഷസമയം എടുത്തിട്ടുള്ളത്. കഴിഞ്ഞ ഐക്യമുന്നണി മന്ത്രിസഭ ഭരിച്ചിരുന്ന കാലത്ത് ആ വകുപ്പ് കൈകാര്യം ചെയ്തിരുന്ന മാർക്സിസ്ററുപാർട്ടി അവരുടെ പാർട്ടിതാൽപ്പര്യത്തിനുവേണ്ടി പോലീസിനെ ഉപയോഗിച്ചുയെന്നു പരക്കെ പരാതിയുണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോൾ മാർക്സിസ്ററുപാർട്ടിയിൽ നിന്നും അവരുടെ ആളുകളെ തല്ലിച്ചതക്കുന്നുയെന്ന ആരോപണം അവർ ഉന്നയിക്കുന്നുണ്ട്. ശ്രീമാൻ ആർ. എസ്. ഉണ്ണി പറഞ്ഞതുപോലെ ഇത് ഒരു പൊളിററിക്കൽ ഇഷ്യൂ ആയിത്തീർന്നിരിക്കുകയാണ്. ഇതേപ്പററി രാഷ്ട്രീയപാർട്ടികൾ തമ്മിൽ ചർച്ചചെയ്തു ഒരു ധാരണയിലെത്തിയില്ലെങ്കിൽ വെറുതെ ഒരു ഭാഗക്കാർ പോലീസിനെ കുററം പറയുകയും മറുഭാഗക്കാർ പോലീസിനെ ന്യായീകരിക്കുകയുംചെയ്യുന്നതിൽ അർത്ഥമില്ലെന്നു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാനും ഭരണകക്ഷിയിലെ ഒരു അംഗമാണ്. ഒരു ആരോപണം ഉന്നയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇന്നു റൂൾ 61 അനുസരിച്ച് ഞാൻ ഒരു അടിയന്തിരപ്രമേയം കൊണ്ടു വന്നു.

ശ്രീ. മുസ്തഫാകെമാൽ: വർഗ്ഗീസിനെ വെടിവച്ചുകൊന്നതിനോടുള്ള അങ്ങയുടെ പോളിററുബ്യൂറോയുടെ സമീപനമെന്താണെന്നു വ്യക്തമാക്കാമോ?

ശ്രീ. എം. എം. തോമസ്: വാളെടുത്തവൻ വാളാൽ തന്നെമരിക്കും എന്നാണ് ബൈബിളിൽ പറഞ്ഞിരിക്കുന്നത്. രണ്ടാമത്തെ വാൾ ആരാണ് പ്രയോഗിക്കേണ്ടത് എന്നുള്ളതിനെപ്പററിയാണ് തർക്കം. ഞാൻ പത്തു പതിമൂന്നുകൊല്ലക്കാലമായി ഒരു വക്കീലാണ്. നിയമത്തിൻെറ വാഴ്ച നിയമം നിശ്ചയിച്ചിട്ടുള്ള രീതിയിൽ വേണം. ഏതു കുററക്കാരനെയും—Procedure established by law എന്ന അടിസ്ഥാനത്തിൽ ഉറച്ച് നിന്നുവേണം കൈകാര്യം ചെയ്യാൻ എന്നാണ് എൻെറ അഭിപ്രായം. ശ്രീമാൻ വർഗ്ഗീസിനെ പോലീസ് വെടിവച്ചുകൊന്നതാണെങ്കിൽ തീർച്ചയായും തെററായിപോയി. ഇസ്രായേലിൽ അനേകായിരം ജൂതൻമാരെ കൊന്നു ഒടുക്കിയ ഐക്കുമാനെപോലും വിസ്തരിച്ചശേഷംമാത്രമാണ് കൊന്നത്. ശ്രീമാൻ വർഗ്ഗീസിനെ വെടിവച്ച് കൊന്നതാണെങ്കിൽ തീർച്ചയായും അതെപ്പററി അന്വേഷിക്കണമെന്നാണ് എൻെറ വ്യക്തമായ അഭിപ്രായം. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു വന്നതു പൂർത്തിയാക്കാൻ ആഗ്രഹിക്കുകയാണ്. ഞാൻ, അതിരമ്പുഴ പീടികതൊഴിലാളി അംഗങ്ങളെയും മററും അവിടത്തെ പൗരസമിതിക്കാർ മർദ്ദിച്ച വിവരമാണ് ശ്രദ്ധയിൽ പെടുത്താൻ കൊണ്ടുവന്നത്. ഇത് ഏററുമാനൂർ പോലീസ്സ്റേറഷൻ അതിർത്തിയിലാണ്. അതെപ്പററി അന്വേഷണം നടത്തണമെന്ന് എന്റെ പാർട്ടിയുടെ കോർഡിനേഷൻ കമ്മിററി ആവശ്യപ്പെട്ടിട്ടും ഇതേവരെ അന്വേഷണം നടത്താത്തതിന്റെ പിന്നിൽ ഭരണകക്ഷിനേതാക്കൻമാരുടെ കൈയുണ്ടെന്നു ഞാൻ സംശയിക്കുകയാണ്.

ശ്രീ. ഏ. പി. കുര്യൻ: മർദ്ദിച്ചത് ആരാണ്?

ശ്രീ. എം. എം. തോമസ്: പൗരസമിതിയംഗങ്ങൾ.

ശ്രീ. ഏ. പി. കുര്യൻ: എററുപറഞ്ഞാൽ ഏതു കക്ഷിയിലുള്ളവർ?

ശ്രീ. എം. എം. തോമസ്: പലപാർട്ടിക്കാരും ഉണ്ട്. എനിക്ക് ഒടുവിലായി പറയുവാനുള്ളത് മലനാടുജില്ലയുടെ കാര്യമാണ്. ഞങ്ങൾ എട്ടു എം. എൽ. ഏ. മാർ ചേർന്ന് ഒപ്പിട്ടു ഒരു മെമ്മോറാണ്ടം പഴയ ഐക്യമുന്നണി സർക്കാരിന് സമർപ്പിച്ചിരുന്നു. മലനാടുജില്ല അടിയന്തിരമായി രൂപീകരിക്കണമെന്നാണ് അതിൽ ആവശ്യപ്പെട്ടിരുന്നത്. അതിനുശേഷം പഴയ ഐക്യമുന്നണിയുടെ കോഓർഡിനേഷൻ കമ്മററി മലനാടുജില്ലയും മലപ്പുറം ജില്ലയും ഒന്നായി രൂപീകരിക്കണമെന്ന് തീരുമാനമെടുത്തു. പഴയ സർക്കാർ പോകുന്നതിന് മുൻപ് റിപ്പോർട്ട് കിട്ടി. പക്ഷേ ആ സർക്കാർ ഒന്നും ചെയ്തില്ല. അതിനുശേഷം ഗവർണ്ണറുടെ പ്രസംഗത്തിൽ ജില്ല രൂപീകരിക്കുന്ന കാര്യത്തിൽ വ്യക്തമായ ഉറപ്പു നൽകിയിരിക്കുകയാണ്. മലനാടിലെ ജനങ്ങൾക്ക് രാഷ്ട്രീയ സമ്മർദ്ദം ചെലുത്താൻ നിവൃത്തിയില്ലാത്തതുകൊണ്ടാണോ മലനാടുജില്ല ഇന്നും രൂപീകരിക്കാതെ കിടക്കുന്നത്?

ശ്രീ. മുസ്തഫാകെമാൽ: ബഹുമാനപ്പെട്ട റവന്യൂമന്ത്രി ശ്രീ. കെ. ടി. ജേക്കബ് അദ്ദേഹത്തിന്റെ ജൻമദേശമായ മൂവാററുപുഴയിൽ . ജില്ലയുടെ ആസ്ഥാനം സ്ഥാപിക്കാമെന്ന് അവിടെയുള്ളവരോടും അതല്ല നിയോജകമണ്ഡലമായ ഉടുമ്പൻചോലയിൽ സ്ഥാപിക്കാമെന്ന് അവിടത്തെ വോട്ടർമാരോടും നൽകിയിട്ടുള്ള വാഗ്ദാനത്തിന്റെ വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ; ഈ പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയും?

ശ്രീ. എം. എം. തോമസ്: ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിൽ ഒരു തെററുണ്ട്. ബഹുമാനപ്പെട്ട കെ. ടി. ജേക്കബിന്റെ വീട് കൂത്താട്ടുകുളത്താണ്. ഏതായാലും ആ മെമ്മോറാണ്ടത്തിൽ ഒപ്പിട്ട രണ്ടുപേർ ഇന്നു മന്ത്രിമാരായിട്ടിരിക്കുകയാണ്. ഞാൻ അവരോട് അഭ്യർത്ഥിക്കുകയാണ്, കോഴിയുടെ മുലയൂട്ടുപോലെ കാര്യം നീക്കാതെ ഈ കാര്യം ഉണ്ടോ ഇല്ലയോ യെന്ന് ഖണ്ഡിതമായി പറയണം.

അടുത്തതായി എനിക്കു പറയാനുള്ളത് ഇടുക്കി പദ്ധതിക്കുവേണ്ടി കുടിയിറക്കേണ്ട എണ്ണായിരത്തോളം കുടുംബങ്ങളുടെ കാര്യമാണ്. മണിയങ്ങാടൻ കമ്മിററി റിപ്പോർട്ട് ഇവിടെനിന്നും കുടിയിറക്കണമെന്നു 1966–ൽ തന്നെ ആവശ്യപ്പെട്ടിരുന്നു. അതിനുവേണ്ടി നമ്മുടെ കഴിഞ്ഞ ഐക്യമുന്നണി സർക്കാരും ഈ സർക്കാരും കാര്യമായ യാതൊരു നടപടിയും എടുത്തിട്ടില്ല. കൃഷിക്കാർ വന്ന് മെമ്മോറാണ്ടം കൊടുക്കുമ്പോൾ ഇടുക്കിയിലോമറേറാ വച്ച് ഒരു കാൺഫറൻസ് വിളിച്ചുകൂട്ടും. ഉദ്യോഗസ്ഥൻമാരുമായി ഇരുന്ന് ആലോചിച്ച് ഇത്രാം തീയതിക്കകം കുടിയിറക്കണമെന്നു തീരുമാനമെടുക്കും. അതിനുശേഷം യാതൊരു നടപടിയുമെടുക്കുകയില്ല. ഇപ്പോഴത്തെ സ്ഥി

LIBRARY ARCHIVES Kerala Legislative Assembly

തിയെന്താണ്? അഞ്ചോ ആറോ കാൺഫറൻസിനുശേഷം ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നുവച്ചാൽ എവിടേയ്ക്കാണ് ഇവരെ കുടിയിറക്കേണ്ടതെന്നു തീരുമാനിക്കപ്പെട്ടിട്ടില്ല. ഈ കുടിയിറക്കപ്പെടേണ്ട കുടുംബങ്ങൾ ഇന്ന് ഒരു കാൺസെൻട്രേഷൻ ക്യാമ്പിൽ കിടക്കുകയാണ്. ചുററിനും ഉദ്യോഗസ്ഥൻമാരാണ്. എപ്പോൾ കുടിയിറക്കുമെന്ന് അറിഞ്ഞുകൂട. അതുകൊണ്ട് അവർക്ക് ദേഹണ്ഡംചെയ്യാൻ നിവൃത്തിയില്ലാതെ കപ്പപോലും ഇടാൻ നിവൃത്തിയില്ലാതെ വിഷമിക്കുകയാണ്. അങ്ങനെ ഒരു സാഹചര്യമാണ് ഇന്നുള്ളത്. ഈ അടുത്തകാലത്തും ഒരു കാൺഫറൻസു നടന്നു. കുടിയിറക്കുമെന്നു പറഞ്ഞ ദിവസവും കഴിഞ്ഞു. ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ് അവരെ അടിയന്തിരമായി കുടിയിറക്കണം. അല്ലെങ്കിൽ അവർക്ക് പട്ടയം കൊടുക്കണം. ഇടുക്കിപദ്ധതി വേണ്ടെന്നുണ്ടെങ്കിൽ അവരെ സ്ഥിരം കുടിയിരുത്താനുള്ള നടപടികളെടുത്ത് പട്ടയം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മറെറാരുകാര്യം, മണിയങ്ങാടൻ കമ്മിററി റിപ്പോർട്ടിൻെറമേൽ കഴിഞ്ഞ സർക്കാർ എടുത്ത തീരുമാനമാണ്. സാധാരണക്കാരായ കൃഷിക്കാർക്ക് ദ്രോഹകരമായ പല തെററുകളും വന്നുചേർന്നിട്ടുണ്ട്. ഉദാഹരണമായി കല്യാണതണ്ടിനും ചിന്നാറിനും ഇടയ്ക്കുള്ള 12000 കുടുംബങ്ങളെയും പീച്ചിയിലെ കുടുംബങ്ങളേയും കുടിയിറക്കണമെന്നാണ് അതിൽ പറഞ്ഞിട്ടുള്ളത്. അതു പുനപ്പരിശോധനചെയ്തു അവർക്ക് പട്ടയംകൊടുക്കണമെന്നാണ് എനിക്കു പറയാനുള്ളത്. പുതുതായി പദ്ധതിക്കുവേണ്ടി കുടിയിറക്കേണ്ടിവന്നാൽ നഷ്ടപരിഹാരം കൊടുക്കുകയോ ലാൻറ് അക്വയർ ചെയ്തു കൊടുക്കുകയോ ചെയ്തു ഇവരെ ഒഴിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സർ, ഈ സർക്കാർ വന്നതിനുശേഷം അവശക്രിസ്ത്യാനികൾക്ക് ഏഴു തലമുറകൾവരെ ചില ആനുകൂല്യങ്ങൾ അനുവദിച്ചുകൊടുത്തുകൊണ്ടുള്ള ചില നടപടികൾ ഉണ്ടായിട്ടുണ്ട്. അതോടൊപ്പം ഇവരെ പട്ടികജാതിയിൽപ്പെടുത്തണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇവതമ്മിൽ ഒരു വൈരുദ്ധ്യമുണ്ട്. ഇവരെ പട്ടികജാതിയിൽപ്പെടുത്തണമെന്നു പറയുന്നതോടൊപ്പം ഏഴുതലമുറകഴിഞ്ഞാൽ അവശതതീരുമെന്ന ഈ സർക്കാരിൻെറ അഭിപ്രായം നിലനിൽക്കുന്നതുകൊണ്ട് കേന്ദ്രസർക്കാർ എന്തു തീരുമാനമെടുക്കുമെന്നുള്ളത് സംശയിക്കേണ്ടകാര്യമാണ്. അതുകൊണ്ട് ഈ തലമുറസർട്ടിഫിക്കററുതന്നെ പൂർണ്ണമായും എടുത്തുകളയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പലകാര്യങ്ങളും പറയാനുണ്ടെങ്കിലും സമയമില്ലാത്തതുകൊണ്ട് ഞാൻ അതിനൊന്നും ശ്രമിക്കുന്നില്ല. ഇപ്പോൾ നൊയമ്പുകാലമായതുകൊണ്ട് മനസന്തോഷമുണ്ടാക്കുന്ന ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിച്ചുകൊള്ളാം.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: അവരുടെ ജനസംഖ്യയും മററും ഉദ്ധരിച്ച് ഗവൺമെൻറിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. എം. എം. തോമസ്: അവർ തയ്യാറാകുമോയെന്തോ?

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: അതുസംബന്ധിച്ച വിവരങ്ങളും മററും കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. എം. എം. തോമസ്: അതുവേണമെങ്കിൽ ആലോചിക്കാം. ഇന്നലെ രാത്രി ഞാൻ റൂമിൽ കിടന്ന് ഉറങ്ങുമ്പോൾ പെട്ടെന്ന് നാലഞ്ചുപേർ നാലുകാലിൽ കയറിവന്നു. ഞാൻ പേടിച്ചുപോയി. വിവരം ചോദിച്ച

LIBRARY ARCHIVES Kerala Legislative Assembly

പ്പോൾ അവർ റിഹാബിലിറേറഷൻ സെൻററിലോ സ്ക്കൂളിലോ മറേറാ ഉള്ള അംഗവൈകല്യം സംഭവിച്ചവരാണ്. അതുകൊണ്ടാണ് നാലുകാലിൽ വന്നത്. നടക്കാൻ നിവൃത്തിയില്ലാത്തവരാണ്. സാധനങ്ങളുടെ കാര്യത്തിലും മററും അവർക്ക് ശരിക്കുള്ള ആനുകൂല്യം കിട്ടുന്നില്ലെന്നാണ് അവരുടെ പരാതി. അതിന്റെ വിശദാംശങ്ങൾ എനിക്ക് അറിഞ്ഞുകൂടാ. ഇതു നൊയമ്പുകാലമായതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി കെ. എം. ജോർജ്ജ് മനസന്തോഷത്തിനുവേണ്ടി ചെയ്തുകൊടുക്കേണ്ട ഒരു കാര്യമാണ് ഇത്. അതുകൊണ്ടു വേണ്ടതു ചെയ്തുകൊടുക്കണം. സെക്രട്ടേറിയററുനടയിൽവന്നു ശമ്പളകൂടുതൽ വേണമെന്നു പറയുന്നതുപോലെ ഇവരെയും സമരംചെയ്യാൻ അനുവദിക്കാതെയും ക്രിസ്തുവിനെ ജറൂസലേം ദേവാലയത്തിൽനിന്നും അടിച്ചിറക്കിവിട്ടതുപോലെ ചെയ്യാതെയും ഇവർക്ക് എന്തെങ്കിലും ചെയ്തുകൊടക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഡാക്ടർ ജാർജ്ജ് തോമസ്: സർ, 1967-ൽ ശ്രീ. പി. കെ. കുഞ്ഞ് ബഡ്ജററ് അവതരിപ്പിച്ച അവസരത്തിൽ ഞാൻ അദ്ദേഹത്തെ അനുമോദിച്ചു. അന്നു ഞാൻ അനുമോദിച്ചത് അദ്ദേഹത്തിന്റെ ബഡ്ജററിനെയായിരുന്നില്ല. അദ്ദേഹം ധനകാര്യമന്ത്രിയായതിലായിരുന്നു അനുമോദിച്ചത്. ഇന്ന്, 70-ൽ ഞാൻ ശ്രീ ശേഷനെ അനുമോദിക്കുന്നു. സർ, ഞാൻ ശ്രീ ശേഷനെ അനുമോദിക്കുന്നത് ഇത് അദ്ദേഹം ഏറെറടുത്തതിലല്ല, അദ്ദേഹം ധനകാര്യമന്ത്രിയായി തുടരുന്നതിലാണ് ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നത്. സർ, അദ്ദേഹത്തിന്റെ പാർട്ടിയിലെ പ്രമുഖൻമാരായ ശ്രീ പി. കെ. കുഞ്ഞിനെയും പി. ആർ. കുറുപ്പിനെയും അൽപം ഗുസ്തിഭാഷയിൽ പറയുകയാണെങ്കിൽ ഗോദായിൽ അടിച്ചുമലർത്തിയെന്നുള്ളതിനെപ്പററി ആർക്കും സംശയമുണ്ടാകുകയില്ല. നല്ല താറുടുത്ത് എണ്ണയുമിട്ട് ആ ഗോദായിൽത്തന്നെ അദ്ദേഹംതുടരട്ടെയെന്ന് ഞാൻ ആശംസിക്കുകയാണ്.

സർ, ഇത്ര സുന്ദരമായ ഭാഷയിൽ കേരളത്തിന്റെ ഇത്ര വികൃതമായ ചിത്രം അവതരിപ്പിക്കാൻ ഇതിനുമുൻപ് ഒരു ധനകാര്യമന്ത്രിക്കും ഇടയായില്ലെന്നാണ് എനിക്കു തോന്നുന്നത്. ഹരിതവിപ്ലവം, പൊൻപുലരി, മഹായജ്ഞം മുതലായ വാക്കുകളൊക്കെയുണ്ട്. ഒരു മദനമോഹന മാളവ്യ എന്നുകൂടി ചേർത്തിരുന്നെങ്കിൽ അതു പൂർത്തിയാക്കാൻ കഴിയുമായിരുന്നു എന്നാണ് എന്റെ അഭിപ്രായം. വാക്കുകൾ അങ്ങനെ കിലുകിലാ............

ശ്രീ. എം. എം. തോമസ്: ഝില്ലിഝങ്കാരനാദമണ്ഡിതം എന്നുകൂടി ചേർത്തിരുന്നെങ്കിലോ?

ഡാക്ടർ ജാർജ്ജ്തോമസ്: അങ്ങനെ കിലുകിലാ കിലുങ്ങുന്ന വാക്കുകൾകൊണ്ട് കേരളത്തിന്റെ ചിത്രം ഇങ്ങനെ വരച്ചുകാട്ടിയ ശ്രീ ശേഷനെ എങ്ങനെ ഞാൻ അനുമോദിക്കാതിരിക്കണം. ഈ ബഡ്ജററിനെ എങ്ങനെ എതിർക്കാതിരിക്കണമെന്നുള്ളതിനെപ്പററി ഞാൻ ആലോചിക്കുകയാണ്, കഴിഞ്ഞ ഏതാനും ദിവസങ്ങളായി സർ. കഴിഞ്ഞതവണ ശ്രീ പി. കെ. കുഞ്ഞ് അവതരിപ്പിച്ച ബഡ്ജററ് പ്രസംഗം ഒന്നു ആവർത്തിച്ചു പരിശോധിച്ചു. അതുപോലെ ഈ കൊല്ലം ശ്രീമാൻ എൻ. കെ. ശേഷൻ അവതരിപ്പിച്ച ബഡ്ജററ് പ്രസംഗവും ഞാൻ വായിച്ചുനോക്കി. സർ, 67-ൽ ബഡ്ജററിനെ ഞങ്ങൾ ഈ ഭാഗത്തിരുന്ന് എതിർത്തു. 68-ൽ ബഡ്ജററിനെ ഞങ്ങൾ എതിർത്തു. 69-ൽ ബഡ്ജററിനെ ഞങ്ങൾ എതിർത്തു. 67-ലും 68-ലും 69-ലും ബഡ്ജററിനെ എതിർക്കാൻ ഞങ്ങളോടൊപ്പം ശ്രീ. കെ. എം. ജോർജ്ജും ശ്രീ. കെ. എം. മാണിയും ഉണ്ടായിരുന്നു. ഇന്ന് 70-ലെ ബഡ്ജററു പ്രസംഗവുമായി ഒന്നു താരതമ്യപ്പെടുത്തി നോക്കിയിട്ട് 69-ൽ എതിർത്ത

LIBRARY ARCHIVES Kerala Legislative Assembly

തുശരിയാണെങ്കിൽ 70-ലും എതിർക്കേണ്ടത് ആവശ്യമാണെന്ന ബോധത്തോടെയാണ് ഞാൻ ഇതിനെ എതിർക്കുന്നത്. കാരണം ഈ ബഡ്ജററ് പ്രസംഗം രണ്ടും വായിച്ചാൽ അതിന്റെ പൊതുഘടനയിൽ അതിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളിൽ അതിന്റെ സമീപനത്തിൽ യാതൊരുവിധത്തിലുള്ള വ്യത്യാസങ്ങളും കാണാൻ എനിക്കു കഴിയുന്നില്ലെന്നുള്ളത് വളരെ വ്യക്തമായി ഈ സഭയെ അറിയിക്കുകയാണ്.

സർ, ഇന്നലെ ശ്രീമതി ഗൗരിയുടെ പ്രസംഗം ഞാൻ കേട്ടു. ശ്രീമതി ഗൗരി ഈ ബഡ്ജററിനെഎതിർത്തുകൊണ്ടും ശ്രീ കെ. എം. മാണി ഈ ബഡ്ജററിനെ അനുകൂലിച്ചുകൊണ്ടും പ്രസംഗിക്കുന്നതുകേട്ടു. അപ്പോഴാണ് വാസ്തവത്തിൽ ഞാൻ ഒരു ചിന്താക്കുഴപ്പത്തിൽ എത്തിയത്. 1967 ലേയും 1968-ലേയും 1969-ലേയും ബഡ്ജററുപ്രസംഗങ്ങളെ അനുകൂലിച്ചുസംസാരിച്ച ശ്രീമതി ഗൗരി ഈ 1970-ലെ ബഡ്ജററിനെ എതിർക്കുന്നതു ഞാൻ കണ്ടു. യാഥാർത്ഥത്തിൽ അവർ എന്തിനാണ് എതിർത്തതെന്ന് എനിക്കു മനസ്സിലായില്ല. കാരണം ഈ ബഡ്ജററിൽ അവർ എതിർക്കേണ്ടതായിട്ടു ഒന്നുമില്ലെന്നാണ് എന്റെ അഭിപ്രായം. അതേസമയത്ത് ശ്രീ. മാണി ഈ ബഡ്ജററിനെ അനുകൂലിച്ചു. അദ്ദേഹത്തിന് അനുകൂലിക്കേണ്ട ഒന്നും ഈ ബഡ്ജററിലില്ല. കാരണം ഈ ബഡ്ജററും കഴിഞ്ഞ ബഡ്ജററുകളും തമ്മിൽ വ്യത്യാസമൊന്നുമില്ല. ഇത് തീർച്ചയായിട്ടും എന്റെ ബഹുമാന്യ സ്നേഹിതൻ അംഗീകരിക്കുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, ഒരു ചോദ്യം.

ഡാക്ടർ ജാർജ്ജ് തോമസ്: സർ, ഈ ബഡ്ജററിനെ കുറിച്ച് മററു പാർട്ടികളിലെ എന്റെ സുഹൃത്തുക്കൾ സംസാരിക്കുമ്പോൾ എനിക്കു അസൂയ തോന്നാറുണ്ട്. വളരെ ദീർഘമായി അവർക്കു പ്രസംഗിക്കാൻ സമയം കിട്ടുന്നു. എനിക്കാണെങ്കിലോ വെറും പത്തുമിനിട്ട്. ഈ പത്തുമിനിട്ടിനുള്ളിൽ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ എന്നെ നിർബന്ധിക്കാൻ ആരും ആഗ്രഹിക്കുകയില്ലെന്നാണ് ഞാൻ കരുതുന്നത്.

സർ, എക്കണോമിക് റിവ്യുവിൽ പലകാര്യങ്ങളെക്കുറിച്ചും പറഞ്ഞതിനു ശേഷം While the progress in the agricultural front has been impressive the industrial sector did not show any significant improvement. എന്നു പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ Employment situation in the State continues to be grave and the pressure on employment opportunities by the educated category of unemployed is mounting എന്നും പറഞ്ഞിട്ടുണ്ട്. സർ, വാസ്തവത്തിൽ കേരളത്തിന്റെ സമ്പദ്വ്യസ്ഥയുടെ ഒരു ശരിയായ ചിത്രം. വ്യവസായരംഗത്ത് ഈ ഗവൺമെൻറിന് എന്തെങ്കിലും ശരിയായ ഒരു കാൽവയ്പ് വയ്ക്കുന്നതിന് ഈ ഗവൺമെൻറിന് കഴിയുന്നുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. മുമ്പ് ഒരു വ്യവസായ നയം രൂപീകരിച്ചിരുന്നുവെന്ന് ഈ ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ നാലുമാസത്തിനുള്ളിൽ ആ വ്യവസായ നയപ്രഖ്യാപനം ഒന്നു റിവൈവുചെയ്യുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ പുതിയ പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനും യഥാർത്ഥത്തിൽ ഈ ഗവൺമെൻറിനു കഴിഞ്ഞിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. നേരത്തെ അനുവദിക്കപ്പെട്ടിട്ടുള്ളതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും തുടർന്ന് അനുവദിക്കാൻപോകുന്നതുമായ ചില വ്യവസായങ്ങളെപ്പററി പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ പുതിയ ഒരു സമീപനം ഈ കൊച്ചുകേരളത്തിൽ ആവിഷ്ക്കരിച്ചുകൊണ്ടുള്ള ഒരു പുതിയ സമീപനം അതിന്റെ ഒരു ഭാവന നമ്മുടെ ധനകാര്യമന്ത്രിക്കുണ്ടെന്ന് തെളിയിക്കുന്നതിനുള്ള യാതൊന്നും ഈ ബഡ്ജററിൽ കാണാൻ എനിക്കു കഴിഞ്ഞിട്ടില്ല സർ.

LIBRARY ARCHIVES Kerala Legislative Assembly

സർ, അതുപോലെതന്നെ അൺഎംപ്ലോയ്മെൻറ് സിററുവേഷൻ അതൊന്നു മറികടക്കുന്നതിന് യഥാർത്ഥത്തിൽ അതിന് ഒരു പരിഹാരം കാണുന്നതിന് അങ്ങയ്ക്ക് കഴിഞ്ഞിട്ടില്ല. അവസാനമായിട്ട് എല്ലാം കേന്ദ്രംചെയ്യുന്നില്ല, ചെയ്യുന്നില്ലായെന്നു പറയുകയാണ് ചെയ്യുന്നത്. ഇതുതന്നെയാണ് കഴിഞ്ഞ മൂന്നുകൊല്ലവും നടന്നുകൊണ്ടിരുന്നത്. കേന്ദ്രം എല്ലാം ഭംഗിയായി ചെയ്യുന്നുണ്ടെന്ന അഭിപ്രായം എനിക്കുണ്ടെന്നു വിചാരിക്കണ്ട. ഇല്ലെന്നുള്ളത് വസ്തുതയാണ്. ആ കാര്യത്തിൽ കേന്ദ്രവുമായി മൽസരിക്കുന്നതിന് ഇനി വേണ്ടിവന്നാൽ സമരംചെയ്യാനും ഞങ്ങൾ കൂടി കാണും എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. അതിന് യാതൊരു സംശയവുമില്ല. കഴിഞ്ഞ ഗവർണ്ണറുടെ പ്രസംഗത്തിലും ബഡ്ജററുപ്രസംഗത്തിലും കേന്ദ്ര അവഗണനയെ വിമർശിക്കുന്നുണ്ടെന്നു വരുകിലും യഥാർത്ഥത്തിൽ കേന്ദ്രത്തിൽനിന്നും പിടിച്ചു പററുന്നതിനുള്ള ഒരു നിശ്ചയദാർഢ്യം പ്രസംഗത്തിൽ ഇല്ലാതെ പോയെന്നു പറയാൻ എനിക്ക് ആഗ്രഹമുണ്ട്. അതിനെസംബന്ധിച്ചു യാതൊരു റഫറൻസും ഇതിനകത്തില്ലെന്നല്ല ഞാൻ പറഞ്ഞത്. എനിക്ക് ഈ ബഡ്ജററു പ്രസംഗത്തിൽ എന്തെങ്കിലും സ്വാഗതാർഹമായിട്ടുണ്ടായിരുന്നെങ്കിൽ കേന്ദ്ര അവഗണനയെന്നുള്ളതാണ്. നമ്മൾ ഒന്നിച്ച് ദക്ഷിണേൻഡ്യൻ സംസ്ഥാനങ്ങളോട് കേന്ദ്രം കാണിക്കുന്ന ഡിസ്ക്രിമിനേഷനെതിരായി സമരംചെയ്യുന്നതിനുള്ള ഒരു പരിപാടി ആവിഷ്ക്കരിക്കണമെന്നുതന്നെയാണ് എൻെറ അഭിപ്രായം. ആ കാര്യത്തിൽ എൻെറ പാർട്ടിയുടെ സഹകരണം തീർച്ചയായിട്ടും അങ്ങയ്ക്ക് ഉണ്ടാകുമെന്നുള്ളതിൽ സംശയമില്ല.

സർ, ഈ ബഡ്ജററിൻെറ രൂപരേഖ പൊതുവേ പരിശോധിച്ചാൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ കഴിഞ്ഞബഡ്ജററിൽനിന്നും വ്യത്യാസം കാണുകയില്ല. നാൺ ഡവലപ്പുമെൻറൽ എക്സ്പെൻറിച്ചർ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നാലുശതമാനം വർദ്ധിച്ചിട്ടുണ്ടെന്നാണ് ഈ ബഡ്ജററിൽ കാണുന്നത്. ആഡ്മിനിസ്ട്രേററീവ് എക്സ്പെൻറിച്ചർ വർദ്ധിച്ചുകൊണ്ടേ തന്നെയിരിക്കുന്നു. അതിൽ ഒരു കുറവുവരുത്തുന്ന കാര്യത്തിൽ ഒരു ചുവടുവയ്പ്പും ഈ ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അങ്ങനെയാണെങ്കിൽ എങ്ങനെ നമ്മുടെ സമ്പദ്വ്യവസ്ഥ നന്നാകുമെന്നു ഞാൻ ചോദിക്കുകയാണ്. ഈ ബഡ്ജററ് 25 കോടിയിലധികം കമ്മിവരുന്ന ബഡ്ജററാണ്. കഴിഞ്ഞവർഷം 22 കോടിരൂപാ കമ്മിവരുന്ന ബഡ്ജററാണ് അവതരിപ്പിച്ചത്. ഇന്ന് കമ്മിബഡ്ജററ് അവതരിപ്പിക്കുന്നകാര്യത്തെപ്പററി ആരും എതിരഭിപ്രായം പ്രകടിപ്പിക്കുന്നില്ല. കാരണം ഏതും കൂടുതൽ ഉപയോഗിച്ചു കഴിയുമ്പോൾ മധുരിക്കുമെന്നു പറയുന്നതുപോലെ കമ്മിബഡ്ജററിനെപ്പററി പറഞ്ഞുപറഞ്ഞ് we are resigned to it എന്നുള്ള ചുററുപാടിൽ എത്തിയിരിക്കുകയാണ്. നാം അത് അങ്ങനെ അറിയാതെ അംഗീകരിക്കുകയാണ്. സർ, അങ്ങും അങ്ങനെതന്നെയാണോയെന്ന് ഞാൻ ചോദിക്കുകയാണ്. ഇത്ര ഭീമമായ കമ്മിബഡ്ജററ് ഇവിടെ വന്നപ്പോൾ ഈ കമ്മി ഉണ്ടാകാതിരിക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ? ഈ കമ്മിയുടെ ആഴമെങ്കിലും ഈ കേരളത്തിൽ ഇല്ലാതാക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോയെന്ന് അങ്ങ് ചിന്തിച്ചിട്ടുണ്ടോയെന്നാണ് എനിക്കു ചോദിക്കാനുള്ളത്.

പുതിയ നികുതികൾ കൊണ്ടുവന്നിട്ടുണ്ടെന്നുള്ളതു ശരിയാണ്. എങ്കിലും നാൺ ടാക്സ് റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു പരിപാടിയും ഇതിലില്ല. ഈ ബഡ്ജററിൽതന്നെ അദ്ദേഹം പറഞ്ഞിട്ടുണ്ട് നാൺ ടാക്സ് റവന്യൂവിൽ വളരെ തുച്ഛമായ വർദ്ധനവുമാത്രമേ വന്നിട്ടുള്ളുവെന്ന് അങ്ങു പറഞ്ഞിട്ടുണ്ട്. സർ, ആ നിലക്ക് എനിക്കു പ്രത്യേകമായി പറയാനുള്ള പരാതി ഈ കമ്മിബഡ്ജററ് എന്നുള്ളത് ഒരു വികസ്വരസമ്പദ്

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥയിൽ എത്രതന്നെ സ്വീകാര്യമായിരുന്നാലും കമ്മിബഡ്ജററ് എന്ന തത്വം അങ്ങ് അംഗീകരിച്ചുകൊണ്ട് കേരളത്തെ സാമ്പത്തികകാര്യങ്ങളിൽ സുഗമമായി മുന്നോട്ടു നയിക്കുമെന്നു ചിന്തിച്ചിട്ടു കാര്യമില്ല. കേന്ദ്രത്തോടു പറയാനുള്ളതു പറഞ്ഞു വാങ്ങുകയും, അതേയവസരത്തിൽതന്നെ നമ്മുടെ ഈ സംസ്ഥാനത്തിൽ ചെലവു കുറയ്ക്കുന്നതിനും നാൺ ടാക്സ് റവന്യൂ വർദ്ധിപ്പിക്കുന്നതിനും ഒരു പരിപാടിതന്നെ ആവിഷ്ക്കരിക്കണമെന്ന് എനിക്ക് അപേക്ഷയുണ്ട്. നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കാണിച്ച അവഗണന മുൻധനകാര്യമന്ത്രിയുടെ അവഗണനയേക്കാരം പിന്നിലല്ലെന്നുമാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളു.

സർ, രാഷ്ട്രീയമായിട്ട് ഒട്ടുവളരെ കാര്യങ്ങരം പറയേണ്ടതായിട്ടുണ്ട്. എന്റെ സമയം അത് അനുവദിക്കുന്നില്ല. ഈ മന്ത്രിസഭയുടെകെട്ടുറപ്പിനെപ്പററി കാര്യമായ സംശയങ്ങരം ഈ രാജ്യത്ത് ഉണ്ടെന്നുള്ളതു വസ്തുതയാണ്. അത് അവഗണിച്ചിട്ടു കാര്യമില്ല. ഏതായാലും പ്രധാനമായി ഞാൻ കാണുന്നത് ഗവൺമെൻറിന് പിൻതുണ നൽകുന്ന കേന്ദ്രം ഇന്നും മന്ത്രിസഭയിൽ ചേർന്നിട്ടില്ല. എന്തോ താൽക്കാലികമായ കാരണങ്ങളാൽ ഗവൺമെൻറിനു പിൻതുണ നൽകുന്ന ആർ. എസ്. പി. ആദ്യമായി മന്ത്രിസഭ രൂപീകരിച്ചപ്പോരം മന്ത്രിസഭയിൽനിന്നും മാറിനിന്നു. നാലഞ്ചുമാസം കഴിഞ്ഞിട്ടും മന്ത്രിസഭയിൽ അല്ലാതെ നിൽക്കുകയാണ്. എന്തുകൊണ്ട് പൂർണ്ണമായ പങ്കാളിത്വം—ഈ ഗവൺമെൻറിൽ പങ്കാളിത്വം—സ്വീകരിക്കുന്നില്ല എന്നു ചോദിക്കുകയാണ്. സർ, കേരളത്തിലെ ജനങ്ങളുടെ വിശ്വാസം ഈ ഗവൺമെണ്ടിന് ആർജ്ജിക്കണമെന്നായിരുന്നുവെങ്കിൽ ഈ ഗവൺമെൻറിനു പിൻതുണ നൽകുന്ന മററു കക്ഷികളുടെ കലവറയില്ലാത്ത പിൻതുണ ഈ ഗവൺമെൻറ് ആഗ്രഹിക്കുന്നുവെന്നുവരികിൽ ശങ്കിച്ചു നിൽക്കുന്ന ആളുകളെ മന്ത്രിസഭയിൽ ചേരാൻ നിർബന്ധിക്കേണ്ടതാണ്. അല്ലെങ്കിൽ ജനങ്ങളുടെ സംശയം ഇതിന്റെ കെട്ടുറപ്പിനെപ്പററി വർദ്ധിക്കുകയേയുള്ളൂ. അതുപോലെതന്നെ എന്തെങ്കിലും സംശയം ഈ ഗവൺമെൻറിൽ ഉണ്ടെങ്കിൽ തീർച്ചയായും കേരളത്തിലെ ജനങ്ങരംക്ക് ആ സംശയനിവാരണം ചെയ്യാൻ ആവശ്യപ്പെട്ടത് പരിപാവനമായ ജനാധിപത്യക്രമമാണ് എന്നു ഞാൻ വിശ്വസിക്കുന്നു സർ. ബഹുമാനപ്പെട്ട അച്യുതമേനോൻ ഇവിടത്തെ മുഖ്യമന്ത്രിയാണ്. എന്തുകൊണ്ട് അദ്ദേഹത്തിന് കേരളത്തിലെ ജനങ്ങളോട് പരിപാവനമായ ജനാധിപത്യകർത്തവ്യം എന്നുള്ള നിലയിൽ ഒരു ഫ്രഷ് മാൻഡേററ് നൽകിക്കൂടാ. ഞാൻ ഇവിടെ ഭരിക്കട്ടെ, സമാധാനപരമായി ഭരിക്കുവാനുള്ള അനുവാദം നിങ്ങരം തരൂ എന്നു പറഞ്ഞുകൊണ്ട് കേരളത്തിലെ ജനങ്ങളെ അഭിമുഖീകരിച്ചുകൂടാ. അതു മാർക്സിസ്ററുകാരൻ പറഞ്ഞതുകൊണ്ട് തള്ളിക്കളയാമെന്നാണോ? കാൺഗ്രസുകാരൻ പറഞ്ഞാൽ കാൺഗ്രസുകാരനും മാർക്സിസ്ററുകാരനും കൂടിചേർന്നവെന്നാകും. ഇന്നലെവരെ മാർക്സിസ്ററുകാരനോടു കിടന്നുറങ്ങാൻ മടിയില്ലാതിരുന്ന ആളുകരം, കാൺഗ്രസ് എന്തെങ്കിലും അഭിപ്രായം പറഞ്ഞാൽ അതു മാർക്സിസ്ററുകാരന്റെ അഭിപ്രായമായിട്ടു പറഞ്ഞു തള്ളുന്നതു ശരിയല്ലെന്നു മാത്രമെ അനുസ്മരിപ്പിക്കുന്നുള്ളു. ഞാൻ കൂടുതൽ നീട്ടുന്നില്ല.

കേരളത്തിലെ ജനങ്ങരംക്ക് സമാധാനപരമായി ജീവിതം നൽകുന്ന കാര്യത്തിൽ എന്റെ സ്നേഹിതൻ ശ്രീ. മുഹമ്മദുകോയ വിജയിച്ചിട്ടുണ്ടെന്നതു ശരിയാണ്. പക്ഷെ പോലീസിനെപ്പററി കൂടുതൽ കൂടുതൽ പരാതികരം ഉണ്ടാകാനുള്ള അവസരം ഇങ്ങനെ നൽകരുത്. ദുഷ്പ്രചരണത്തിനുള്ള അവസരം നൽകരുത്. അതിനു പോലീസിനെ കർശനമായി, കർക്കശമായി നിർദ്ദേശങ്ങരം ഈ ഗവൺമെൻറിൽനിന്നും ഉണ്ടാകുമെന്നു പ്രതീക്ഷിച്ചുകൊണ്ട് എന്റെ വാക്കുകരം അവസാനിപ്പിക്കുന്നു.

11 a.m.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. അബൂബേക്കർ: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി മിസ്റ്റർ ശേഷൻ ഇവിടെ അവതരിപ്പിച്ച വസ്തുനിഷ്ഠമായ യാഥാർത്ഥ്യബോധത്തോടുകൂടിയ ഈ ബഡ്ജററിനെ ഞാൻ സ്വാഗതം ചെയ്യുന്നു. അഖിലേൻഡ്യാതലത്തിലും സംസ്ഥാനതലത്തിലും നിലവിലുള്ള സമ്പത്വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ പ്രായോഗികമായ ക്രിയാത്മകമായ ഒരു ബഡ്ജററ് എന്ന് ഇതിനെ വിശേഷിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ബഡ്ജററിനെസംബന്ധിച്ച് കഴിഞ്ഞ രണ്ടുദിവസം ഈ സഭയിൽ പ്രധാനപ്പെട്ട ഒന്നുരണ്ടുകാര്യങ്ങൾ ഉയർന്നുവരുകയുണ്ടായി. അത് ബഡ്ജററിനെക്കുറിച്ചുള്ള പൊതു ചർച്ചയാണോ അതല്ല, പോലീസ് വകുപ്പിനെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥനയാണോ എന്നു സംശയം ജനിപ്പിക്കുന്ന വിധത്തിൽ പ്രധാനമായും പോലീസ് വകുപ്പിനെ സംബന്ധിച്ചുള്ള പരാതികൾ ആണ് ഈ ചർച്ചയിൽ ഉയർന്നു വന്നത്. പ്രതിപക്ഷത്തിരിക്കുന്ന പല സ്നേഹിതൻമാരുടെയും പ്രസംഗത്തിൽ നിന്നു പൂർണ്ണമായി മനസ്സിലാക്കാൻ സാധിച്ചത് ഈ ഗവൺമെൻറു ചെയ്ത എല്ലാ നല്ല കാര്യങ്ങളിലും കരി വാരി തേച്ചു കാണിക്കുന്നതിനും തുരങ്കംവയ്ക്കുന്നതിനും ഉള്ള ഒരു പ്രവണത പ്രതിപക്ഷം കാണിക്കുന്നതാണ്. അതിന് പ്രതിപക്ഷത്തിനു സാധിച്ചുവെന്നുള്ളത് ദൗർഭാഗ്യകരമാണ്. നമ്മുടെ സംസ്ഥാനത്തെ ആശാവഹമായ ഭക്ഷ്യനിലയെ സംബന്ധിച്ച് ബഡ്ജററ് പ്രസംഗത്തിൽ പ്രത്യേകിച്ച് എടുത്തു പറഞ്ഞിട്ടുണ്ട്. 1967-ലെ പൊതുതിരഞ്ഞെടുപ്പു നടക്കുന്നതിന് മുൻപു മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടികൂടി ഉൾപ്പെട്ട ഒരു ഐക്യമുന്നണി ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ മുൻപാകെവച്ച മിനിമം പരിപാടിയിൽ വളരെ പ്രധാനമായ ഇനമാണ് സംസ്ഥാനത്തെ ഭക്ഷ്യകാര്യത്തിൽ സ്വയംപര്യാപ്തമാക്കുകയെന്നുള്ളത്. ആ ലക്ഷ്യം, ആ ഇനം നടപ്പാക്കുന്ന കാര്യത്തിൽ അതു പ്രാവർത്തികമാക്കുന്ന കാര്യത്തിൽ പരാജയപ്പെട്ട മാർക്സിസ്ററുപാർട്ടി ഈ നിയമസഭയ്ക്ക് അകത്തും പുറത്തും അതിനെ തടസ്സപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തുന്നത്, ഖേദകരമാണ്, നിർഭാഗ്യകരമാണ് 1968-69-ൽ നമ്മുടെ സംസ്ഥാനത്തിലെ നെല്ലുൽപ്പാദനം 12 ½ ലക്ഷം ടൺ ആണെന്ന് എക്ണാമിക് റിവ്യൂവിൽ കാണാൻ സാധിച്ചിട്ടുണ്ട്. 11.3 ശതമാനം വർദ്ധനവ് ഭക്ഷ്യരംഗത്ത് ഉണ്ടായിട്ടുണ്ട്. പക്ഷെ ഭക്ഷ്യരംഗത്ത് യാതൊരുവിധത്തിലുള്ള വർദ്ധനയും ഉണ്ടായിട്ടില്ലെന്നു വരുത്തുന്നതിനുവേണ്ടി ആ വിധത്തിൽ മാർക്സിസ്ററുപാർട്ടി നേതാക്കളും അവരുടെ ജിഹ്വകളും എല്ലാംതന്നെ ശ്രമങ്ങൾ നടത്തുന്നതു ദൗർഭാഗ്യമാണ്. ആ ശ്രമം ആയിരുന്നു മാർക്സിസ്ററുപാർട്ടി അധികാരത്തിലിരുന്നപ്പോഴും അവരുടെ ജിഹ്വകളും പ്ലാനിംഗ് ബോർഡും നടത്തിക്കൊണ്ടിരിക്കുന്നത് എന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്ലാനിംഗ് ബോർഡിനെ പരാമർശിക്കുമ്പോൾ സ്ഥാനംപോയ പ്ലാനിംഗ് ബോർഡ് ഉപാദ്ധ്യക്ഷൻ മിസ്ററർ ഹമീദ് ഈ ബഡ്ജററിൻെറ ചർച്ചയിൽ പങ്കെടുത്ത് മിനിഞ്ഞാന്ന് ചെയ്ത പ്രസംഗം ഓർത്തുപോകുകയാണ്. അദ്ദേഹത്തിൻെറ പ്രസംഗത്തിൽ ശ്രീ. അച്യുതമേനോൻ കാറോടിക്കുന്ന കഥ ഇവിടെ പറയുകയുണ്ടായി. ആ കാറിൻെറ പിൻസീററിൽ മി. ജോർജുതോമസിനെയും കരുണാകരനെയും ഇരുത്തി അച്യുതമേനോൻ മുൻസീററിലുരുന്നു കാറോടിക്കുന്ന കഥ അദ്ദേഹം പറയുകയുണ്ടായി. പ്ലാനിംഗ് ബോർഡിൻെറ വൈസ് ചെയർമാൻ ആയിരുന്ന കാലത്ത് നമ്പൂതിരിപ്പാട് അധികാരത്തിൽ ഇരുന്നപ്പോൾ അദ്ദേഹത്തിൻെറ കാറിനകത്ത് കയറുകയും ഇറങ്ങുകയും ചെയ്ത അനുഭവമാണ് ആ ഉപമയിൽ കാണുവാൻ സാധിക്കുന്നതെന്ന് പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഇൻഡിക്കേററിനെ സംബന്ധിച്ചും സിന്ധിക്കേററിനെ സംബന്ധിച്ചും ചൂണ്ടിക്കററിനെസംബന്ധിച്ചും അദ്ദേഹം പറയുകയുണ്ടായി. തെരഞ്ഞെടുപ്പുകാലത്ത് സ്വതന്ത്രനാണ് എന്നുപറഞ്ഞുകൊണ്ട് ആളുകളെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമീപിച്ച് തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിൽ, നമ്പൂതിരിപ്പാടിന്റെ കാറിൽ കയറുന്നതിനു ശ്രമം നടത്തുകയും കാറ് ഉന്തിക്കൊടുക്കുകയും തള്ളിക്കൊടുക്കുകയും ചെയ്ത തള്ളിക്കേററിന്, ആ പ്രവണതയുള്ള ആളിനു ചുണ്ടിക്കേററിനെ സംബന്ധിച്ചു പറയുവാൻ അവകാശമുണ്ടോയെന്നു എന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുന്നു. ചാക്കിട്ടു പിടിത്തത്തെക്കുറിച്ചു പരാമർശിക്കുകയുണ്ടായി. ഈ മന്ത്രിസഭ അധികാരത്തിൽ വരുന്നതിനുമുമ്പ് എം. എൽ. എ. ക്വാർട്ടേഴ്സിൽ എം. എൽ. എ. മാരുടെ മുറിയിൽ ഏതെല്ലാം സമയത്ത് ആരെല്ലാമാണു ചാക്കുകളുമായി വന്നതെന്ന് പറയാൻ ധൈര്യമുണ്ടോ എന്നു ചോദിക്കുകയാണ്. ചാക്കിന്റെ കഥ അവിടെ നിൽക്കട്ടെ.

പഴയ ഐക്യമുന്നണി ഗവൺമെന്റ് അവരുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുണ്ട്, തെരഞ്ഞെടുപ്പു വിജ്ഞാപനത്തിൽ പറഞ്ഞിട്ടുണ്ട്, അതിപ്രധാനമായ ഒരു നടപടി സ്വീകരിക്കുമെന്ന്. അതു സ്വീകരിച്ചതായി ഈ ബഡ്ജററു പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. തോട്ടം ദേശസ്ൽക്കരണത്തെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. മിനിമം പരിപാടിയിൽ പറഞ്ഞിരുന്ന കാര്യമാണ്. തോട്ടങ്ങൾ ഏറെറടുക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികൾ സ്വാഗതാർഹമാണ് എന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. കേരളത്തിൽ ഒട്ടാകെ 2,450 തേയിലതോട്ടങ്ങളാണ് ഉള്ളത്. അതിൽ ഒമ്പത് എണ്ണം വിദേശ ഉടമയിലാണ്. 8,000 ഏക്കർ വിസ്തീർണ്ണമുള്ളകണ്ണൻദേവൻ തോട്ടമാണ് ഏററവും വലുത്. വിദേശ തോട്ടമുടമകൾ കാണിക്കുന്ന കുററകരമായ അനാസ്ഥയും അവ ഏറെറടുക്കുവാനുള്ള ആവശ്യകതയും ബഡ്ജററു പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വിദേശമൂലധനത്തിന്റെ അള്ളിപ്പിടിത്തത്തെസംബന്ധിച്ച് മാർക്സിസ്റ്റു സ്നേഹിതൻമാർക്ക് പറയാനുണ്ടാകും. അവരുടെ ഭാഷയിൽത്തന്നെ പ്രതിലോമശക്തികളായ മുസ്ലിംലീഗും കേരളാ കാൺഗ്രസും ഉൾപ്പെട്ട ഗവൺമെന്റ് ഈ നടപടിയെടുക്കുമ്പോൾ അവർക്കു നിഷേധിക്കാമോ? വിദേശതോട്ടങ്ങൾ ദേശസാൽക്കരിക്കുന്നതുമൂലം ബ്രിട്ടീഷ് മുതലാളിമാരെ സഹായിക്കുന്നതിനുള്ള നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നതെന്നൊക്കെ മാർക്സിസിററുകാർ പറഞ്ഞിട്ടുള്ളത് സങ്കടകരമാണ് എന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. വിദേശമൂലധനത്തിനുവേണ്ടി ഇപ്രകാരം നാണംകെട്ടകുഴലൂത്തു നടത്തുവാൻ മററാർക്കു കഴിയും. ഇൻഡ്യൻ കുത്തകമുതലാളിമാർക്കെതിരായി ഉള്ള സമരം അട്ടിപ്പേറായി വച്ചിരിക്കുന്ന മാർക്സിസ്റ്റുപാർട്ടി അതിനു വേണ്ടത്ര ശക്തിയില്ല, ഊക്കില്ല; എന്ന് മാർക്സിസ്റ്റുസ്നേഹിതൻമാർ അവരുടെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇൻഡ്യയിൽ താൻ ബന്ധപ്പെട്ടിട്ടുള്ള സംസ്ഥാന മുഖ്യമന്ത്രിമാരിൽ യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ആളും നീതിമാനും കേരളത്തിൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇം. എം. എസ്. നമ്പൂതിരിപ്പാട് ആണെന്ന് സാക്ഷാൽ ബർളായിൽ നിന്നു സർട്ടിഫിക്കററ് വാങ്ങിയിട്ടുള്ള ആളുകൾ ഇതൊക്കെ പറയുന്നത് അപഹാസ്യമാണ്. ഈ അടുത്ത സന്ദർഭത്തിൽ മാർക്സിസ്റ്റു നേതാവ് ബംഗാളിലെ ഉപമുഖ്യമന്ത്രി ജ്യോതിബാസു നടത്തിയ പ്രവർത്തനങ്ങൾ എന്താണെന്നു ഞങ്ങൾക്കറിയാം. ബർളായുടെ വീട്ടുപടിക്കൽ കുത്തുയിരുപ്പുസത്യാഗ്രഹം നടത്തിയത് ജ്യോതിബാസു അല്ലേ? എന്നു ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ മാർക്സിസററുസുഹൃത്തുക്കൾ മുസ്ലിം ലീഗുകാരും കേരളാകാൺഗ്രസുകാരും സ്ഥാപിത താല്പര്യങ്ങൾ പ്രതിനിധീകരിക്കുന്നുവെന്നു പറഞ്ഞു നടക്കുകയും ആ മുസ്ലിംലീഗും കേരളാ കാൺഗ്രസ്സുകാരും ഉൾപ്പെട്ട ഗവൺമെന്റ് ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുമ്പോൾ അതിനെ മറെറാരു വിധത്തിൽ വ്യാഖ്യാനിക്കുകയും ചെയ്യുന്നത് ശരിയല്ലെന്ന് പറയുക

യാണ്. ഈ കേരളത്തിലെ ജനങ്ങൾ വളരെയേറെ പ്രതീക്ഷാപൂർവ്വം കാത്തിരിക്കുന്ന ഭൂപരിഷ്ക്കരണനിയമത്തെ സംബന്ധിച്ചിടത്തോളം ചില പരാമർശനങ്ങൾ ഉണ്ടായി. അച്യുതമേനോൻ ഗവൺമെൻറ് ഈ നിയമം നടപ്പാക്കികഴിഞ്ഞിട്ടുണ്ട്. ഇന്നലെ ഈ വിഷയത്തെ സംബന്ധിച്ച് ഇവിടെ പ്രസംഗിച്ച ശ്രീമതി ഗൗരി ഈ നിയമം നടപ്പാക്കുന്നതിനു സാധിക്കുകയില്ലെന്നു പറഞ്ഞു. അതിന് അവർ പറയുന്നത് ജൻമിത്വത്തെ പ്രതിനിധീകരിക്കുന്ന മുസ്ലിംലീഗും കേരളാകാൺഗ്രസ്സും അധികാരത്തിൽ ഉണ്ട് എന്നുള്ളതുകൊണ്ട് ഈ നിയമം നടപ്പാക്കുന്നതിന് ഈ ഗവൺമെൻറിനു സാധിക്കുകയില്ലെന്നുള്ളതാണ്. ഈ നിയമം നടപ്പാക്കുന്ന മാർഗ്ഗത്തിൽ അക്രമവും ഭീഷണിയും ഉപയോഗിച്ച് തടസ്സപ്പെടുത്തുകയും നിയമവിരുദ്ധമായ വളച്ചുകെട്ടലുകളും തേങ്ങായിടീലും നടത്തി തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ട് അതുവഴി ജൻമിത്വം സംരക്ഷിച്ചുകൊടുക്കുന്ന മാർക്സിസ്റ്റുപാർട്ടിയിൽപ്പെട്ട ആളുകൾക്ക് ഇത്തരത്തിൽ ഉള്ള വാദഗതികൾ ഉന്നയിക്കാനേ സാധിക്കുകയുള്ളൂവെന്നുപറയുവാൻ ഞാനാഗ്രഹിക്കുന്നു. സർ, മാർക്സിസ്റ്റുപാർട്ടിയുടെ ശക്തികേന്ദ്രമായ പശ്ചിമബംഗാളിൽ ഇന്നേവരെ ഭൂനിയമം കൊണ്ടുവന്നിട്ടില്ല. അവിടത്തെ ഊക്കൻ ജൻമിയെ അനുകൂലിക്കുന്നതിനുവേണ്ടി, ആ ജൻമിയുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ആണ് അവിടത്തെ പോലീസിന്റെ സേവനംപോലും അഭ്യന്തരവകുപ്പുമന്ത്രി ജ്യോതിബാസു ഉപയോഗിക്കുന്നതെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. ഈ അടുത്തദിവസംതന്നെ പശ്ചിമബംഗാളിൽ പർഗാനാ ജില്ലയിലെ ചാന്തുപൂർ പ്രദേശത്ത് മാർക്സിസ്റ്റു ഊക്കൻ ജൻമിയുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനു ജ്യോതിബാസുവിന്റെ പോലീസിനെ ഉപയോഗിക്കുകയുണ്ടായിയെന്നു പത്രങ്ങളിൽ പ്രസ്താവനയുണ്ടായിരുന്നു. ആറുപേർ കൊല്ലപ്പെടുകയും പതിനേഴുപേർക്കു പരിക്കേൽക്കുകയുമുണ്ടായി.

സർ, ഇന്നു സംസ്ഥാനത്തെ അഭിമുഖീകരിക്കുന്ന നക്സലൈററു പ്രവർത്തനത്തെക്കുറിച്ചു പറയുമ്പോൾ അത് ഈ സംസ്ഥാനത്തിന്റെ പരിധിയിൽ മാത്രം ഒതുങ്ങിനിൽക്കുന്ന കാര്യമാണെന്ന് എനിക്കഭിപ്രായമില്ല. പശ്ചിമബംഗാളിൽ നിന്നുതുടങ്ങി ശ്രീകാകുളംവഴി കേരളത്തിന്റെ പല ഭാഗങ്ങളിലും നക്സലൈററ് ശല്യം അനുഭവപ്പെടുന്നുണ്ട്. പുൽപ്പള്ളിയിൽ ഉണ്ടായി, കുററിയാടിയിൽ ഉണ്ടായി, ഏററവും ഒടുവിൽ തിരുനെല്ലിയിൽ ഉണ്ടായി. കേരളത്തിൽത്തന്നെ നാലുതരത്തിലുള്ള നക്സലൈററ് പ്രവർത്തകർ ഉണ്ട്. നക്സലൈററ് പ്രവർത്തനങ്ങളുടെ മുഴുവൻ ഉത്തരവാദിത്വവും വഹിക്കേണ്ടത് മാർക്സിസ്ററു പാർട്ടിയാണ്.

പാർലമെൻററി ജനാധിപത്യത്തിൽ വിശ്വാസം നശിച്ചുവെന്നും സമാധാനപരമായ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതില്ലെന്നും വിപ്ലവമാർഗ്ഗത്തിൽക്കൂടിമാത്രമേ ജീവിതമുള്ളൂവെന്നും ഉള്ള ചിന്താഗതി പാർട്ടിയണികളിലങ്കുരിപ്പിച്ചു എന്നുള്ളതിന്റെ രാഷ്ട്രീയമായ ഉത്തരവാദിത്വം ഏറെറടുക്കേണ്ടത് മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടിയാണ്. നാലോളം നക്സലൈററ് ഗ്രൂപ്പുകൾ ഉണ്ട്. ഇന്ന് അറിയപ്പെടുന്ന നക്സലൈററ് ഗ്രൂപ്പുകളിൽ പ്രവർത്തിക്കുന്നവർ, മാർക്സിസ്ററുപാർട്ടി ചൈനീസ് നയം സ്വീകരിച്ച ശേഷം ആ പാർട്ടിയിൽ പ്രവർത്തിച്ചിരുന്നവരാണ്. കെ. പി. ആർ. ഗോപാലനായാലും കുന്നിക്കൽ നാരായണനായാലും കെ. പി. നാരായണനായാലും കോസലരാമദാസായാലും എല്ലാം മാർക്സിസ്ററുപാർട്ടിയിൽ പ്രവർത്തിച്ചിരുന്നവരാണ്. കാനുസന്യാൽ, ചാരുമജുംദാർ മുതലായവരാണെങ്കിൽ മാർക്സിസ്ററുപാർട്ടിയിലെ പ്രമുഖൻമാരായ തിയറിട്ടീഷ്യൻസായിരുന്നു. വയനാട്ടിൽ കൊല്ലപ്പെട്ട വർഗ്ഗീസ് മാർക്സിസ്ററുപാർട്ടിയുടെ വടക്കേവയനാട് സെക്രട്ടറിയായിരുന്നു. കുന്നിക്കൽ നാരായണൻ മാർക്സിസ്ററുപാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

യിലെ പ്രമുഖനേതാവായിരുന്നു. 1965-ൽ നടന്ന തിരഞ്ഞെടുപ്പിൽ മാർക്സിസ്ററുപാർട്ടി എന്നെ സഹായിച്ചിരുന്ന സന്ദർഭത്തിൽ മാർക്സിസ്ററുപാർട്ടിയുടെ കേരളാതിരഞ്ഞെടുപ്പുകമ്മിററിയുടെ വൈസ്ചെയർമാനായിരുന്നു അദ്ദേഹം. ഞാൻ ഇത് ഇവിടെ ഓർമ്മിപ്പിക്കുന്നത്, നക്സലൈററ് ശല്യത്തിൻെറ ഉത്തരവാദിത്വം മാർക്സിസ്ററുപാർട്ടി വഹിക്കേണ്ടതാണെന്നും പ്രതിക്കൂട്ടിൽ നിൽക്കുന്നത് മാർക്സിസ്ററുപാർട്ടിയാണെന്നും വ്യക്തമാക്കാനാണ്.

ശ്രീ. എം. വി. കുഞ്ഞാമ്പു: ഒരു ചോദ്യം.

ശ്രീ. പി. എം. അബൂബേക്കർ: സമയമില്ല; വഴങ്ങാൻ നിർവാഹമില്ല. കൂട്ടക്കൊലയും കൊള്ളിവെയ്പും കൊള്ളയും നടത്തുന്ന നക്സലൈററ് ഗ്രൂപ്പുകളുണ്ട്. ഈ രീതിയിലുള്ള നക്സലൈററ് ഗ്രൂപ്പിൻെറ പ്രവർത്തനത്തെ എല്ലാവരും അനുകൂലിക്കുന്നില്ല. അതിനെ എതിർക്കുന്ന നക്സലൈററ് ഗ്രൂപ്പുകൾ ഉൾപ്പെടെ എല്ലാപാർട്ടികളും ഒന്നിച്ച് ഈ ശല്യം ഒഴിവാക്കാൻ കൂടിയാലോചന നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വർഗീസ് സംഭവത്തെ സംബന്ധിച്ച് ഇവിടെ വിമർശനം നടന്നു. അതിനെപ്പററി ആധികാരികമായി പറയാനർഹതയുള്ള ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിക്ക് ആ പ്രശ്നം വിടാൻ ഞാനാഗ്രഹിക്കുകയാണ്.

പോലീസിൻെറ പ്രവർത്തനത്തെക്കുറിച്ച് രണ്ടുവാക്കുകൂടി പറയാതെ നിവൃത്തിയില്ല. ആ വകുപ്പിൻെറ പ്രവർത്തനം പൂർണ്ണമായും സുഗമമായി നടക്കുകയാണെന്ന് പറയാൻ കഴിയുകയില്ല. ഇപ്പോഴത്തെ ആഭ്യന്തരമന്ത്രി ആഭ്യന്തരമന്ത്രിയായ ഉടനെ ഒരു പ്രസ്താവനയിറക്കി; ഇ. എം. എസ്. ആഭ്യന്തരവകുപ്പിൻെറ ചുമതല വഹിച്ചിരുന്ന കാലത്തു പോലീസ് സ്റേറഷനുകളിൽ രണ്ടു കസേരകൾവീതം ഇട്ടിരുന്നു. ഒന്ന് സബ്ഇൻസ്പെക്ടർക്കും ഒന്നു മാർക്സിസ്ററുസഖാവിനും, അതിൽ ഒന്ന് എടുത്തുമാററി എന്ന് അദ്ദേഹം പറയുകയുണ്ടായി. പക്ഷേ പല പോലീസ്സ്റേറഷനുകളിലും ഇന്നും രണ്ടു കസേരവീതമുണ്ട് എന്നുള്ള വിവരം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. പഴയ ഭൂതത്തിൻെറ പേപിടിച്ച ആത്മാവ് ഇപ്പോഴും അവിടെയെല്ലാം ഉണ്ട്. അതിനെ ആവാഹിച്ചെടുക്കുന്ന ഹോമം ആഭ്യന്തരമന്ത്രി താമസിയാതെ നടത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ബഡ്ജററിൽ, പുതിയ കോർപ്പറേഷനുകൾ രൂപീകരിക്കുന്നതിനുള്ള പ്രവണത കാണുന്നുണ്ട്. പലർക്കും ഇതുസംബന്ധിച്ചു ഭയാശങ്കകളുണ്ട്. പ്രത്യേകിച്ചും വനം കോർപ്പറേഷൻെറ കാര്യത്തിൽ. മുൻപൊരിക്കൽ ഈ സഭയിൽ ഞാൻ പറഞ്ഞതുപോലെ, വനംകോർപ്പറേഷൻ രൂപീകരിച്ച് കാടു കയറാൻ ഇടയാകരുത്.

വ്യവസായവത്ക്കരണത്തിനുവേണ്ടി സംസ്ഥാനഗവൺമെൻറ് ചില പുതിയ നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ഇതിലെ പ്രായോഗികപരിപാടികൾ വ്യവസായരംഗത്തിൻെറ മുഖച്ഛായ മാററുന്നതിന് സഹായകമാകുമെന്നാണ് ഈ ബഡ്ജററിൽനിന്നും കാണാൻ കഴിയുന്നത്. ഏററവും പ്രധാനപ്പെട്ട കാര്യം കോഴിക്കോട്ടെ ഇരുമ്പയിരുനിക്ഷേപം ഉപയോഗപ്പെടുത്തത്തക്കവണ്ണം സ്ററീൽ കോപ്ളക്സ് സ്ഥാപിക്കുകയെന്നതാണ്. ജിയോളജിക്കൽ സർവെ കമ്പനി സർവേ നടത്തുന്നുവെന്നാണ് മനസ്സിലാക്കുന്നത്. സർവെ കഴിയുന്നതും വേഗം പൂർത്തിയാക്കി പ്രോജക്ററ് ആരംഭിക്കുന്നതിനുവേണ്ട നടപടികൾ കാലതാമസംകൂടാതെ ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കോഴിക്കോട്ട് വിമാനത്താവളമുണ്ടാക്കുന്ന പ്രശ്നമാണ് അടുത്തത്. കേന്ദ്രഗവൺമെൻറ് അതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ മനസ്സിലാക്കുന്നത്. സ്ഥലമെടുപ്പിന്റെ കാര്യം നീണ്ടുനീണ്ടു പോകുന്നതുകൊണ്ടാണ് അതു നടപ്പാക്കാത്തത്. അതുകൊണ്ടു സ്ഥലമെടുപ്പിന്റെ കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

സോപ്പിന്റെയും ഐസിന്റെയുംമേൽ ചുമത്തിയിട്ടുള്ള നികുതികൾ പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ, സാധാരണക്കാരനെ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കും. അതു സ്വർണ്ണം, വെള്ളി ഇവകൊണ്ടുനിർമ്മിക്കുന്ന ആഭരണങ്ങളുടെ മേലുള്ള നികുതിനിർദ്ദേശങ്ങൾ പ്രായോഗികമാണെന്ന് എനിക്കു വിശ്വാസമില്ല. ഈ സംസ്ഥാനത്ത് 15 ശതമാനവും മദ്രാസിൽ 3 ശതമാനവും നികുതിയായാൽ ഒരു പവൻ വാങ്ങുന്നതിന് ഈ സംസ്ഥാനത്ത് 22½ രൂപ അധികം കൊടുക്കണം. അങ്ങനെ വന്നാൽ ഈ വ്യാപാരം അയൽസംസ്ഥാനത്തേയ്ക്കു മാറിപ്പോകും. 15 ശതമാനം നികുതി നിലനിർത്തിയാൽ ഇപ്പോൾ കിട്ടുന്ന നികുതിതന്നെ ഇല്ലാതാകും. കെട്ടിടങ്ങളുടെമേൽ നികുതി ചുമത്തിയിട്ടുള്ളതിന്റെ പരിധി കുറേക്കൂടി വർദ്ധിപ്പിക്കണം. ഉണക്കമീൻ നികുതിയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ഉണക്കച്ചെമ്മീൻ ഒഴിവാക്കപ്പെട്ടിട്ടില്ല. ഉണക്കമീനിന്റെ നിർവചനത്തിൽ ഉണക്കച്ചെമ്മീൻ എന്തുകൊണ്ടുൾപ്പെട്ടിട്ടില്ല. എന്നു മനസ്സിലാകുന്നില്ല.

പിന്നോക്കസമുദായക്കാർക്കുവേണ്ടിയുള്ള റിസർവേഷനെ പിൻവാതിലിൽക്കൂടി തകർക്കാനുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ട്. പിന്നോക്കസമുദായക്കാർക്കുവേണ്ടിയുള്ള ആനുകൂല്യങ്ങൾ ഒരുകൈകൊണ്ട് കൊടുത്തിട്ടു മറുകൈകൊണ്ട് എടുക്കുന്ന ഏർപ്പാട് ഉപേക്ഷിക്കണം.

ഉപധനാഭ്യർത്ഥനകൾ കൊണ്ടുവന്ന അവസരത്തിൽ വിദ്യാഭ്യാസവകുപ്പിലേയ്ക്ക് സ്കൂൾകെട്ടിടങ്ങൾക്കുവേണ്ടി ഒന്നേമുക്കാൽക്കോടി രൂപയുടെ സപ്ലിമെന്ററി ഡിമാൻഡ് കൊണ്ടുവന്ന ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശേഷൻ 1970-71 ലെ ബഡ്ജററിൽ ഇതിലേക്ക് 70 ലക്ഷം രൂപമാത്രം നീക്കിവെച്ചത് എങ്ങനെയാണെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. മലപ്പുറത്തുമാത്രം 600 സ്കൂളുകളുണ്ട്; അവയ്ക്കു കെട്ടിടമുണ്ടാക്കാൻ 2 കോടി രൂപയോളം വേണം. അതുകൊണ്ട് ഇതിലേയ്ക്കു ചുരുങ്ങിയത് 3 കോടി രൂപയെങ്കിലും വകയിരുത്തേണ്ടതായിരുന്നു. ഒരധ്യാപകനും വിദ്യാഭ്യാസ വിദഗ്ധനുംകൂടിയായ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശേഷൻ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം ഉപസംഹരിക്കുന്നു.

ശ്രീ. ഇ. ജോൺജേക്കബ്: സർ, ഞാൻ ഈ ബഡ്ജററിനെ സ്വാഗതം ചെയ്യുകയാണ്. ഇവിടെ ഡോ. ജോർജ് തോമസ് അദ്ദേഹത്തിന്റെ പ്രസംഗത്തിലൂടെ ഈ മന്ത്രിസഭയെ അഭിപ്രായവ്യത്യാസങ്ങൾകൊണ്ട് എങ്ങനെയെങ്കിലും മറിച്ചിടാനായിട്ടുള്ള ഒരു സംരംഭത്തിന്റെ തുടക്കമാണ് ഇട്ടത്. എന്തായാലും അദ്ദേഹത്തിന്റെ പിറകിൽ പത്തുപേരെങ്കിലും ഉണ്ടെങ്കിൽ അവരോട് അദ്ദേഹത്തിന് അധികം താമസിയാതെ, അദ്ദേഹത്തിന്റെ ഈ ശ്രമത്തിന് സമാധാനം പറയേണ്ടിവരും എന്നുമാത്രമേ അദ്ദേഹത്തെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നുള്ളു.

സർ, ഇന്ന് ഈ സംസ്ഥാനത്തെ ബാധിക്കുന്നതിൽ ഏററവും രൂക്ഷമായ പ്രശ്നം നമ്മുടെ നാട്ടിലെ തൊഴിലില്ലായ്മയാണ്. ഈ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടത് വ്യവസായവൽക്കരണമാണെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതിന് കാലതാമസം എടുക്കും. എന്നാൽ, അതിന് അടിത്തറപാകുന്നതിനുള്ള ചില കാര്യങ്ങൾ ഭാഗ്യവശാൽ ഈ ബഡ്ജററിലുണ്ട്. പക്ഷേ ഒരു കുറവ് ഞാൻ കാണുന്നത് ചൂണ്ടിക്കാണിക്കാം

LIBRARY ARCHIVES Kerala Legislative Assembly

ഈ വ്യവസായവൽക്കരണത്തിന് ഏററവും അത്യാവശ്യമായ ഒരു പദ്ധതിയാണ് ഇടുക്കി പദ്ധതി. ഇന്ന് ഇടുക്കി പദ്ധതിയുടെ പ്രധാനപ്പെട്ട പല ജോലികളും സ്തംഭനാവസ്ഥയിലാണ്. അതിനു പരിഹാരം കാണാതെ വ്യവസായവത്ക്കരണത്തെ സംബന്ധിച്ച് നമുക്ക് ആലോചിക്കാൻ പോലും സാധിക്കുകയില്ല. തീർച്ചയായും ഗവൺമെന്റ് അതിന്റെ പ്രാധാന്യം മനസ്സിലാക്കി, സമാധാനപരമായ അന്തരീക്ഷം തൊഴിലാളികളുടെയും കൺട്രാക്ടർമാരുടെയും ഇടയിൽ ഉണ്ടാക്കുന്നതിനു മുൻകൈയെടുത്ത് ഉടനെ പരിശ്രമിക്കുമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്.

പിന്നെ തൊഴിൽ രംഗത്തെ സംബന്ധിച്ചിടത്തോളമാണ്. നിർഭാഗ്യവശാൽ കാർഷികരംഗത്ത്, പ്രത്യേകിച്ചും കുട്ടനാട്ടിൽ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നുകഴിഞ്ഞശേഷം വളരെ അസ്വാസ്ഥ്യങ്ങൾ ഉണ്ടായി. പ്രതിപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർമാർ അനുകൂലിക്കുകയില്ലായിരിക്കാം. പക്ഷേ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിരാഷ്ട്രീയാടിസ്ഥാനത്തിൽ ഉണ്ടാക്കിയ ചില വിപ്ലവങ്ങളാണ് അവിടെ പൊട്ടിത്തെറിച്ചത് എന്നുമാത്രമേ പറയാനുള്ളൂ. തൊഴിലാളികൾക്കുവേണ്ടി പ്രവർത്തിക്കുമെന്നവകാശപ്പെടുന്ന എന്റെ ഈ സ്നേഹിതൻമാരോട് എനിക്കു പായാനുള്ളത്, കാർഷികരംഗത്ത് തീർച്ചയായും തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കണമെന്നാഗ്രഹമുണ്ടെങ്കിൽ അഭിപ്രായവ്യത്യാസങ്ങൾ ഒരു മേശയ്ക്കുചുററുമിരുന്ന് സമാധാനപരമായി പറഞ്ഞുതീർക്കാം. അല്ലാതെ ഏതെങ്കിലുമൊരു പാർട്ടിക്ക് കൂടുതൽ ശക്തിയുണ്ടെന്നുവിചാരിച്ച് ബാക്കിയുള്ളവരെ അടിച്ചമർത്തിക്കളയാം എന്നുള്ള സമീപനം നല്ലതല്ല. സമാധാനപരമായി തീർക്കാനുള്ള ഒരു സന്ദർഭം ഉണ്ടാക്കിത്തരുകയാണെങ്കിൽ ഞങ്ങളുടെ ഭാഗത്തുള്ളവർ, പ്രത്യേകിച്ചും കൃഷിക്കാരുടെ ഭാഗത്തുള്ളവർ അതിനു തയ്യാറായിരിക്കും.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടെ, അതോ സമയമില്ലായിരിക്കുമോ?

ശ്രീ. ഇ. ജോൺജേക്കബ്: ഇല്ല., സമയമില്ല. സർ, ഈ ബഡ്ജററിൽ കാണുന്ന ഒരു നല്ല കാര്യം കുട്ടനാടിന്റെ വികസനത്തിനുവേണ്ടി ഒരു കുട്ടനാടു ഡവലപ്പ്മെന്റ് അതോറിററി ഉണ്ടാക്കുകയെന്നുള്ളതാണ്. പല വർഷങ്ങളായി ഇതിനുവേണ്ടി കുട്ടനാട് ദാഹിക്കുകയാണ്. കുട്ടനാട്ടിലെ പിന്നോക്കപ്രദേശങ്ങളെ വികസിപ്പിക്കുവാൻ വളരെ സാധ്യതകളുള്ളതിനാൽ, വേണ്ട കാര്യങ്ങൾ സകലതും ചെയ്യാനുള്ള അധികാരവും പണവും വികസന അതോറിററിക്കു കൊടുക്കുകയാണെങ്കിൽ കുട്ടനാട് കേരളത്തിന്റെ പറുദീസയായി മാറുമെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. കേരളത്തിലെ ഏററവുംവലിയ പ്രശ്നം തൊഴിലില്ലായ്മയാണ്. ആ തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണാൻ ഉടനെതന്നെ ചെയ്യാവുന്ന കാര്യംകൂടിയാണ് രണ്ടുകൃഷിയിറക്കാൻ നടപടിയെടുക്കുകയെന്നത്. ഒരുപ്പൂനിലങ്ങൾ ഇരുപ്പൂനിലങ്ങളാക്കാനുള്ള പദ്ധതി ഉടനെ നടപ്പാക്കണം. ഗവൺമെന്റിന്റെ കൈവശം പദ്ധതിയുണ്ട്. അത് ഉടനെ നടപ്പാക്കുന്നതിനു വേണ്ട പരിശ്രമം ചെയ്യുകയാണെങ്കിൽ കുട്ടനാട്ടിലെ പ്രശ്നം പരിഹരിക്കാനും വളരെ ആശ്വാസമുണ്ടാക്കാനും കഴിയും. അതോറിററി എന്ന് കടലാസിൽ എഴുതിവച്ചാൽപോരാ, നടപ്പാക്കുന്നതിനുവേണ്ടത് ഈ ഗവൺമെന്റ് ഊർജ്ജിതമായി ചെയ്യണമെന്നുമാത്രമേ ഈ സന്ദർഭത്തിൽ പറയാൻ ഞാനാഗ്രഹിക്കുന്നുള്ളൂ.

പോലീസുമർദ്ദനത്തെപ്പററി ഇവിടെ ഒരുപാട്പറഞ്ഞു. ഞാൻ അതിനെക്കുറിച്ചൊന്നും വിമർശിക്കാനാഗ്രഹിക്കുന്നില്ല. നടന്നത് എന്താണെന്നുള്ള സത്യാവസ്ഥ ആളുകൾക്കറിയാം. ആരൊക്കെ ഘോരഘോരം പ്രസംഗിച്ചാലും

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾക്ക് ആശ്വാസമുണ്ടായിട്ടുണ്ടെന്നുള്ളത് മാർക്സിസ്റ്റ് പാർട്ടിയുടെ പിറകിൽ നിൽക്കുന്ന ആളുകൾപോലും സമ്മതിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

സർ, ഇക്കണോമിക്ക് റിവ്യൂവിൽ പറഞ്ഞിട്ടുള്ള ഒരു കാര്യത്തെപ്പററി പ്രത്യേകമായി ഈ ഗവൺമെൻറിന്റെ ശ്രദ്ധയാകർഷിക്കാൻ ഞാനാഗ്രഹിക്കുകയാണ്. പേജ് 64, പാരഗ്രാഫ് 9 ഞാൻ വായിക്കാം.

Wage revisions on the basis of bargaining power alone have not alway been conducive to the evolution of a rational wage policy. In a population plus economy like that of India, where large scale unemployment prevails, any employment represents a privilege which the large many do not enjoy. In such a social situation, any concessions forced out disproportionate to the current increases in the productivity are to that extent a forced income transer from unprivileged massess of people to the privileged minority".

സർ, ഇക്കാര്യം നാം പ്രത്യേകം ഓർക്കണമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇന്നു നടക്കുന്ന പല സമരങ്ങളും പ്രത്യേകിച്ച് ഗവൺമെൻറുദ്യോഗസ്ഥൻമാരുടെയിടയിൽ നടക്കുന്ന പല സമരങ്ങളും, ഇന്ന് അവർക്ക് അനുകൂലപരമായ സകലതും കിട്ടിക്കൊണ്ടിരുന്നിട്ടും അവർ ജോലിചെയ്യാതെ സത്യാഗ്രഹവും പിക്കററിംഗുമായി നടക്കുന്ന പ്രവണത തീർച്ചയായും നിറുത്താൻ ഈ ഗവൺമെൻറുവേണ്ട നടപടികൾ സ്വീകരിക്കണമെന്നപേക്ഷിക്കുകയും, ഇടുക്കി പദ്ധതിയുടെ പ്രവർത്തനം ഏററവും വേഗം നടപ്പിലാക്കുന്നതിനുവേണ്ടി എംപ്ലോയീസ് ലേബർ റിലേഷൻസ്ഷിപ്പ് ഈ ഗവൺമെൻറ് നിശ്ചയിക്കാൻ പോകുന്നത്, അതിനൊരു പരിഹാരം കാണണമെന്നും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, എന്റെ ഒരു നാട്ടുകാരനും ആത്മാർത്ഥ സ്നേഹിതനും എന്ന നിലയിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജററ് പ്രസംഗത്തെ അനുകൂലിച്ചാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ അതിന് സാധിക്കാതെ വന്നതിൽ എനിക്ക് വളരെയധികം കുണ്ഠിതമുണ്ട്. അനുമോദിക്കാൻ സാധിക്കാതെവന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ ഞാൻ കുററപ്പെടുത്തുന്നുമില്ല. കാരണം കഴിഞ്ഞ രണ്ടു മൂന്നു കൊല്ലക്കാലമായി നമ്മുടെ സംസ്ഥാനത്തിന്റെ ഭരണരംഗത്ത് വന്നിട്ടുള്ള ന്യൂനതകളുടെ പ്രതിഫലനമാണ് അദ്ദേഹത്തിന്റെ ബഡ്ജററ് പ്രസംഗത്തിൽ പ്രധാനമായിട്ടുള്ളത്. ചുരുങ്ങിയ കാലയളവിനുള്ളവിൽനിന്നുകൊണ്ട് ആ ന്യൂനതകൾ പരിഹരിക്കാൻ അദ്ദേഹം ശ്രമിച്ചിട്ടുമില്ല. അത് ഒട്ടുംതന്നെ ഫലവത്തായിട്ടില്ലെന്ന് ബഡ്ജററിലേക്ക് കടക്കുംമുൻപുതന്നെ നമുക്ക് കാണാൻ സാധിക്കും.

ബഡ്ജററിനെക്കുറിച്ചുള്ള വിമർശനം ഉണ്ടാകുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, നിർമ്മാണാത്മകവും ക്രിയാത്മകവുമായ വിമർശനങ്ങൾ ശ്രദ്ധയോടുകൂടികേട്ടിട്ട് ന്യൂനതകൾ പരിഹരിക്കാൻ ശ്രമിക്കണമെന്നാണ്. നിർഭാഗ്യവശാൽ അത്തരത്തിലുള്ള വിമർശനങ്ങൾ നടത്തേണ്ട, നിർദ്ദേശങ്ങൾ കൊടുക്കേണ്ട അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട സ്നേഹിതൻമാരിൽനിന്നും അത്തരത്തിലുള്ള വിമർശനങ്ങൾ ബഡ്ജററിനെക്കുറിച്ചുണ്ടായിട്ടില്ല. കേവലം ഒരു പോലീസ് ബഡ്ജററ് എന്നുള്ള നിലയിൽ ആണ് അപ്പുറത്തുള്ള വിമർശനങ്ങൾ കേൾക്കാൻ ഇടയായത്. ഈ സംസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമായ ഒരു സംഭവം എന്നുള്ള നിലയിൽ ഈ ബഡ്ജററിനെ വിലയിരുത്തേണ്ടതാണ്. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

വിലയിരുത്തുമ്പോഴാണ് എന്നെ സംബന്ധിച്ച് ഉൽക്കണ്ഠയുണ്ടായത്. നോൺപ്ലാൻ അക്കൗണ്ടിൽ 84 കോടി രൂപയുടെ കമ്മി കേന്ദ്രവിഹിതവും ഗ്രാൻറും തട്ടിക്കഴിച്ചാൽ നാലാം പദ്ധതിക്കാലത്തുണ്ടാകുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ വർഷം അവസാനിക്കുന്നത് 36 കോടി രൂപായുടെ കമ്മിയോടുകൂടിയാണ്. അപ്പോൾ 36 കോടി രൂപായുടെ ബാദ്ധ്യതയാണ് നമുക്കുണ്ടാകാൻ പോകുന്നത്. ഈ നിലയിൽ നമ്മുടെ ബഡ്ജററുകൾ മുന്നോട്ടുപോകുകയാണെങ്കിൽ നമ്മുടെ സ്റേറററിൻെറ സ്ഥിതി എന്തായിരിക്കും. ഇരുളടഞ്ഞ ഒരു സ്ഥിതിയാണ് നാം ഭാവിയിൽ കാണുന്നത്. രാജ്യത്തിൻെറ പുരോഗതിക്കും ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്കും ആവശ്യമായ ശ്രമങ്ങളൊന്നും പ്രകടമായിക്കണ്ടില്ല. നിർമ്മാണാത്മകമായ പ്രവർത്തനങ്ങൾ, നാട്ടിൻപുറങ്ങളിലുള്ള സാധാരണക്കാരൻെറ കാര്യത്തിൽ, അതായത് കൃഷിയുടെയും റോഡിൻെറയുമെല്ലാം കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വളരെയധികം ശ്രദ്ധവച്ചിട്ടുണ്ട്. ബഡ്ജററ് പരിശോധിച്ചാൽ അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പ്രവൃത്തിയിൽ കൊണ്ടുവരുന്ന രംഗത്താണ് ഉൽക്കണ്ഠയുള്ളത്. ഏതെങ്കിലും കാലത്തുനടന്നാൽ മതിയെന്നുള്ള ആത്മാർത്ഥമായ നീക്കം ഉണ്ട്. ഇതിൽ പദ്ധതികളുടെ പ്രവർത്തനത്തിനുവേണ്ടി ഉൾക്കൊള്ളിച്ചിട്ടുള്ള തുക ചെലവാക്കാൻ സാധിക്കുമെങ്കിൽ 23 കോടിരൂപ കൊണ്ടുമതിയാകുകയില്ല. ,നിരവധി കോടിരൂപ വേണ്ടിവരും. നമ്മുടെ സ്റേറററിൻെറ ധനസ്ഥിതി ഇന്ന് വളരെയധികം തകർന്നിരിക്കുകയാണ്. അതിനു പരിഹാരം കണ്ടെത്താൻകേന്ദ്രത്തിൻെറ സഹായം ആവശ്യപ്പെട്ടിരിക്കുകയാണ്. കേന്ദ്രം നമുക്കു തരേണ്ട വിഹിതം ശരിയായി തരുന്നതിന് ശക്തിയായി വാദിക്കാൻ ഞാൻ തയ്യാറാണ്. ഭരണഘടനയിൽ മാററംവരുത്തിക്കൊണ്ട് കേന്ദ്രവും സ്റേററുകളും തമ്മിലുള്ള ബന്ധം പുനസംഘടിപ്പിക്കാമെന്നുപറഞ്ഞാൽ അത് എളുപ്പത്തിൽ പ്രായോഗികമാകുകയില്ല. നമ്മുടെ പരിമിതമായ അധികാര പരിധിയിൽ നിന്നുകൊണ്ട് ഭരണഘടന എങ്ങിനെ പുന:സംഘടിപ്പിക്കാൻ സാധിക്കുമെന്നതിനെപ്പററി ചിന്തിക്കണം. അങ്ങനെ ചിന്തിക്കുമ്പോൾ മുൻകാലങ്ങളിലുള്ള സ്ഥിതിവിശേഷംകൂടികണക്കിലെടുക്കണം. 1967–70 ലെ ബഡ്ജററുകൾ കണക്കിലെടുക്കണം. അതായത് മൂന്നാം പഞ്ചവൽസരപദ്ധതിയുടെ കാലഘട്ടം. ആ കാലഘട്ടത്തിൽ ഈ സംസ്ഥാനത്തെ സംബന്ധിച്ച് വ്യാവസായികരംഗത്തായാലും സാമൂഹ്യപരിഷ്ക്കരണരംഗത്തായാലും മററുപല രംഗങ്ങളിലായാലുംശരി പുരോഗതി ഉണ്ടായിട്ടുണ്ടെന്നു കാണാം. മാർക്സിസ്ററ് ആധിപത്യത്തിൽ തയ്യാറാക്കിയിട്ടുള്ള, പ്ലാനിംഗ്ബോർഡിലെ വൈസ്ചെയർമാൻ ശ്രീ. ഹമീദാണെങ്കിൽപോലും, അദ്ദേഹം മോശമാണെന്നു ഞാൻപറയുന്നില്ല. ബഡ്ജററിൽ ചില നിർദ്ദേശങ്ങൾ വ്യക്തമായി കാണുന്നുണ്ട്. ആ കാലഘട്ടമാണ് നമ്മുടെ സ്റേറററിൻെറ ഏററവും നല്ല കാലഘട്ടം. ഭരണരംഗത്തും, വ്യാവസായികരംഗത്തും ചെലവുകൾ ചെയ്തിട്ടും, വാർദ്ധക്യകാല പെൻഷനും, വിധവാ പെൻഷനുമെല്ലാം കൊടുത്തിട്ടും ഒരു മിച്ച ബഡ്ജററുണ്ടാക്കാൻ സാധിച്ചുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കേന്ദ്രത്തിൻെറ നികുതി വിഹിതം മുൻകൊല്ലങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണെന്നുകാണാൻ സാധിക്കും. എനിക്ക് പത്തുമിനിട്ട് സമയം മാത്രമേ അനുവദിച്ചിട്ടുള്ളു, അതുകൊണ്ട് കൂടുതലായിട്ടൊന്നും തന്നെ ഞാൻ അക്കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. അതല്ലെങ്കിൽ അതിനെപ്പററിയല്ലാം വിശദീകരിക്കാമായിരുന്നു.

നമ്മുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിന് രണ്ടുനിലയിൽ മാത്രമേ സാധിക്കുകയുള്ളു. ഒന്ന് ഭരണച്ചെലവിൽ വരുന്ന പാഴ്ചെലവുകൾ നിയന്ത്രിക്കുക. രണ്ട്, പദ്ധതിപ്രവർത്തനങ്ങളിൽ വരുന്ന പാഴ്ച്ചെലവുകളും ഭരണരംഗത്തുള്ള അനാവശ്യച്ചെലവുകളും നിയന്ത്രിക്കുക. അങ്ങനെ നിയന്ത്രിക്കാൻ ഗവൺമെൻറ് ഒരു വിദഗ്ധക്കമ്മിററിയെ നിയോഗിക്കണമെന്നാണ് എനിക്കു

LIBRARY ARCHIVES Kerala Legislative Assembly

പറയുവാനുള്ളത്. വെള്ളോടിക്കമ്മിററിയുടെ റിപ്പോർട്ട് നമ്മുടെ സഭയുടെ മുമ്പാകെയുണ്ട്. വളരെ ചുരുങ്ങിയ കാലയളവിൽ തയാറാക്കിയ റിപ്പോർട്ടാണ് അത്. വെള്ളോടിക്കമ്മിററി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതിൽ നിന്നുംവളരെ മുന്നോട്ടുപോയിട്ടുള്ള വളരെ വ്യത്യാസപ്പെട്ട കാലാവസ്ഥയാണ് ഇന്നുള്ളത്. ആ നിലയിൽ ഇത് എങ്ങിനെ കൈകാര്യം ചെയ്യാം.

അതുപോലെതന്നെ നോൺടാക്സ് റവന്യൂ എങ്ങനെ വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും, നോൺ ഡവലപ്പ്മെൻറൽ എക്സ്പെൻഡിച്ചർ എങ്ങനെ നിയന്ത്രിക്കാൻ സാധിക്കുമെന്നുള്ളതിനെപ്പററി നോക്കേണ്ടതാണ്. നോൺ ടാക്സ് റവന്യൂ വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തണം. അതിനുവേണ്ടി ആത്മാർത്ഥമായ ശ്രമം നടത്തണം, അതോടൊപ്പം തന്നെ നോൺഡവലപ്പ്മെൻറൽ എക്സ്പെൻഡിച്ചർ കുറയ്ക്കുന്നതിനുള്ള ശ്രമവും നടത്തണം. നമ്മുടെ സംസ്ഥാനത്ത് വ്യവസായത്തിൻെറ കാര്യത്തിൽ കാര്യമായിപുരോഗതിയുണ്ടായിട്ടില്ല. മുതലിറക്കിയ വ്യവസായങ്ങളിൽനിന്നും നമുക്ക് കാര്യമായ ആദായംകിട്ടേണ്ടതാണ്. വ്യവസായത്തിൻെറ സ്ഥിതി ഇവിടെ തന്നിട്ടുള്ള ഇൻഡക്സ് വച്ചുനോക്കിയാൽ കാണാം. മനുഷ്യനെ ഞെട്ടിപ്പിക്കുന്ന കാര്യമാണ് അത്. എക്കണോമിക്ക് റവന്യൂവിലെ 29—ാം പേജിൽ പറയുന്നത് എന്താണെന്ന് നോക്കുക. വ്യവസായത്തിനുവേണ്ടി മുടക്കിയിട്ടുള്ള പണത്തിൽ നിന്നും അതിലെ തൊഴിലാളികൾക്ക് വെറുതേ ശമ്പളവും മററും കൊടുത്തിട്ട് ബാക്കിയുള്ള പൈസ ബാങ്കിൽ നിക്ഷേപിച്ചിരുന്നുവെങ്കിൽ ഇതിനെക്കാൾ ആദായകരമായിരുന്നേനെ. നമ്മുടെ വ്യവസായമന്ത്രി വളരെ ആത്മാർത്ഥതയോടുകൂടി ശ്രമിക്കുന്ന ആളാണെന്നും ഇനിയും ശ്രമിക്കുമെന്നും നമുക്കെല്ലാം അറിയാം. വ്യാവസായിക രംഗത്ത് നമ്മുടെ കഴിവുകൾ ഉപയോഗിച്ച് കാര്യമായ രീതിയിൽ പ്രവർത്തിച്ചാൽ നോൺ ടാക്സ് റവന്യൂവർദ്ധിപ്പിക്കാൻ സാധിക്കും. നോൺ ഡവലപ്പ്മെൻറൽ എക്സ്പെൻഡിച്ചർ കുറയ്ക്കേണ്ടത് പ്ലാനിംഗിൻെറ നടത്തിപ്പിനെ സംബന്ധിച്ചാണ്. പബ്ലിക്ക് അക്കൗണ്ട്സ് കമ്മിററി റിപ്പോർട്ട്സമർപ്പിച്ചിട്ടുള്ളത് സൂക്ഷ്മമായി പഠിക്കണം. ഈ സെക്രട്ടേറിയററിൽ ഫയൽ കൈകാര്യം ചെയ്യുന്നതിൽ ഉണ്ടാകുന്ന കാലതാമസംകൊണ്ട് ലക്ഷക്കണക്കിന് രൂപ നഷ്ടപ്പെടുകയാണ്. എസ്ററിമേററ് തയ്യാറാക്കി ടെക്ക്നിക്കൽ സാംഗ്ഷനും അഡ്മിനിസ്ട്രേററീവ് സാംഗ്ഷനും കിട്ടിവരുമ്പോൾ ആ പദ്ധതിക്ക് ചെലവു ചെയ്യാൻ ഉദ്ദേശിച്ചിരുന്നതിനേക്കാൾ എത്രയോ ഇരട്ടി തുകയാണ് കൂടുതലാകുന്നത്. ഈ കാലതാമസം ഒഴിവാക്കി ഭരണരംഗത്തുള്ള ചെലവുകൾ കുറയ്ക്കാനുള്ള ആത്മാർത്ഥമായ നീക്കം വേണം. കേന്ദ്രത്തിൽ നിന്നും നമുക്ക് കൂടുതൽ വിഹിതം തരണമെന്നുള്ളകാര്യത്തിൽ ഒരു തർക്കവുമില്ല. വാസ്തവത്തിൽ നമ്മുടെ സ്റേററിനെ സംബന്ധിച്ചിടത്തോളം കേന്ദ്രത്തിൽ നിന്നും കൂടുതൽ സഹായം തരേണ്ടതാണ്. അഞ്ചാം ധനകാര്യകമ്മീഷൻ മുൻപാകെ കൊടുത്ത മെമ്മോറാണ്ടം വായിച്ചുനോക്കിയാൽ നമുക്ക് വളരെ ക്ഷീണം സംഭവിച്ചിട്ടുണ്ടെന്ന്കാണാം. മൊത്തത്തിലുള്ള നികുതിയുടെ പകുതികിട്ടണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. യഥാർത്ഥമായ ഗ്രാൻറുമായി തട്ടിച്ചുനോക്കുമ്പോൾ ഏതാണ്ട് അതുവരെയെത്തുന്നു. നമുക്ക് നമ്മുടെ സ്റേററിനെ സഹായിക്കാൻ കേന്ദ്രത്തോട്ആവശ്യപ്പെടേണ്ടത് നോൺടാക്സ്റവന്യൂ വർദ്ധിപ്പിക്കാൻ ഉള്ള സാഹചര്യമാണുള്ളത്. കോഴിക്കോട്ടുതന്നെ ഇരുമ്പ് ഉരുക്ക് വ്യവസായത്തെ സംബന്ധിച്ചിടത്തോളമുള്ള കാര്യം പറഞ്ഞു. ഈ സംസ്ഥാനത്തെ ജനങ്ങൾ ഒന്നായിഅക്കാര്യത്തിൽ ശബ്ദം ഉയർത്താൻ തയ്യാറാണ്. പക്ഷേ അത് കരുണാകരൻ പറഞ്ഞു, അല്ലെങ്കിൽ ഡോക്ടർ ജോർജുതോമസ് പറഞ്ഞുവെന്നുവിചാരിച്ച് നമ്മുടെ മാർക്സ്സിററ് സ്നേഹിതൻമാർ എതിർക്കുമോയെന്നറിഞ്ഞുകൂടാ. വ്യാവസായികരംഗത്തിൻെറ കാര്യത്തിൽ കേരളത്തിന് പ്രത്യേകമായ പരിഗണന കിട്ടണമെന്നു ശക്തിയായി ഒരേ സ്വരത്തിൽ ശബ്ദമുയർത്തു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനും ഇക്കാര്യത്തിൽ ഈ ഗവൺമെന്റിന് പരിപൂർണ്ണപിന്തുണ നൽകുന്നതിനും ഞാനും എന്റെ പാർട്ടിയും തയ്യാറാണ്. കപ്പൽ നിർമ്മാണകേന്ദ്രത്തിന്റെ കാര്യത്തിൽ ഒട്ടും കാലതാമസം ഉണ്ടാക്കരുതേയെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതെല്ലാം ഉണ്ടായാൽ തൊഴിൽ സാദ്ധ്യത വർദ്ധിക്കുന്നതിനും, വരുമാനം ഉണ്ടാക്കുന്നതിനും സാധിക്കുന്നതാണ്.

എനിക്ക് മററൊരു കാര്യം പ്രത്യേകമായി ചൂണ്ടിക്കാണിക്കാനുള്ളത് ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള സംഖ്യകൾ ചെലവാക്കുന്ന കാര്യങ്ങളെസംബന്ധിച്ചാണ്. തൃശൂരിലെ കോൾ നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുവേണ്ടി ഒരു പദ്ധതി ഇതിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ കോൾനിലങ്ങൾ വികസിപ്പിക്കാൻ വേണ്ടിയും കാർഷികവികസനത്തെപ്പററിയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കഴിഞ്ഞകൊല്ലത്തെ ബഡ്ജററിൽ കുട്ടനാട്ടിലെ കോൾ നിലങ്ങളെപ്പററി പറഞ്ഞിരുന്നുവെങ്കിൽ ഈ കൊല്ലത്തെ ബഡ്ജററിൽ തൃശൂരിലെ കോൾ നിലങ്ങളെപ്പററി പറഞ്ഞിരിക്കുകയാണ്. ചില വ്യത്യാസം മാത്രമേയുള്ളു. തൃശൂരിലും പാലക്കാട്ടും ബണ്ട് നിർമ്മിക്കുന്നതിനുവേണ്ടി ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞകൊല്ലം മുപ്പതിനായിരംഏക്കർ കോൾനിലം കുട്ടനാട്ടിൽ കൃഷിയോഗ്യമാക്കുമെന്ന് പറഞ്ഞിരുന്നു. എന്നാൽ ഇതിനുവേണ്ടി നീക്കിവയ്ക്കുന്ന സംഖ്യയിൽ ഒരു പൈസപോലും ചെലവാക്കിയിട്ടില്ല. കഴിഞ്ഞകൊല്ലം നീക്കിവച്ചിട്ടുള്ള അതേ സംഖ്യതന്നെയാണ് ഇക്കൊല്ലവും ഈ രംഗത്തു നീക്കിവച്ചിട്ടുള്ളത്. കാർഷികരംഗത്തായാലും മററുള്ള ഏതു രംഗത്തായാലും ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സംഖ്യ കാലാകാലങ്ങളിൽ ചെലവാക്കിയാൽ മാത്രമേ മുതലിറക്കിയ സംഖ്യതിരിച്ചുകിട്ടുകയുള്ളു. ഇന്നത്തെ നിലയിൽ മുതലിറക്കുന്ന സംഖ്യ പാഴ്ചെലവായിപോയിട്ട്, തിരിച്ചുള്ള വരുമാനം ഈ നിലയിൽ തുടരാൻ പോകുകയാണെങ്കിൽ രക്ഷയില്ല. തൊഴിലില്ലായ്മയേക്കുറിച്ച് ഒരു കാര്യം കൂടിപറയാൻ ഞാനാഗ്രഹിക്കുകയാണ്. തൊഴിലില്ലായ്മയെക്കുറിച്ച് കഴിഞ്ഞകൊല്ലം പറഞ്ഞിട്ടുള്ള അതേ കാര്യങ്ങൾ തന്നെയാണ് ഈ വർഷവും പറഞ്ഞിരിക്കുന്നത്. അതിൽ വാക്കുകളുടെ വിത്യാസം മാത്രമേയുള്ളു. കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽ പറഞ്ഞിട്ടുള്ളത് Government have formulated a scheme for the conversion of the Industrial Institutes in the State into Production-cum-Training Centres, so that the trainees could be gainfully employed while under training and develop the potentiality for self employment എന്നാണ്. ഈ കൊല്ലത്തെ ബഡ്ജററിൽ അതിനെപ്പററി പറയുന്നത് സാങ്കേതിക പരിജ്ഞാനമുള്ളവർക്ക് സ്വന്തമായി വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകളിൽനിന്നും മററും സഹായം ലഭിക്കുന്നതാണ്. അടുത്തവർഷത്തിൽ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്ന ചില പരിപാടികൾക്കായി ടോക്കൺ സംഖ്യ ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്. സാങ്കേതിക പരിജ്ഞാനമുള്ള തൊഴിൽ രഹിതരുടെ ഉന്നമനത്തിനുവേണ്ടി വ്യവസായ പരിശീലന സ്ഥാപനങ്ങളോടനുബന്ധിച്ച് ഉൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള പദ്ധതിയുടെ കാര്യംതന്നെയാണ് ഇപ്പോഴുമുള്ളത്. സാങ്കേതികപരിശീലനം ലഭിച്ചിട്ടുള്ള ഇൻജിനീയറിംഗും മെഡിക്കലും രംഗത്തുള്ളവർക്ക് തൊഴിൽ കൊടുക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇന്ന് സർക്കാർ സ്വകാര്യ കൺട്രാക്ടറൻമാർക്കാണ് വർക്കുകൾ കോൺട്രാക്ടു കൊടുക്കുന്നത്. അത് മാററിയിട്ട് ഗവൺമെന്റു ലെവലിലുള്ള വർക്കുകൾ ഇൻജിനീയറൻമാരുടെ സഹകരണസംഘങ്ങൾക്ക് കൊടുക്കേണ്ടതാണ്. അവർക്ക് കാഷൻ മണി തുടങ്ങിയ കാര്യത്തിൽ കൺസഷൻ കൊടുക്കണം. അതുപോലെതന്നെ റേററിന്റെ കാര്യത്തിലും കൺസഷൻ കൊടുക്കണം. അങ്ങിനെയാണെങ്കിൽ അവർ സജീവമായും കാര്യക്ഷമമായും പ്രവർത്തിക്കുമെന്നാണ് എന്റെ വിശ്വാസം. സമയമില്ലാത്തതുകൊണ്ട് സാങ്കേതികമായ കാര്യത്തെപ്പററി പറയാൻ ഞാൻ ഇപ്പോൾ മുതിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അടുത്തതായി എനിക്കു പറയാനുള്ള ഒരു കാര്യം നികുതി നിർദ്ദേശത്തെ സംബന്ധിച്ചാണ്. നികുതിനിർദ്ദേശത്തിന്റെ പരമാവധിയെടുത്തിട്ടുണ്ട്. ഇല്ലെന്നല്ല ഞാൻ പറയുന്നത്. നികുതി കൊടുക്കാൻ കഴിവുള്ള ആളുകളിൽനിന്നും നികുതി ഈടാക്കുകയെന്നുള്ളത് സ്വാഗതാർഹമായ കാര്യംതന്നെയാണ്. സ്വർണ്ണത്തിന് നികുതി ഈടാക്കാനുള്ള നിർദ്ദേശത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. കാരണം സ്വർണ്ണം ഉപയോഗിക്കുന്നത് ദരിദ്രരല്ല, സാമ്പത്തികമായി കഴിവുള്ളവരാണ്. അതുകൊണ്ട് സ്വർണ്ണത്തിന് നികുതി ഏർപ്പെടുത്തുന്നതിൽ തെറ്റില്ല. പക്ഷെ അതിലൊരു അപാകതയുള്ളത് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. കേരളത്തിൽ മാത്രം സ്വർണ്ണത്തിന് വിൽപനനികുതി വർദ്ധിപ്പിച്ചു കഴിഞ്ഞാൽ ഇവിടെയുള്ളവർ സ്വർണ്ണം വാങ്ങുന്നതിന് കോയമ്പത്തൂരും അടുത്തുള്ള സംസ്ഥാനങ്ങളിലും പോകും. തൃശൂരിലുള്ള ഒരാളിന് രണ്ടു പവൻ വാങ്ങിക്കണമെങ്കിൽ ഒരു കാറുമെടുത്ത് കോയമ്പത്തൂരിൽ പോയാലും നഷ്ടംവരികയില്ല. പെട്രോൾ മാത്രമേ നഷ്ടപ്പെടുകയുള്ളു. ഇങ്ങനെയുള്ള നികുതികൾ ഏർപ്പെടുത്തുന്നതിനുമുമ്പു ഇതിനെപ്പറ്റി അയൽ സംസ്ഥാനങ്ങളുമായി ആലോചിച്ച് വേണ്ട തീരുമാനം എടുക്കേണ്ടതാണ്. കഴിവുള്ള ആളുകളിൽനിന്നും നികുതി പിരിക്കുന്നതിൽ എതിരില്ല.

അടുത്തതായി എനിക്ക് പറയുവാനുള്ളത് ഭാഗ്യക്കുറിയുടെ കാര്യമാണ്. മരപ്പട്ടിയുമല്ല പോക്കാനുമല്ല എന്നുള്ള സ്ഥിതിവിശേഷം മാറേറണ്ടതാണ്. ഭാഗ്യക്കുറി സ്റേററിന് വരുമാനമുണ്ടാക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഇതിനെപ്പററി അയൽ സംസ്ഥാനങ്ങളുമായി ചർച്ച നടത്തേണ്ടതാണ്. സ്വകാര്യമേഖലയിൽ മദ്രാസിൽ ഒരു ഹെഡ്ക്വാർട്ടേഴ്സ് തുടങ്ങിയിട്ട് അതിന്റെ ബ്രാഞ്ചുകൾ കേരളത്തിൽ ഇഷ്ടംപോലെ തുടങ്ങാവുന്നതാണ്. അതെല്ലാം നിറുത്തിയിട്ടു ഭാഗ്യക്കുറി പൂർണ്ണമായും ദേശസാൽക്കരിക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടതാണ്. ഈ സ്റേററിന്റെ വരുമാനത്തിനുവേണ്ടി കഴിവുള്ള ആളുകളിൽനിന്നും അങ്ങേയററത്തെ നികുതി പിരിച്ചെടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. സോപ്പിന്റെ കാര്യത്തിൽ നികുതി ഏർപ്പെടുത്തിയിരിക്കുന്നതിനെപ്പററി പറഞ്ഞു. സോപ്പ് സാധാരണക്കാരൻ ഉപയോഗിക്കുന്നതാണ്. തൊഴിൽ സാദ്ധ്യതയുള്ള കാര്യത്തിൽ ഒരു ശതമാനം നികുതി കൂട്ടിയാലും പൊറുക്കും. ബാങ്ക് ദേശസാൽക്കരിച്ചപ്പോഴും എതിർപ്പുണ്ടായതാണ്. ഉള്ളവരിൽ നിന്നും കാര്യമായി പിടിച്ചെടുത്ത് ഇല്ലാത്തവർക്ക് അനുകൂലമായ നിലയിൽ മാററം ചെയ്യുന്നതിന് ഗവൺമെൻറ് ആത്മാർത്ഥമായി ശ്രമിക്കേണ്ടതാണ്. ഉള്ളവരിൽനിന്നും യാതൊരു ദാക്ഷിണ്യവും കൂടാതെ നികുതി പിരിക്കുന്നതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഈ സംസ്ഥാനത്തിന്റെ ഭാവിയെ അതിഭയങ്കരമായി ബാധിക്കുന്ന ഭരണരംഗത്തുള്ള ചെലവുകൾ ചുരുക്കുന്നതിനും, നികുതിയിൽ കൂടിയല്ലാതെ വരുമാനം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമോ അത് സ്വീകരിക്കുന്നതിനുള്ള ആത്മാർത്ഥമായ നീക്കം ഉണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഈ ബഡ്ജററിനെയും ധനകാര്യമന്ത്രി ബഡ്ജററവതരിപ്പിച്ചുകൊണ്ട് ചെയ്ത പ്രസംഗത്തെയും പൊതുവിൽ ഞാൻ അനുകൂലിക്കുന്നു. ഈ ബഡ്ജററിനെക്കുറിച്ച് ഉള്ള പ്രസംഗങ്ങളിൽ അപ്പുറത്ത് നിന്നു ഉപധനാഭ്യർത്ഥനകളെക്കുറിച്ച് ഇതിനു മുൻദിവസം നടന്ന ചർച്ചയിൽ ഉൾപ്പെടെ കാര്യമായ വിമർശനമൊന്നും ഉണ്ടായിട്ടില്ല. പൊതുവിൽ പറഞ്ഞു കേട്ടത് ഈ രാജ്യത്ത് പോലീസുഭരണം നടമാടുന്നു, പോലീസുമർദ്ദനം നടക്കുന്നു, ഭീകരവാഴ്ച അഴിച്ചു വിട്ടിരിക്കുന്നു, തൊഴിലാളികളും കർഷകരുമെല്ലാം പോലീസുമർദ്ദനമേററു അവശരായി കഴിഞ്ഞുകൂ

LIBRARY ARCHIVES Kerala Legislative Assembly

ടുന്നുവെന്നാണ്. ഈ സി. ആർ. പി. എന്നു പറയുന്ന ഭയങ്കരനായ നീളമേറിയ ലാത്തിയും രക്തം പുരണ്ട ദംഷ്ട്രങ്ങളുമായി രാജ്യത്തിന്റെ എല്ലാ മുക്കിലും മൂലയിലും നടക്കുന്നു. അങ്ങനെയൊരു അതിഭയങ്കരമായ ചില അറബിക്കഥകളെയും അമ്മൂമ്മക്കഥകളെയും തോൽപ്പിക്കുന്ന ചിത്രം മാർക്സിസ്റ്റുകാർ അപ്പുറത്തിരുന്നു വരച്ചുകാണിക്കുകയുണ്ടായി. വാസ്തവത്തിൽ ഇതു സത്യമല്ലെന്ന് ബോധ്യമുണ്ടെങ്കിലും നമുക്കുപോലും ഒരു പതർച്ചയുണ്ടായി. മഹാകവി കുമാരനാശാന്റെ ബാലരാമായണത്തിൽ വളരെ മനോഹരമായ ഒരു ഉപമയുണ്ട്. വനവാസത്തിനുവേണ്ടി രാമനും ലക്ഷ്മണനും സീതയുംകൂടി പോകുന്നു. മുമ്പിൽ രാമനും പുറകിൽ ലക്ഷ്മണനും സീതയ്ക്കു കൂട്ടിനുണ്ട്. എന്നാൽ ആ ഭയങ്കരമായ കാന്താരത്തിൽകൂടി നടക്കുമ്പോൾ സീതയ്ക്ക് അകാരണമായി ഭയമുണ്ടായി. എന്തിനെയും ശക്തമായി നേരിടാൻ കരുത്തുള്ള രാമനും ലക്ഷ്മണനുമെല്ലാം ഉണ്ട്. അതുകൊണ്ട് ഭയപ്പെടേണ്ട ആവശ്യമില്ല. എങ്കിലും സീത പതറി. ഈ ഉദാഹരണം ഞാൻ പറഞ്ഞത് 'ഭയങ്കരകിനാവിങ്കൽ പതറും ബുദ്ധിപോലെവേ' എന്നതുപോലെ ഈ ഭയങ്കരമായ ആഖ്യാനത്തിന്റെ കിനാവിൽ പെട്ട് പലരും പതറിപ്പോയിയെന്നു വരുമെന്നുള്ളതുകൊണ്ടാണ്. ഇതുപോലെ മാർക്സിസ്റ്റുകാർ ഇവിടെ അവതരിപ്പിച്ച ഈ ചിത്രം കണ്ട് അവരുടെ അണികൾ എത്രമാത്രം പതറുമെന്ന് എനിക്കറിയില്ല. ഇവിടെ ആപത്തൊന്നുമില്ല. രാജ്യത്ത് ജനങ്ങളുടെ ഇടയിൽ പതറാനുള്ള കാരണം കാണുകയുമില്ല. എങ്കിലും ഒരു ദുസ്വപ്നം കേട്ട് അവർക്ക് പതറിച്ച ഉണ്ടാകാനിടയുണ്ട്. അതുകൊണ്ട് ഈ ചിത്രം യാഥാർത്ഥ്യമാണോ? ഒരിക്കലും അല്ലയെന്നാണ് രാജ്യം പറയുന്നത്. ഈ രാജ്യമാകെ ഇന്നു ഈ ഗവൺമെന്റിന്റെ പിന്നിലുണ്ട്. ഈ രാജ്യമാകെ, അതിൽ ചിലയാളുകൾ സോപാധികമായിട്ടെങ്കിലും, ചരിത്രത്തിലാദ്യമായി ഒരു ഗവൺമെന്റിന്റെ പിന്നിൽ അണിനിരന്നിരിക്കുന്നു. മാർക്സിസ്റ്റുകാരിൽ ചുരുക്കം ചില ആളുകൾ ഒഴികെ, അവരോട് ചേർന്നു അന്ധമായി വിശ്വസിച്ച് നിൽക്കുന്ന ചില എസ്. എസ്. പി. ക്കാരുമൊഴികെ ഈ രാജ്യത്തുള്ള മുഴുവൻ ജനങ്ങളും ഈ ഗവൺമെന്റിന്റെ പിന്നിൽ അണിനിരന്നുവെന്നുള്ള കാര്യം മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടി ഗൗരവമായി പരിശോധിക്കണം. സഖാവു ഇ. എം. എസ്. അടക്കം അപ്പുറത്തുള്ള ആളുകളോട് ഞാൻ അഭ്യർത്ഥിക്കുന്നു. സർ, ചരിത്രത്തിലാദ്യമായി സ്വാതന്ത്ര്യം കിട്ടിയശേഷം ദേശീയ പുനർജ്ജൻമത്തിലും ദേശീയപുനർനിർമ്മാണത്തിലും ജനലക്ഷങ്ങളുടെ കടമ നിറവേററാൻ പ്രതിജ്ഞാബദ്ധരായി--ഉള്ള പരിമിതികൾക്ക് ഉള്ളിൽനിന്നാണെങ്കിൽപ്പോലും—പ്രവർത്തിക്കുന്ന ഒരു ഗവൺമെൻറ് ഈ രാജ്യത്തുണ്ടായിരിക്കണം. ഇതാണ് ഇതിനുള്ള കാരണം. ഈ ബഡ്ജററിൽ ഒന്നുമില്ലായെന്നു പറയുന്ന ആളുകളുണ്ട്. സർ, ഈ ബഡ്ജററ് നിരുപദ്രവമാണെന്നു സഹതാപപൂർവ്വം പറഞ്ഞ ആളുകളുണ്ട്. ഈ ബഡ്ജററിൽ കാര്യമായി ഒന്നുമില്ലെന്നു വിമർശിച്ച ആളുകളും മററുള്ള ആളുകളും പരിശോധിക്കേണ്ട ഒരു കാര്യമുണ്ട്. ഇതിനകത്തു ലഘുവായ ഒരു കാര്യമുണ്ട്. വിദേശതോട്ടങ്ങൾ ദേശസാൽക്കരിക്കാനും ബ്രിട്ടീഷ് മൂലധനം പിടിച്ചെടുക്കാനും വേണ്ടിയുള്ളതാണ്. തിരുവിതാംകൂറിൽ ദേശീയ പ്രസ്ഥാനവും സ്റേറററുകോൺഗ്രസ്സും ഉള്ള കാലത്ത് തിരുവിതാംകൂറിലെ ജനങ്ങളുടെ മുദ്രാവാക്യമിതായിരുന്നു. ''കണ്ണൻദേവൻകമ്പനി ദേശസാൽക്കരിക്കും'' എന്നുള്ളതായിരുന്നു ആ മുദ്രാവാക്യം. ഇത്രയും വർഷങ്ങളായിട്ടും കണ്ണൻദേവൻകമ്പനി ദേശസാൽക്കരിക്കുക എന്നു ഒന്നുറച്ച് പറയാൻ ആരും തയ്യാറായിരുന്നില്ല. കണ്ണൻദേവൻ കമ്പനിയും മലയാളം പ്ലാന്റേഷൻസും അടക്കം ബ്രിട്ടീഷ് മൂലധനം പിടിച്ചെടുക്കാൻ വേണ്ടി ഈ ഗവൺമെൻറ് നീങ്ങാൻ തുടങ്ങിയിരിക്കുന്നു. ഇതൊരു നിസ്സാരമായ കാര്യമായി അപ്പുറത്തിരിക്കുന്ന ആളുകൾ കാണാൻ ശ്രമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: വിലകൊടുത്തു വാങ്ങിക്കുന്നതു ആണോ പിടിച്ചെടുക്കുന്നത്?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇതു റഷ്യൻ റവല്യൂഷൻ കഴിഞ്ഞ പ്പോഴം സഖാവ് ലെനിൻ വിദേശമൂലധനത്തിനു പ്രതിഫലംകൊടുക്കാൻ തയ്യാറായി. പക്ഷേ അതു വാങ്ങിക്കാൻ അവർ തയ്യാറായില്ല. ഈ സാഹ ചര്യത്തിൽ ഒരു യഥാർത്ഥ മാർക്സിസ്റ്റുലെനിനിസ്റ്റുപാർട്ടി അനുകൂല മായ തീരുമാനമെടുക്കും. അപ്പുറത്തിരിക്കുന്നവർ അക്കൂട്ടരല്ല. എലിയെ പേടിച്ച് ഇല്ലം ചുടുകയെന്നു പറഞ്ഞതുപോലെ കൈയിൽകിട്ടിയ ഭരണാധി കാരം വലിച്ചെറിഞ്ഞിട്ട് ഒരു സന്യാസസോഷലിസ്റ്റായി നടക്കുന്ന ആളാണ് നമ്പൂതിരിപ്പാട്. സർ, ഇതാണോ മാർക്സിസ്റ്റു ലെനിനിസ്റ്റു പാർട്ടി; തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടി? നമ്മുടെ പ്രധാനമായ പ്രശ്നം ഭരണാധികാരത്തിന്റെ പ്രശ്നമാണ്. ഒരു പാർട്ടി അധികാരത്തിലിരിക്കു കയും അതിന്റെ പിൻഗാമിയായി സാമൂഹ്യക്രമത്തിൽ മറ്റൊന്ന് ഗർഭം ധരി ക്കപ്പെടുകയും അതു വളർന്ന് പക്വമാകുകയും ക്രമേണ പുറംന്തോടു പൊട്ടിച്ച് പുറത്തു വരികയും ചെയ്യും. സോഷ്യലിസത്തിനാവശ്യമായിട്ടുള്ള, സോഷ്യ ലിസ്റ്റു സാമൂഹ്യഘടനയ്ക്ക് ആവശ്യമായിട്ടുള്ള ചില പ്രത്യേകരൂപങ്ങളും മുതലാളിത്തസംപ്രദായത്തിൽനിന്നു വളർന്നുവരണമെങ്കിൽ തൊഴിലാളി വർഗ്ഗത്തിന്റെ കൈയിൽ അധികാരമില്ലാതെ സാധ്യമല്ല. തൊഴിലാളി വർഗ്ഗത്തിന്റെ കൈയിൽ അധികാരമില്ലാതെ സോഷ്യലിസം സാധിക്കാൻ കഴിയുകയില്ല. എത്രയുമധികം പരിമിതികളുണ്ടെങ്കിലും എന്തെല്ലാം ബുദ്ധിമുട്ടുകളുണ്ടെങ്കിലും തൊഴിലാളിവർഗ്ഗത്തിനു പരിമിതമായോ ഭാഗി കമായോ കിട്ടിയ അധികാരം വലിച്ചെറിഞ്ഞിട്ട് ആരോടോ ഉള്ള പകകൊണ്ട് താൽക്കാലികമായ ചില മനോവികാരങ്ങളുടെ അടിസ്ഥാനത്തിൽ, ഉപരിവിപ്ല വമായ ബോധത്തിന്റെ അടിസ്ഥാനത്തിൽ ആ ഭരണാധികാരം വലിച്ചെറിഞ്ഞ് കാശിക്ക് പോയ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടും മാർക്സിസ്റ്റു പാർട്ടിയും ഈ പ്രശ്നത്തെ യാഥാർത്ഥ്യബോധത്തോടുകൂടി കാണുന്നില്ല. മൂലധനം കണ്ടുകെട്ടുന്നതിനെസംബന്ധിച്ച് അതു പിടിച്ചെടുക്കുന്നതിന് പ്രതിഫലംകൊടുക്കുന്ന കാര്യത്തിൽ നിങ്ങൾക്ക് അഭിപ്രായമുണ്ടെങ്കിൽ അതു പറയണം; പോരായ്മകളുണ്ടെങ്കിൽ അതു ചൂണ്ടിക്കാണിക്കണം. നേരെ മറിച്ച് നിങ്ങൾ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത് ദേശീയപുനർജൻമത്തിന്റെ പ്രധാനപ്പെട്ട കടമയെ എതിർക്കുകയാണ്. മാർക്സിസ്റ്റുപാർട്ടിക്ക് ഒരു തൊഴിലാളിവർഗ്ഗപാർട്ടിക്ക് ഒരിക്കലും ചിന്തിക്കാൻ കഴിയാത്തകാര്യമാണ് നിങ്ങൾ ചെയ്യുന്നത്.

മറ്റൊരു കാര്യം, ഈ ഗവൺമെന്റു ചെയ്തിട്ടുള്ളത് ഇതിനാവശ്യമുള്ള മുഴുവൻ പണവും അല്ല അതിന്റെ ഒരു ഭാഗം ഈ ബഡ്ജററിലുണ്ടെന്നുള്ളതാ ണ്. അതു ഭൂപരിഷ്ക്കരണം നടപ്പിലാക്കുന്നതിനാണ്. ഭൂപരിഷ്ക്കര ണത്തിന്റെ പ്രശ്നം ഐക്യമുന്നണിയുടെ പരിപാടിയിൽ ഉണ്ടായിട്ടുണ്ട്. സാധാരണ സ്ത്രീകൾ പത്തുമാസം തികയുമ്പോഴാണ് പ്രസവിക്കുക. പക്ഷേ നമ്മുടെ പഴയ റവന്യൂമന്ത്രി ശ്രീമതി കെ. ആർ. ഗൗരിക്ക് 30 മാസം വേണ്ടി വന്നു ഈ ബില്ലിനെ പ്രസവിക്കാൻ. പ്രസവിച്ചു കഴിഞ്ഞയുടനെ തന്നെ ആ ബില്ലിനെ ഓടയിലെറിഞ്ഞിട്ട് യാതൊരു ഉത്തരവാദിത്വവുമില്ലാതെ പോവുകയാണ് മാർക്സിററുപാർട്ടിയും അതിന്റെ മുഖ്യമന്ത്രിയും അതിന്റെ റവന്യൂമന്ത്രിയും ചെയ്തത്. ഈ ഐക്യമുന്നണിഗവൺമെൻറ് ആ ശിശു വിനെ എടുത്തു വളർത്താൻ തന്നെ ആദ്യം തീരുമാനം എടുത്തു. ഈ ബി ല്ലിന് അംഗീകാരം നേടാൻ വേണ്ടി ശ്രമിച്ചു; അംഗീകാരം നേടി; അതു നടപ്പിലാക്കാനുള്ള മെഷീനറി ഉണ്ടാക്കി; ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടു ത്തി; ലാൻഡ് ട്രൈബ്യൂണലുകൾ സ്ഥാപിച്ചു; ഇപ്പോൾ നിയമം നടപ്പി

LIBRARY ARCHIVES Kerala Legislative Assembly

ചാക്കി തുടങ്ങിയിരിക്കുന്നു. ഈ അടുത്ത ദിവസം ആലുവായിൽ വച്ച് നടക്കുന്ന ശിവരാത്രിയെസംബന്ധിച്ച് ഇവിടെ ചില ആളുകൾ ചോദ്യം ചോദിച്ചു. കുടികിടപ്പുകാരും ജന്മിമാരും ഒത്തുതീർപ്പുണ്ടാക്കികൊണ്ട് പതിനായിരകണക്കിനു കുടികിടപ്പുകാർക്ക് ഭൂമികൊടുക്കാൻ പോകുന്നു. ഈ ബില്ലിൽ പറയുന്ന വ്യവസ്ഥകൾ നടപ്പിലാക്കാൻ വേണ്ടി ഗവൺമെന്റിന്റെ മെഷീനറിയും രാജ്യത്തിലെ പൊതുപ്രവർത്തകരും സഹകരിച്ച് രംഗത്തിറങ്ങിയിരിക്കുന്നു. നൂറോ അഞ്ഞൂറോ ആയിരമോ എത്ര തുച്ഛമായോ ആയിക്കൊള്ളട്ടെ വളരെ വിപ്ലവകരമായ കാര്യങ്ങൾ നടക്കുന്നതിനെസംബന്ധിച്ച് നിങ്ങൾക്കുള്ള അഭിപ്രായമെന്താണ്? നിങ്ങൾ ആരുടെ ഭാഗത്താണ്? ജന്മിമാരുടെ ഭാഗത്താണോ കുടികിടപ്പുകാരുടെ ഭാഗത്താണോ? തോട്ടം തൊഴിലാളികളുടെ ഭാഗത്താണോ? അതോ ജനങ്ങളുടെ ഭാഗത്താണോ? മാർക്സിസ്റ്റുപാർട്ടി ഏത് ഭാഗത്താണെന്നു തുറന്നു പറയണം. ഈ ലാൻഡ് ബിൽ നടപ്പിലാക്കാൻ വേണ്ടി ഈ ഗവൺമെന്റ് ആത്മാർത്ഥമായി ശ്രമിക്കുമ്പോൾ നിങ്ങൾ തേങ്ങായിടീലും വേലികെട്ടലുമായിട്ടാണ് നടക്കുന്നത്. എന്തൊരു ഭയങ്കരമായ വിപ്ലവമാണെന്നോ? ഞാൻ അതിനെ പുച്ഛിക്കുന്നില്ല. എന്നാൽ ഒരു കാര്യം നാം മനസ്സിലാക്കണം. ലാൻഡ് ബില്ലിന്റെ ഒന്നാമത്തെ വകുപ്പിൽ രണ്ടാം ഉപവകുപ്പിലും പറയുന്നത് അതിലെ വ്യത്യസ്ത വകുപ്പുകൾ വ്യത്യസ്തകാലഘട്ടങ്ങളിൽ നടപ്പിലാക്കാൻ ഗവൺമെന്റിന് അധികാരമുണ്ടെന്നാണ്. ഗവൺമെന്റ് അങ്ങനെ എഴുതികൊണ്ടുവന്നു. ഞങ്ങൾ അതു മാററുന്നതിനുവേണ്ടി സെലക്ടുകമ്മിററിയിൽ സംസാരിച്ചു, ഭേദഗതികൊടുത്തു, എന്നിട്ടും നിവൃത്തിയില്ല. ഞങ്ങൾ അസംബ്ലിയിൽ പരസ്യമായി ഭേദഗതികൊടുക്കാൻ നിർബന്ധിതരായി. ആ ഭേദഗതിയും സഖാവ് ഗൗരിയമ്മ സ്വീകരിച്ചില്ല. ഞങ്ങൾ പറഞ്ഞു ലാൻഡ് ബില്ലിലെ എല്ലാ വകുപ്പുകളും ഒരേ കാലത്ത് നടപ്പിലാക്കണമെന്ന്. കാരണം ഇതിനുമുമ്പു പല ഗവൺമെന്റുകളും വ്യത്യസ്തകാലഘട്ടങ്ങളിൽ നിയമപരമായും മററുമുള്ള പല കാരണങ്ങളാലും പ്രധാനപ്പെട്ട വകുപ്പുകൾ നടപ്പിലാക്കാതിരുന്നിട്ടുണ്ട്. അതുകൊണ്ട് ആ പഴുതുകളില്ലാതെ മുഴുവനും തനിച്ച് നടപ്പിലാക്കാൻ വ്യവസ്ഥ ചെയ്യണമമെന്നു പറഞ്ഞു. ശ്രീമതി ഗൗരിയമ്മ അതും സ്വീകരിച്ചില്ല. പക്ഷേ ഈ ഗവൺമെന്റ് ഒന്നാംവകുപ്പിൽ എന്തു തന്നെ പറഞ്ഞിട്ടുണ്ടെങ്കിലും മുഴുവൻ വകുപ്പുകളും ഒന്നിച്ച് നടപ്പിലാക്കാൻ നടപടികളെടുത്തിരിക്കുന്നു. അങ്ങനെ നടപ്പിലാക്കുന്ന ഭൂപരിഷ്കാരണത്തോടു നിങ്ങൾ സഹകരിക്കണം. ഒരു മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടി അതിനോടു സഹകരിക്കണ്ടേ? നിങ്ങൾ പെററിബൂർഷ്വാ വികാരങ്ങൾ, ഒരു കമ്മ്യൂണിസ്റ്റുപാർട്ടിക്ക് ഒരു തൊഴിലാളി വർഗ്ഗപാർട്ടിക്ക് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത വികാരങ്ങൾ ഉള്ളിൽ വച്ചുകൊണ്ട് നിങ്ങൾ ഇതിനെ എതിർക്കാൻ തയ്യാറാകുന്നു. എതിർക്കാൻവേണ്ടി ബലപ്രയോഗം നടത്തുന്നു, അവിഹിതമായ ബലപ്രയോഗം നടത്തുന്നു; പോലീസുമർദ്ദനമെന്ന് നിലവിളിക്കുന്നു. ഈ രാജ്യത്തെ വലിയ കായൽ രാജാക്കൻമാരും തോട്ടം ഉടമകളും അവർക്ക് നിയമദത്തമായി കിട്ടാൻ അവകാശമുള്ളതിൽക്കവിഞ്ഞ ഭൂമി സർക്കാർ ഭൂമി കൈവശപ്പെടുത്തിയിരിക്കുന്നു. അതെടുക്കണമെന്നു ഈ ഗവൺമെന്റു തീരുമാനിച്ചു. അതെടുക്കാൻ വേണ്ടി ഈ ഗവൺമെന്റ് യത്നിച്ചു. ശ്രീ. സി. എച്ച്. മുഹമ്മദുകോയയും മുസ്ലീംലീഗും ശ്രീ. ജോർജജിന്റെ കേരളാകോൺഗ്രസ്സും സഹകരിച്ചതുകൊണ്ട് ഈ ജന്മിമാരിൽനിന്നും തോട്ടം രാജാക്കൻമാരിൽനിന്നും ഭൂമിയെടുക്കുന്നു. നിങ്ങൾ വിപ്ലവകാരികളെന്ന് പറഞ്ഞ് ഓടിനടക്കാൻ എന്താണ് അർഹത? അതിനോട് സഹകരിക്കാത്ത നിങ്ങൾക്ക് എങ്ങനെ വിപ്ലവകാരികളെന്നു പറയാൻ കഴിയും.

ഈ ഗവൺമെന്റു പട്ടയം കൊടുക്കുന്നതിനെസംബന്ധിച്ച് സഖാവ് ഗൗരിയമ്മ ഇന്നലെ ആക്ഷേപിക്കുന്നതു കേട്ടു. 75,000—ഓളം ആളുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിരം പട്ടയംകൊടുക്കുന്നതു സ്ഥിരം പട്ടയംതന്നെയാണോ എന്ന് ആക്ഷേപിക്കുന്നവർ അപ്പുറത്തുണ്ട്. നിങ്ങളുടെ ആക്ഷേപത്തിനു അർത്ഥമൊന്നുമില്ല. 15,000 പാവപ്പെട്ട ആളുകൾക്ക്, ഇന്നലെവരെ ഭൂമിയിൽ അവകാശമില്ലാതെയിരുന്ന ആളുകൾക്ക് പട്ടയം ലഭിച്ചപ്പോൾ അവരിൽ ഭൂരിപക്ഷം പേരും പട്ടയം വാങ്ങിച്ചുകൊണ്ട് വികാരവിവശരായി നിറഞ്ഞ കണ്ണുകളുമായി ഇറങ്ങിപോകുന്നത് ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ നിങ്ങൾക്ക് അതിനോടു സഹകരിക്കാൻ കഴിയുന്നില്ല. നിങ്ങൾ ചോദിക്കുന്നു സർവ്വേ നടത്തിയിട്ടുണ്ടോയെന്ന്. സാധാരണഭൂമി വിലയ്ക്ക് വാങ്ങിക്കുന്നത് സർവ്വേ നടത്തിയിട്ടാണോ? ഗവൺമെൻറിൽനിന്ന് ഒരു ചെറിയ പരിഷ്ക്കാരം വരുത്തിയിട്ടു ഭൂമികൊടുക്കാൻ വേണ്ടി സഖാവ് കെ. ടി. ജേക്കബ് തയ്യാറായി. സഖാവ് കെ. ആർ. ഗൗരിക്ക് അനന്തമായ കാലം വേണ്ടിയിരുന്നു ഈ പട്ടയം കൊടുക്കാൻ. സർക്കാർ ഭൂമി കിട്ടേണ്ട പാവപ്പെട്ട ആളുകൾക്ക് അതിനുയാതൊരു കാലതാമസവും ഉണ്ടാകുന്നില്ല. നിങ്ങൾക്ക് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. എന്തുകൊണ്ട്? നിങ്ങൾ കൃഷിക്കാരെയും കർഷകത്തൊഴിലാളികളെയും ഒന്നായി കാണാതെ മാർക്സിസ്റ്റുകാരെന്നുള്ള ചുണ്ണാമ്പുതൊട്ടാണ് നടത്തിയിരുന്നത്. ഞങ്ങൾ ഈ രാജ്യത്തുള്ള കൃഷിക്കാരെയും കർഷകത്തൊഴിലാളികളെയും മതത്തിനും രാഷ്ട്രീയത്തിനും അതീതമായി കണ്ടു. കർഷകത്തൊഴിലാളികളെ കർഷകത്തൊഴിലാളിയായും പാവപ്പെട്ടവരെ പാവപ്പെട്ടവരായും കണ്ടു. ഞങ്ങൾ അവരുടെ മതം നോക്കാറില്ല; പാർട്ടിനോക്കാറില്ല; അവർക്കെല്ലാം പട്ടയം കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചതുകൊണ്ട് പതിനായിരക്കണക്കിനാളുകൾ ഇപ്പോൾ ഭൂമി വാങ്ങിക്കൊണ്ടിരിക്കുന്നു. നിങ്ങൾ എന്തു ചെയ്തു? നിങ്ങൾ ഈ ഗവൺമെൻറിനെ എന്തിനു എതിർക്കണം? പറയണം. നിങ്ങൾ പറയുന്നത് ഈ രാജ്യത്ത് കൊലപാതകങ്ങളും അക്രമങ്ങളും ലാത്തിച്ചാർജുകളും നടക്കുന്നുണ്ടെന്നാണ്. സർ, പോലീസിന്റെ നയത്തെസംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയും മുഖ്യമന്ത്രിയും വളരെ വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. പോലീസ് അവിഹിതമായ ഒന്നും പ്രവർത്തിക്കരുതെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. എവിടെയെങ്കിലും പോലീസ് എന്തെങ്കിലും പ്രവർത്തിച്ചിട്ടില്ലെന്നു ഞാൻ പറയുന്നില്ല. ആരുഭരിച്ചാലും പോലീസിന്റെ ഭാഗത്തുനിന്ന് ചിലപ്പോൾ അക്രമം ഉണ്ടായിയെന്നുവരും. അതു കർശനമായി നേരിടാൻ ഈ ഗവൺമെൻറ് തയ്യാറാണ്. പക്ഷേ വളരെ ലളിതമായ ഒരു ചോദ്യം മുൻമുഖ്യമന്ത്രിയോടും മാർക്സിസ്റ്റുപാർട്ടിയോടും ഇന്നത്തെ മുഖ്യമന്ത്രിയും ഈ ഗവൺമെൻറും ചോദിച്ചു. രാജ്യത്തു അക്രമപരമായ അട്ടിമറി സമരങ്ങൾ അവസാനിപ്പിക്കുന്നതിനെസംബന്ധിച്ച് നിങ്ങൾ എന്തു പറയുന്നു? അതിനെ നിഷേധിച്ച് നിങ്ങൾക്ക് ഒരു വാക്കു പറയാൻ കഴിയുമോ? പറയുകയില്ല. ദൈവവും മനുഷ്യനും ചെകുത്താൻ പോലും ചെയ്യാത്ത ക്രൂരമായ പ്രവർത്തിയാണ് ചാവശ്ശേരിയിൽ നിങ്ങൾ ചെയ്തത്. നിരപരാധികളായ മനുഷ്യരെ ബസ്സിന്റെ വാതായനങ്ങൾ അടച്ച് പെട്രോൾ ഒഴിച്ച് ചുട്ട് കൊലപ്പെടുത്തിയശേഷം നിങ്ങൾ കൊലയാളികളായി വന്നിരിക്കുകയാണ്. അതെപ്പററി ഒരു പ്രതിഷേധശബ്ദം ഇന്നുവരെ നിങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ? പാർട്ടി പരമായി ഒരു വാക്കു നിങ്ങൾ പറഞ്ഞിട്ടുണ്ടോ? ഇന്നുവരെ നിങ്ങൾ എതിർത്തിട്ടില്ല, പ്രതിഷേധിച്ചിട്ടില്ല, നിങ്ങളുടെ പാർട്ടിപ്രവർത്തകർ ഒളിവിലിരുന്നുകൊണ്ട് മനുഷ്യരുടെ മേൽ ആസിഡ്ബോംബുകളെറിയുന്നു, പാവപ്പെട്ട കൊച്ചുകുട്ടികൾ പള്ളിക്കൂടത്തിൽ പോകുമ്പോൾ ആ കുഞ്ഞുങ്ങളുടെ മൃദുലവും മനോഹരവുമായ മുഖത്ത് നിങ്ങൾ ആസിഡ് ഒഴിക്കുന്നു, ആ മനോഹരമുഖം ചുട്ടുകരിക്കുന്നു. എന്നിട്ട് ആക്രമത്തെക്കുറിച്ച് നിങ്ങൾ സംസാരിക്കുന്നു; അപ്പോൾ ഗവൺമെൻറ് എന്തു ചെയ്യണമെന്നാണ് നിങ്ങൾ പറയുന്നത്. നിങ്ങൾ കാണിക്കുന്നു എന്ന് പറയുന്ന ഈ ആക്രമണങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് എന്തുകൊണ്ട് നിങ്ങൾ നിഷേധിക്കുന്നില്ല. സഖാവ് ഇ. എം. എസ്. പൊതുയോഗങ്ങളിലും പത്രങ്ങളിലും അതിഭയങ്കരമായി പ്രസംഗിക്കുകയും എഴുതികൂട്ടുകയും ചെയ്യുന്നു. അദ്ദേഹം പറയുന്നത് ഞങ്ങൾ ആയുധമെടുക്കുമെന്നാണ്. അദ്ദേഹം പറയുന്നത് ജനങ്ങൾ അംഗീകരിക്കുന്നമാർഗ്ഗം ഞങ്ങൾ നിഷേധിക്കുകയില്ലെന്നാണ്. സർ, മാർക്സിസ്റ്റു എഴുത്തുകളിലും പരിപാടികളിലും പ്രമേയങ്ങളിലുമെല്ലാം പണ്ടുമുതലേ എഴുതുന്ന കാര്യങ്ങളാണിത്. ജനങ്ങൾ തിരഞ്ഞെടുക്കുന്ന ഏതു പരിപാടിയും പാവനമായ കാര്യമാണെന്ന് കമ്മ്യൂണിസ്റ്റുപാർട്ടി പറയാറുള്ളതാണ്. ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ എല്ലാ തൊഴിലാളികളും കർഷകരും ചെറുകിടക്കാരും എന്തു ചെയ്യണമെന്ന്, ഏതു മാർഗ്ഗം സ്വീകരിക്കണമെന്ന് വ്യക്തമായി പറയണം. ശ്രീമാൻ നമ്പൂതിരിപ്പാടിനു അതു പറയാൻ വിഷമം ഉണ്ടാകുമെന്ന് എനിക്കറിയാം. കാരണം അദ്ദേഹം ഇന്നുവരെ ഒരു തൊഴിലാളിസമരത്തിലും നേരിട്ട് പങ്കെടുത്തിട്ടില്ല. ഇന്നുവരെ ഒരു ബഹുജന സമരത്തിലും നേരിട്ട് പങ്കെടുത്തിട്ടില്ല. ഇന്നുവരെ ആ ഭാഗത്തിരിക്കുന്ന മററുപലരേയുംപോലെ തൊഴിലാളി സമരത്തിലോ കർഷക സമരത്തിലോ ജനങ്ങളുടെ മററുസമരങ്ങളിലോ നേരിട്ട് ഇടപെട്ട് അതിന്റെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നേരിട്ടു മനസ്സിലാക്കിയിട്ടില്ല. അനാവശ്യമായ, തെററായ, ആപൽക്കരമായ ആഹ്വാനങ്ങൾ കൊടുത്ത് അനുയായികളെ ഇളക്കിവിട്ട് കൽക്കട്ടയിലേക്കോ ഗോകർണ്ണത്തിലേക്കോ പോകുകയാണ് അദ്ദേഹം ചെയ്യുക. ഒരു കാലഘട്ടം കഴിയുമ്പോൾ അദ്ദേഹം തിരിച്ചു വരുന്നു, എഴുതുവാൻ തുടങ്ങുന്നു, പ്രസംഗിക്കാൻ തുടങ്ങുന്നു, അബദ്ധ പഞ്ചാംഗങ്ങൾ എഴുതി അടുക്കിയടുക്കി വയ്ക്കുന്നു. അങ്ങും മാർക്സിസ്റ്റുപാർട്ടിയുമായി ഉള്ള ബന്ധം പരിഗണിക്കുമ്പോൾ താമരയിലയും അതിൽ വീഴുന്ന മഞ്ഞുതുള്ളിയുംപോലെയാണെന്നു മാത്രമേ പറയാനുള്ളു. മനോഹരമായ താമരയിലയിൽ മഞ്ഞുതുള്ളി എത്ര വീണാലും അതു ഉള്ളിലേക്ക് കടക്കുകയില്ല. അതേസമയത്ത് ഇൻഡ്യൻ വിപ്ലവത്തിന്റെ പ്രത്യേക കാലഘട്ടത്തിൽ തൊഴിലാളിവർഗ്ഗത്തെ ആകാവുന്നത്ര കൂട്ടികൊണ്ട് നമ്മുടെ രാജ്യത്തുള്ള കുത്തകകളേയും വിദേശമൂലധന ഉടമകളേയും മററു പിൻതിരിപ്പൻ ശക്തികളേയും നേരിട്ട് പോരാടുന്ന ഒരു സാഹചര്യം നിലവിലുള്ളപ്പോൾ നിങ്ങളുടെ പാർട്ടിയുടെ പരിപാടികളിൽപോലും നിങ്ങൾ കൂട്ടിചേർക്കുന്നതും ഇവിടെവന്നു നിന്നുകൊണ്ട് പറയുന്നതും 'കേരളാകോൺഗ്രസ്സുകാരും നിങ്ങളുടെ കൂട്ടത്തിലില്ലേ' എന്നാണ്. കേരളാകോൺഗ്രസ്സും മുസ്ലീംലീഗും ഈ രാജ്യത്തുള്ളവരല്ലേ, അവരുടെ ഇടയിലുള്ള കർഷകത്തൊഴിലാളികളെയും കൃഷിക്കാരെയും മററു ചെറുകിടക്കാരെയും നിങ്ങൾ കാണുന്നില്ലേ? അവർ നിങ്ങളുടെ വിപ്ലവത്തിൽ പെടുകയില്ലേ? അവരെ നിങ്ങൾക്ക് പേടിയാണോ? ഈ അടിസ്ഥാനത്തിൽ ഈ ഐക്യം നിങ്ങൾ കണക്കാക്കുന്നില്ലേ? തൊഴിലാളികളെ മററു വർഗ്ഗങ്ങളുമായുള്ള ബന്ധം വിടർത്തി അവരെ ശിഥിലമാക്കി ഭിന്നിപ്പിച്ച് നിരാധാരരാക്കി ഒററപ്പെടുത്തിക്കൊണ്ട് ആപൽക്കരമായ ഒരു സ്ഥിതിയിൽ എത്തിച്ചിരിക്കുന്നു. അഭിമന്യുവിന്റെ ഒരു കഥയുണ്ട്. കൗരവപാണ്ഡവയുദ്ധം നടക്കുമ്പോൾ കൗരവൻമാർ പത്മവ്യൂഹം എടുത്തു. പാണ്ഡവൻമാരുടെ ഭാഗത്തുനിന്നും ആരും പ്രവേശിക്കാനുണ്ടായിരുന്നില്ല. അഭിമന്യു വളരെ വിദഗ്ദ്ധമായി പ്രവേശിച്ചു അതിൽനിന്നു ഇറങ്ങാൻ അഭിമന്യുവിന് അറിയില്ലായിരുന്നു. പത്മവ്യൂഹത്തിൽകയറുവാൻ പണ്ട് ശ്രീകൃഷ്ണൻ അർജ്ജുനന് ഉപദേശിച്ചുകൊടുത്തിരുന്നത് അർജ്ജുനന്റെ അടുത്തുകിടന്നിരുന്ന സുഭദ്രയുടെ ഗർഭത്തിലുണ്ടായിയിരുന്ന അഭിമന്യു കേട്ടുപഠിച്ചുയെന്നാണ് പറയുന്നത്. പത്മവ്യൂഹത്തിൽ പ്രവേശിച്ചു കഴിയുന്നത് പറഞ്ഞതിനുശേഷം ശ്രീകൃഷ്ണൻ നിറുത്തിക്കളഞ്ഞു. അതുപോലെയാണ് മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടിയും

LIBRARY ARCHIVES Kerala Legislative Assembly

സമരങ്ങളുടെ കാര്യം ശ്രീമാൻ ഇമ്പിച്ചിബാവ വികാരവിവശനായി പ്രസംഗിച്ചു അതിനെപ്പററി എനിക്കൊന്നും പറയാനില്ല. മറെറാരു അനാര്യൻ കുറെ അനാശ്യമായ വാക്കുകളും പ്രസംഗിച്ചു. അതേപ്പററിയും എനിക്കു പറയാനില്ല. ശ്രീമാൻ നമ്പൂതിരിപ്പാട് മറുപടി പറയണം. അങ്ങും അങ്ങയുടെ പാർട്ടിയിലുള്ള ആളുകളും കമ്മ്യൂണിസ്ററു പ്രസ്ഥാനത്തെ ഇന്നോളം വഞ്ചിക്കുകയാണ് ചെയ്തിട്ടുള്ളത്. തൊഴിലാളിവർഗ്ഗത്തെ ഇന്നോളം വഞ്ചിക്കുകയാണു ചെയ്തിട്ടുള്ളത്. ഈ നാട്ടിലെ ജനവിഭാഗങ്ങളുടെ നേതാക്കൻമാരായി ഉയർന്നുവരാൻ തൊഴിലാളിവർഗ്ഗത്തെ അനുവദിക്കാതെ അവരെ ഒററപ്പെടുത്തുകയാണു ചെയ്തിട്ടുള്ളത്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: സർ, ഒരു ചോദ്യം.

ശ്രീ. പി. എസ്. ശ്രീനിവാസൻ: വല്ല സംശയവുമുണ്ടെങ്കിൽ മാർക്സിസ്ററുകാർ കമ്മ്യൂണിസ്ററുപ്രസ്ഥാനത്തിൻെറ പഴയ ചരിത്രം പഠിക്കണം. 1947—48 കാലഘട്ടത്തിൽ കമ്മ്യൂണിസ്ററുപാർട്ടിയുടെ നയം മാററി. അന്നത്തെ ജനറൽസെക്രട്ടറി ജോഷിയായിരുന്നു അതിനു നേതൃത്വംകൊടുത്തിരുന്നത്. നയം മാററിയതോടുകൂടി അദ്ദേഹം നേതൃസ്ഥാനത്തുനിന്നും തെറിച്ചുപോയി. അന്നു നമ്പൂതിരിപ്പാട് പാർട്ടിയുടെ രണ്ടാം സ്ഥാനത്തുണ്ടായിരുന്നു. അതിനുശേഷം രണദിവേ വന്ന് അദ്ദേഹത്തിൻെറ നയം നടപ്പിലാക്കി. രണദിവേ നടപ്പിലാക്കിയ നയം തെററാണെന്ന് കമ്മ്യൂണിസ്ററു പാർട്ടി തീരുമാനിച്ചു. രണദിവേയും തെറിച്ചുപോയി. ഇതിൻെറയെല്ലാം വ്യാഖ്യാതാവായി പ്രചരണം നടത്തിയ, ഇതിനെല്ലാം സ്ററഡീ ക്ലാസെടുത്ത നമ്പൂതിരിപ്പാട് അപ്പോഴും പാർട്ടിയുടെ രണ്ടാം നിരയിൽതന്നെ ഉണ്ടായിരുന്നു. അതു കഴിഞ്ഞ് സഖാവ് രാജേശ്വരറാവു പാർട്ടിയുടെ സെക്രട്ടറിയായി. അപ്പോഴും രണ്ടാമത്തെ റാങ്ക് സഖാവ് ഇ. എം. എസ്സിന് ഉണ്ടായിരുന്നു. ഞങ്ങളുടെ കമ്മ്യൂണിസ്ററുപ്രസ്ഥാനത്തിൻെറ പാരമ്പര്യം (ബാക്കിയുള്ളവരുടെ അറിവിനുവേണ്ടി പറയുകയാണ്) അതിൻെറ നയം ആസൂത്രണം ചെയ്യാൻ വരുന്ന ആളുകറം നയം മാററുമ്പോറം തെറിച്ചുപോകുമെന്നുള്ളതാണ് സാധാരണയുള്ള വയ്പ്. സഖാവ് നമ്പൂതിരിപ്പാടിനു ചൈനീസ് ആക്രമണം നടക്കുന്ന കാലംവരെ അദ്ദേഹത്തിൻെറ ഒരു രോമകൂപത്തിനുപോലും ഒരു കുഴപ്പവും വന്നിട്ടില്ല. അവസരവാദികളുടെ രാജാവായതുകൊണ്ടാണ് അദ്ദേഹത്തിനു അതു സാധിച്ചത്. ഇതു മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടി ആലോചിക്കണം. അല്ല കമ്മ്യൂണിസ്ററുപാർട്ടി സ്വീകരിച്ച നയം നടപ്പിലാക്കിയപ്പോറം എന്തുകൊണ്ട് ഇ. എം. എസ്. നമ്പൂതിരിപ്പാട് മാത്രം തെറിച്ചു പോകാതെ അവിടെതന്നെ ഇരുന്നു? ഇപ്പോറം അദ്ദേഹം നേതാവായി കഴിയുകയാണ്. നിങ്ങളുടെ പാർട്ടിയെ ഇത്രയും കാലം കളത്തിലിറക്കിയ പ്രധാനപ്പെട്ട കണ്ണിയായ, അവസരവാദിയായ അദ്ദേഹംതന്നെയാണ് നമ്മുടെ ഐക്യമുന്നണിയെയും ശിഥിലമാക്കുകയും ആ ഗവൺമെൻറിനെ തകർക്കുകയും ചെയ്തിട്ടുള്ളതെന്നു നാം ആലോചിക്കണം. അതിനുശേഷം ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗം ചെയ്യേണ്ട കടമ എന്താണെന്ന് ബോധ്യപ്പെട്ടപ്പോറം ഞങ്ങറം ബന്ധപ്പെടുത്താവുന്ന എല്ലാം ജനാധിപത്യവർഗ്ഗങ്ങളെയും ബന്ധിച്ചുകൊണ്ട് ഒരു ഗവൺമെൻറുണ്ടാക്കിയിരിക്കുന്നു. ആ ഗവൺമെൻറ് നടപ്പിലാക്കികൊണ്ടിരിക്കുന്ന ഓരോന്നും എടുക്കണം. ഈ ഗവൺമെൻറ് വിദേശമൂലധനം ദേശസാൽക്കരിക്കാൻ ശ്രമിക്കുന്നു, ഈ ഗവൺമെൻറ് കാർഷികപരിഷ്ക്കരണം നടപ്പിലാക്കാൻ ശ്രമിക്കുന്നു, നമ്മുടെ രാജ്യത്തുള്ള വമ്പൻമാരായ ഭൂ ഉടമകളിൽനിന്നും ഭൂമി പിടിച്ചെടുക്കാൻ ശ്രമിക്കുന്നു. ഭക്ഷ്യധാന്യ വ്യാപാരം ദേശസാൽക്കരിക്കുന്നു, ഭൂ പ്രഭുക്കൻമാരായ ജൻമികളിൽനിന്നും സമ്പത്തു പിടിച്ചെടുക്കുന്നു, വിദേശമൂലധനം ദേശസാൽ

LIBRARY ARCHIVES Kerala Legislative Assembly

ക്കരിക്കുന്നു, കരിഞ്ചന്തക്കാർക്കും സ്ഥാപിതതാൽപ്പര്യക്കാർക്കും എതിരായി സമരം ചെയ്യാനുള്ള നടപടികളെടുക്കുന്നു. നിങ്ങൾ ആരുടെ ഭാഗത്താണ്? നിങ്ങൾ എന്തിനു ഈ ഗവൺമെൻറിനെ എതിർക്കണം. ഈ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാനുള്ള വഴിത്താരയൊരുക്കാൻ ആവശ്യമായ ഇന്നത്തെ വിഭവശേഷികൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ നടത്താനായി പണം നീക്കിവച്ചുകൊണ്ടുള്ള ഒരു കാഴ്ചപ്പാടോടുകൂടി ഒരു ബഡ്ജററ് കൊണ്ടുവന്നിട്ടുള്ള ശ്രീ. ശേഷനെയും ഈ ഗവൺമെൻറിനെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

Shri S. P. Luiz: Sir, I have great pleasure to congratulate our young Finance Minister for having presented this budget in a beautiful language. From Professor to the Chancellor of the Exchequer is a big jump and he has fulfilled and discharged his duties to draft the architectural structure of the budget very beautifully and I must say he has transgressed much beyond his predecessor, Shri P. K. Kunju.

On three successive occasions, I had the pleasure to support the budget presented to this House. Sir, unfortunately there is discontent and disgust in my community, because its representations to get justice and remedy were totally flouted and neglected. Therefore I am sorry to say I cannot vouch and support this budget unless immediate solace is offered to my people.

Sir, by virtue of the recommendations in the Kumara Pillai Commission, we, the members of the Anglo Indian community have been, one day, deprived of their concessions that we enjoyed from time immemorial. I have submitted this fact, time after time to the hon. Ministers concerned and they assured me on the floor of the House that the matter would be looked into and agreed to take redressive measures. I have presented memoranda, telegrams and even led deputations, and I am sorry to note that my representations have been flouted. I am sorry I have to obey the mandate of my community and I have to put forward with all the emphasis at my command that I am bound to oppose this budget unless justice is done to my community. As any other community, my community has also got a right to live in this State.

Sir, we are over 75,000. All the members of this House are elected members from different constituencies representing perhaps according to population. Like in each constituency I am the accredited and elected President and chief of my community; I have to voice the feelings of my community from Trivandrum to Kasaragod. I am sure at least at this juncture, the hon. Minister, particularly the Chief Minister and the Finance Minster will look into our grievances.

I may be permitted to speak for a few minutes to explain the tragedy of my community because of the Kumara Pillai Commission, which had not done justice to my community. The Commission has admitted before the Government that its findings were on the basis of population. We discovered that as per the report, the Anglo Indians in 1961 was 22,400. Unfortunately it was wrong.

LIBRARY ARCHIVES Kerala Legislative Assembly

We collected the census of the entire community and submitted to the Government, but they did not look into it. I wrote to the Director of Census and he has sent me a certificate true copies of which I have handed over to Government. The very basis of the findings of the Commission was wrong. Unfortunately, Government had not taken steps to set right the error leading my community to the worst spirit of despondency. They have not found time yet to do justice to my community. It is lamentable. By virtue of this error, for the last many years, not a single member of my community has found employment in Government service. Members of my community could not see the four walls of any technical institution, medical college etc.

Sir, this concession has been given to us by a Commission appointed by the erstwhile Government specifically to study the conditions of Anglo-Indians and they have treated us as backward and we were enjoying the concessions. By virtue of the Kumara Pillai Commission Report those concessions were taken away. I am sorry, unless this gross injustice is set right, on behalf of my community, I cannot support this budget.

Coming to some very important matters, I wish to draw the attention of the House to a statement made by the Chief Minister yesterday that by about 1st of May, the U. S. Cultural Centre at Trivandrum is going to be closed down. Sir, we are not concerned with the political aspect whether this centre is from America or elsewhere; it is an institution which is catering to the needs of thousands of millions of those who are interested in culture, learning of scientific things of modern times etc. They have got a magnificent library. About the closure of this institution, I see that no voice is being raised by the State Government or even in this House. That is a sad things. Their beautiful library is a source of knowledge to many, giving up-to-date information about world events. Hardly the Americans have landed on the moon, within a week, we were able to see pictures showing how that feat was achieved. By the closing of institutions like these without even a word cannot be tolerated.

Sir, there is a saying in Malayalam:

"അങ്ങാടിയിൽ തോററതിന് അമ്മയെ തല്ലുക."

Sir, I understand that there is some political game behind it because the Soviet Cultural institution which was planned to be constructed here did not materialise due to some sort of accident or so. That should not be the reason to do away with an institution which was functioning here and which has been serving millions of people effectively for many many years. It is a very significant thing. I request all members of this House to co-operate and see that this institution is allowed to continue in the interest of the youth of the country who are anxious to expand their knowledge, culture and technical education by virtue of this cultural institution.

Sir, much has been said about the taxation proposals here. I wish to point out the obnoxious situation by which the tax-payers are made to pay

LIBRARY ARCHIVES Kerala Legislative Assembly
LIBRARY ARCHIVES Kerala Legislative Assembly

heavy amounts within short notice. The other day when I went to the Agricultural Income Tax Office at Alwaye, I found that notices that should have been issued to us by June or July were all typed and stocked there without the addresses. What happens is, sometimes towards the end of March, one fine morning, all these notices will be rushed through asking for immediate payment. We will not get sufficient time to pay the tax. When I told them that according to rules, they should have given us sufficient time for payment, the reply was hat they had no stationery, no equipment. Sir, we do not keep our money in containers, just pick it up and distribute. We should have time to pay the tax. When I asked him again, he said that when they asked for Rs. 2000 worth of stamps, hardly Rs. 100 was allotted. So they are sending these demand notices through the peons where it could reach the tax payer without a single stamp. Sir, the tax payer should not be treated like this. At the last moment, asking him to pay huge amounts, should be put an end to. Notices should be given sufficiently early, say 7 or 8 months ahead. I wish the Government will take note of this matter.

Coming to another important point, I wish to state that the debates were more or less centered round excesses or non-excesses of the Police. I make no secret of the fact that particularly in plantation areas, the plantation community feel that they can have some restful night and some sort of security after the present Government come into being. I am not prepared to enter into the merits or demerits of such excesses. The fact remains, we are able to live in peace. In plantation areas, the custom is to destroy the unwanted weeds and rubbish by fire. The Superintendents are expected to watch the progress of the fire to see that it does not engulf the other plantations. In the like manner, it is the duty of the administrative side of the Government to check the police if they err or to conduct an inquiry if something wrong has really been done. What is the objection in conducting an enquiry in gross cases of Police excesses? Please do not burden retired High Court Judges with this enquiry business. It will never come to an end. Even at the time of the Nambudiripad Ministry, so many police enquiries were ordered, nothing tangible has come out so far. I submit that a few members of this House may conduct a preliminary enquiry into the gross injustices done by the Police and submit a report.

In conclusion, with all the emphasis at my command, I request the Government to redress the grievances of my community and I also wish to endorse the views of my colleague in the politburo who spoke yesterday and I hope it will be seriously noted by Government.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: സർ, ബഡ്ജററുപ്രസംഗത്തിൽ ഇൻഡ്യയുടെ സമ്പദ്‌വ്യവസ്ഥയും അതുപോലെതന്നെ കേന്ദ്രസംസ്ഥാന ഗവൺമെൻറുകളുടെ വരുമാന മാർഗ്ഗങ്ങൾ, ചെലവുകൾ മുതലായവ സംബന്ധിച്ചുള്ള പ്രശ്നങ്ങളുമെല്ലാം പരാമർശിച്ചിരുന്നു. അതിനെക്കുറിച്ച് സംസാരിക്കാനാണ് ഞാനാഗ്രഹിക്കുന്നത്. അതുകൊണ്ടുതന്നെ ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പറൻമാർ ഇതിനുമുമ്പുപറഞ്ഞതുപോലെ രാഷ്ട്രീയ കാര്യങ്ങൾ പറയാതിരുന്നാൽ കൊള്ളാമെന്നുതന്നെയായിരുന്നു എൻെറ ആഗ്രഹം.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ ഇവിടെ നടന്ന കുറെ പ്രസംഗങ്ങൾ അവയിൽ ചിലതിന്റെ റിപ്പോർട്ടുകൾ പത്രത്തിൽ വായിക്കുകയും ഇന്നൊരു പ്രസംഗം കേൾക്കുകയും ചെയ്തപ്പോൾ എനിക്കുതോന്നി അപ്പുറത്തിരിക്കുന്ന ചില ബഹുമാനപ്പെട്ട മെമ്പറന്മാർതന്നെ അവർ ആഗ്രഹിക്കുന്നതും പ്രതീക്ഷിക്കുന്നതും എന്തായാലും അടുത്തൊരു തെരഞ്ഞെടുപ്പ് വന്നേക്കുമെന്ന് കണ്ടിട്ട് അതിനുള്ള ഏർപ്പാടും കൂടി തുടങ്ങിയിരിക്കുകയാണെന്ന്. അതു ശരിയായാലും ഇല്ലെങ്കിലും ചിലതു പറയാതിരിക്കാൻ നിവൃത്തിയില്ല; അവർ പറഞ്ഞിട്ടുള്ള സ്ഥിതിക്ക്. എന്തുകൊണ്ട്? എന്റെ പാർട്ടിയുടെ നയം മാത്രമല്ല മാർക്സിസം. മാർക്സിസം എന്താണെന്ന് 1947 മുതൽക്ക് കമ്മ്യൂണിസ്ററുപാർട്ടിയിൽ നടന്നു എന്നു ബഹുമാനപ്പെട്ട മെമ്പറൻമാർ വിചാരിക്കുന്ന എല്ലാവർക്കും അറിയാം. ഈ കാര്യങ്ങളെക്കുറിച്ചെല്ലാം ഇവിടെ പരാമർശം വന്നു. ആ സ്ഥിതിക്ക് ഞാനൊരു കാര്യം പറയാം. 1947—ൽ പി. സി. ജോഷിയുടെകാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. പി. സി. ജോഷി അന്നു പറഞ്ഞതും തുടർച്ചയായിട്ട് അദ്ദേഹവും മററുപലരും പറഞ്ഞിരുന്നതുമായ ഒരു കാര്യമുണ്ട്. ജോഷി അന്നുപറഞ്ഞിരുന്നത് ഗാന്ധിജി മുതൽ കമ്മ്യൂണിസ്ററുകാർ വരെ എല്ലാവരും കൂടി യോജിച്ചു മുന്നണിയുണ്ടാക്കണമെന്നാണ്. 1947-ൽത്തന്നെ പറഞ്ഞതാണ്.

<u>ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ</u>: മഹാനായ ലെനിനും അതുതന്നെ പറഞ്ഞിട്ടില്ലേ?

<u>ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്</u>: മഹാനായ ലെനിൻ മരിക്കുന്നതിന് ഏതാനും മാസങ്ങൾ മുമ്പാണു മഹാത്മാഗാന്ധി രാഷ്ട്രീയജീവിതത്തിൽ വന്നതെന്നുള്ളത് പണ്ഡിതനായ ബഹുമാനപ്പെട്ട മെമ്പർക്കറിയാം. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർക്കും അദ്ദേഹത്തിന്റെ ചില നേതാക്കൻമാർക്കും ഉള്ള അഭിപ്രായം അന്തരിച്ചുപോയ ലെനിന്റെ തലയിൽ വെച്ചേക്കരുത്, അദ്ദേഹത്തിന്റെ ശതാബ്ദി ആഘോഷിക്കുന്ന ഇക്കാലത്തെങ്കിലും എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. അന്നു ജോഷി പറഞ്ഞത് കുറെക്കാലത്തേക്കു പലരും നടപ്പിലാക്കാൻ ശ്രമിച്ചു. പിന്നീടുള്ള അതിന്റെ ചരിത്രത്തിലേക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. ബഹുമാനപ്പെട്ട വൈക്കം മെമ്പർ ആ കാര്യത്തിൽ പണ്ഡിതനാണ്. അതുകൊണ്ട് ആ കാര്യത്തിലേക്ക് കടക്കുന്നില്ല. ഏതായാലും അന്നു ജോഷി പറഞ്ഞത് ഗാന്ധി മുതൽ കമ്മ്യൂണിസ്ററുവരെയുള്ളവർ ചേർന്ന് ഐക്യമുന്നണി ഉണ്ടാക്കണമെന്ന് ആയിരുന്നു. ഒരു ഗാന്ധിമുതൽക്ക് കമ്മ്യൂണിസ്ററുവരെയെന്നുള്ളതു സാധിച്ചു കഴിഞ്ഞിരിക്കുന്നു. അതിൽ ഞാൻ വളരെ അഭിനന്ദിക്കുന്നു. അത് അംഗീകരിക്കാത്ത ഞങ്ങൾ അഭിമന്യുവിനെപ്പോലെ ആണെന്നാണ് പറയുന്നത്. ഞങ്ങളുടെ കാര്യം പറയാം. മഹാഭാരതയുദ്ധത്തെസംബന്ധിച്ചുള്ള കഥ അറിയാവുന്നവർക്ക് അഭിമന്യൂ മാത്രമല്ല ഉത്തരനും കൂടി ഉണ്ടെന്നറിയാം. ആ ഉത്തരനെപ്പോലെ മുമ്പൊരുദിവസം കുരുക്ഷേത്രയുദ്ധത്തിന്റെ കാര്യം പറഞ്ഞ് ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി, ഉത്തരനെപ്പോലെ, പിൻതിരിഞ്ഞ് ഓടരുതെന്ന്. ഏതാണ്ട് ആ ഗതിയിൽ എത്തിയിട്ടുള്ള ബഹുമാനപ്പെട്ട മെമ്പറൻമാർ മഹാഭാരതത്തിലെ കഥയെക്കുറിച്ച് അത്രയേറെ പറയേണ്ട. ഞങ്ങൾക്ക് ഏതായാലും ഉത്തരൻ കാണിക്കുന്നതിനേക്കാൾ ഇഷ്ടമായിരിക്കുന്നത് അഭിമന്യൂ കാണിക്കുന്നതാണ്. അഭിമന്യൂ ഒന്നുമില്ലെങ്കിൽ ധീരതയോടുകൂടി പടവെട്ടി മരിക്കുകയാണ് ചെയ്തത്. ഉത്തരനാണെങ്കിലോ നാണംകെട്ട് ഓടിപ്പോവുകയാണു ചെയ്തത്. ഇതിൽക്കൂടുതലൊന്നും ഞാൻ പറയുന്നില്ല. ഏതായാലും ഞങ്ങളുടെ പാർട്ടി കൊള്ളരുതാത്ത പാർട്ടിയാണ്. ദിവസംതോറും ഒററപ്പെട്ട് തകർന്നുതകർന്നു വരികയാണ്. അവരുടെ പാർട്ടിയാണെങ്കിലോ ദിവസേന വളർന്നുവളർന്നു വരികയാണ്. ഞാനാണെങ്കിലോ അവസരവാദികളിൽവച്ച് അവസരവാദിയാണ്. അപ്പോൾ ആ അവസരവാദിയെ

LIBRARY ARCHIVES Kerala Legislative Assembly

രണ്ടുതവണ മുഖ്യമന്ത്രിയാക്കിയ നിങ്ങളോ? എനിക്കറിഞ്ഞുകൂടാ. ഈവക കാര്യങ്ങളെക്കുറിച്ച് ഇതെല്ലാം ഇവിടെ വലിച്ചിഴക്കാൻ നിങ്ങൾ തയ്യാറായില്ലെങ്കിൽ ഇതു കൂടാതെ കഴിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം.

ഏതായാലും ഇനി ഞാൻ ബഡ്ജററിലേയ്ക്കു കടക്കുകയാണ്. ഈ ബഡ്ജററിൽ ആദ്യം തുടങ്ങുന്നതുതന്നെ വളരെ തെററായ ഒരു സാമ്പത്തിക വിശകലനത്തോടുകൂടി ആണെന്നാണ് എന്റെ അഭിപ്രായം. ബഡ്ജററ് പ്രസംഗത്തിന്റെ ആദ്യപാരഗ്രാഫിൽത്തന്നെ പറയുന്നത്, കഴിഞ്ഞ രണ്ടുവർഷങ്ങളിലായി നമ്മുടെ സമ്പദ്‌വ്യവസ്ഥ മെച്ചപ്പെട്ടുവരുന്നതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. നാലാം പദ്ധതിയുടെ ഒരു കരടുരേഖ തയ്യാറാക്കുകയും വർദ്ധിച്ച ആശങ്കകളോടും കുറഞ്ഞ ആത്മവിശ്വാസത്തോടും കൂടിയായിരുന്നെങ്കിലും ഈ പദ്ധതി പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങൾ തുടങ്ങുകയും ചെയ്തു. വളരെ അനുകൂലമായ സാഹചര്യങ്ങളുടെ ഫലമായി കാർഷികോൽപ്പാദനത്തിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ട്. വ്യവസായരംഗം വീണ്ടും സജീവമായി എന്നു പറഞ്ഞിട്ടുണ്ട്. ഇത് ഇവിടത്തെ ധനകാര്യമന്ത്രി പറയുന്നതിൽ എനിക്ക് അത്ഭുതമില്ല. ഇതുതന്നെയാണു കേന്ദ്രത്തിലെ മന്ത്രിമാരും ഇൻഡ്യയിലെ എല്ലായിടത്തുമുള്ള കോൺഗ്രസ് മന്ത്രിമാരും പറയുന്നത്. ഒരു ഹരിത വിപ്ലവം നടന്നു. ഹരിത വിപ്ലവത്തിന്റെ ഫലമായി കാർഷികോൽപ്പാദനം പൊതുവിലും ഭക്ഷ്യോൽപ്പാദനം വിശേഷിച്ചും വർദ്ധിച്ചു. ഏതാണ്ടു കാർഷികരംഗത്തുമാത്രമല്ല വ്യവസായരംഗത്തേയ്ക്കുകൂടി മുന്നേറാനുള്ള സാഹചര്യമുണ്ടായി എന്ന് പ്രചാരവേല ഉണ്ടായി. അതു ഭോഷ്ക്കാണ്. കേരളത്തിൽമാത്രമല്ല ഇൻഡ്യയിൽത്തന്നെ. അതിന്റെ കണക്കെടുക്കാം. ഈ കണക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിതന്നെ ഞങ്ങൾക്കു തന്നിട്ടുള്ള എക്കണോമിക് റവ്യൂ ഓഫ് കേരള 1969 എന്നതിൽനിന്ന് കൃഷിസംബന്ധിച്ചുള്ള കണക്കാണ്. അതിലേയ്ക്ക് ഞാൻ കടക്കാം. എക്കണോമിക് റവ്യൂവിൽ പേജ് 15, 16 എന്നുള്ളതിൽ റൈസ് പ്രൊഡക്ഷനെപ്പററി പറഞ്ഞിട്ടുണ്ട്. അരിയുൽപ്പാദനം എത്ര വർദ്ധിച്ചിട്ടുണ്ട് എന്നു പറയുന്നിടത്ത്:

In respect of rice Kerala had a record production of 12.51 lakh tonne n 1968-69.

ഇതിലുള്ള റിക്കാർഡാണ്. ഇതുവരെ ഉണ്ടായിട്ടുള്ളതിൽ ഏററവും വലിയ ഉൽപ്പാദനമാണ്. ഇതുപറഞ്ഞിട്ട് ഇതിൽത്തന്നെ

The increase over the year was of the order of 127 thousand tonnes (11.3 per cent).

എന്നുപറഞ്ഞിട്ട് പിന്നീട് പറയുന്നുണ്ട്, The phenomenal increase in the production of rice during 1969 was the result of extension of cropped area as well as adoption of modern techniques of cultivation. The area under paddy increased by 8 percent over the year.

ഇന്ന് സ്ഥലങ്ങളുടെ വ്യാപ്തി 8 ശതമാനം വർദ്ധിച്ചു. അങ്ങനെ സ്ഥലവ്യാപ്തി 8 ശതമാനം വർദ്ധിച്ച അവസരത്തിലാണ് 10 ശതമാനം ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുള്ളത്. ഇതു രണ്ടും കൂട്ടിച്ചേർത്തുകൊണ്ടു അനലൈസ് ചെയ്തിട്ട് ടേബിൾ 3.4 എന്നുള്ളതിൽ (Area, production, productivity) ഇവയിലാണ് പ്രൊഡക്ഷൻ ഇൻക്രീസു ചെയ്തിട്ടുള്ളത്. കണക്കെടുത്തിട്ടുള്ളതിൽനിന്നു പെർ ഏക്കർ പ്രൊഡക്ഷൻ 1,388 കിലോഗ്രാം പെർ ഹെക്ടർ ആയിരുന്നു 1967-1968-ൽ. 1968-69-ൽ 432 ആയി. എന്നുവെച്ചാൽ ഒരുകൊല്ലമുണ്ടായ വർദ്ധനവ് 44 കിലോഗ്രാം. 44 കിലോഗ്രാം പെർ ഹെക്ടർ

LIBRARY ARCHIVES Kerala Legislative Assembly

ഇത് 1387 ഹെക്ടർ മുമ്പുണ്ടായിരുന്നതിലാണ് 44 കിലോ ഗ്രാം വർദ്ധനവ്. ശതമാനം കൂട്ടിയാൽ മൂന്നരശതമാനത്തോളം കഷ്ടിച്ചുവരും. ആ കൊല്ലത്തിൽ പ്രൊഡക്ടിവിറ്റിയിലുണ്ടായിട്ടുള്ള ഇൻക്രീസ് മന്നരശതമാനമാണ്. ഇത് റെക്കാർഡ് പ്രൊഡക്ഷൻ ഉണ്ടായിട്ടുള്ള സ്ഥിതിയാണ്. ഈ മൂന്നര ശതമാനം ഉണ്ടായ കൊല്ലത്തിൽ ജനസംഖ്യയുടെ വർദ്ധനവു രണ്ടരശതമാനം വരും. അപ്പോൾ രണ്ടരശതമാനം വരുന്ന അവസരത്തിൽ ആവശ്യമുള്ള അരി രണ്ടു ശതമാനം വർദ്ധിച്ചിട്ടുണ്ട്. അതിലേയ്ക്കുള്ള ഉൽപ്പാദനം മൂന്നരശതമാനമാണ് വർദ്ധിച്ചിട്ടുള്ളത്. ഇതാണു വസ്തുത. ഇത് റെക്കാർഡ് പ്രൊഡക്ഷനാണ്. ഇതുപറയുമ്പോൾ വേറൊരു സംഗതികൂടി എനിക്കുപറയുവാനുണ്ട്. 11 ശതമാനം ഇൻക്രീസു വന്നു എന്നു പറയുന്നത് 1967-68-ൽ ഉണ്ടായിരുന്ന ഉൽപ്പാദനം വച്ചിട്ടാണ്. ആ ഉൽപ്പാദനമാണെങ്കിൽ 1,123.90 ആയിരുന്നു. അതിൽനിന്നു 1251.70—യിൽ വന്നു എന്നുള്ളതാണ് 11 ശതമാനം വർദ്ധനവ് എന്നുപറഞ്ഞിട്ടുള്ളത്. 1,123 ഉണ്ടായ 1967-68-ന് നാലുകൊല്ലംമുമ്പ് 1963-64 ലെ ഉൽപ്പാദനം 1128 ആയിരുന്നു. 1,128 പിന്നീട് 1,120 ആയി കുറഞ്ഞു. പിന്നീട് 997 ആയി കുറഞ്ഞു. 1,084 ആയി പിന്നെ കൂടി. പിന്നെ 1125 ആയി കൂടി. ഈ ട്രെൻറിനെ സാമ്പത്തികശാസ്ത്രജ്ഞൻമാർ പറയും സ്റ്റാഗ്നേഷൻ ആണെന്ന്. പൊതുവിൽ സ്റ്റാഗ്നേഷനാണ്. ഈ സ്റ്റാഗ്നേഷനുള്ള സന്ദർഭത്തിൽ 1,128 മുമ്പുണ്ടായിരുന്നു. അത് സ്റ്റാഗ്നൈസു ചെയ്തുകൊണ്ട് നിൽക്കുന്നതിൽ നിന്നും 23-ൽ എത്തി. 23-ൽ എത്തിയതിൽനിന്നും ഒരുതവണ 1251 വന്നു. അതുകഴിഞ്ഞ് വീണ്ടും 1969-70 ആയപ്പോൾ 1,215 ആയി കുറഞ്ഞിട്ടുണ്ട്. 1968-69-ൽ ഉണ്ടായ വർദ്ധനവ് നല്ലതാണ്. അതിനെസ്വാഗതം ചെയ്യുന്നു. ഇതു ഒരു വലിയകാർഷികവിപ്ലവമാണ്, ഹരിതവിപ്ലവമാണ് എന്നുള്ള പ്രചാരവേല ഒന്നുകിൽ സാമ്പത്തികകാര്യങ്ങളെക്കുറിച്ചുള്ള വിവരമില്ലായ്ക, അല്ലെങ്കിൽ ആളെപ്പറ്റിക്കാനുള്ള ഏർപ്പാട്. രണ്ടാമത്തെതാണെന്നാണു എൻെറ വിചാരം. വിവരമില്ലാത്ത ആളാണ് പണ്ഡിതനായ ശേഷനെന്നു ധനകാര്യമന്ത്രിയെപ്പററി ഞാൻ പറയുകയില്ല. അങ്ങനെയാണെങ്കിൽ ആളെ പററിക്കാനാണ്. ഇതു കേരളത്തിനു മാത്രം ബാധകമല്ല. ഇൻഡ്യയിലെയാകെസ്ഥിതി ഇതുതന്നെയാണ്. ഇൻഡ്യയിൽ ഹരിതവിപ്ലവം നടക്കുന്നുയെന്നാണ്. അതിൻെറ സ്ഥിതിയെന്താണ്? ഇതു കേന്ദ്രഗവൺമെൻറ് ബഡ്ജററിനോടൊപ്പം കൊടുത്ത എക്ണോമിക് സർവ്വേയുടെ (അതിൻെറ ഫുൾടെക്സ്ററ് എനിക്ക് കിട്ടിയിട്ടില്ല) പത്രത്തിൽ വന്ന ഒരു ടേബിളാണ്. അതിൽ 1964-65 മുതൽക്കുള്ള ഉൽപ്പാനം കൊടുക്കുന്നുണ്ട്. അതിൻെറ കണക്കിതാണ്.

1964-65	..	38.3	മില്ല്യൻടൺ
1965-66	..	30.7	..
1966-67	..	30.4	..
1967-68	..	37.6	..
1968-69	..	39.8	..

1965-65-ലും 38.3 ഉണ്ടായിരുന്നു. അപ്പോൾ ഇതാണോ ഹരിതവിപ്ലവം? ഇനി ഗോതമ്പിൻെറ കാര്യമെടുക്കാം. ഗോതമ്പിൻെറ കാര്യത്തിൽ വർദ്ധനവുണ്ട്. അതു ഞാൻ സമ്മതിക്കുന്നു. എന്നാൽ അരി, ഗോതമ്പ്, പൾസസ് ഇതെല്ലാം കൂടിയുള്ള ടോട്ടൽ ഫുഡ്ഗ്രെയിൻസ് 1964-65-ൽ 84.8 ആയിരുന്നത് 1968—69—ൽ 94.00 ആണ്. നാലുകൊല്ലത്തിനിടയ്ക്ക് നാലു ശതമാനമാണ് വർദ്ധനവ്. ഈ സമയത്ത് ഇൻഡ്യയിലുള്ള ജനസംഖ്യാ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധനവ് നോക്കിയാൽ അതിന് അനുസരണമായി ഭക്ഷ്യോൽപ്പാദനം വർദ്ധിച്ചിട്ടില്ലെന്നുള്ളതാണു സത്യം. ഇതാണോ ഹരിതവിപ്ലവം. ഇതിനെ ആസ്പദിച്ച് വ്യവസായികവിപ്ലവം വരാൻ പോവുകയാണ്, പദ്ധതിയാകെ പ്രഖ്യാപിക്കാൻ പോകുകയാണ് എന്നാണു വാദം. ഇതിനോട് സത്യസന്ധതയുള്ള സാമ്പത്തികശാസ്ത്ര വിദ്യാർത്ഥികൾക്കു യോജിക്കാൻ സാധ്യമല്ല. യാഥാർത്ഥ്യം പറയുകയാണെങ്കിൽ ഇന്നു ഈ ഹരിതവിപ്ലവം എന്നുപറയുന്നതുപോലെ ഒന്ന് ഇൻഡ്യയിൽ ആസൂത്രണത്തിന്റെ ചരിത്രത്തിൽ ഇതിനുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല. ഒന്നാംപദ്ധതികാലത്ത് 1951 മുതൽ 1956 വരെയുള്ള കാലത്ത് ഭക്ഷ്യോൽപാദനം വർദ്ധിച്ചു കാർഷികോൽപാദനം വർദ്ധിച്ചു എന്നു പറയുന്നതുപോലെതന്നെ കാർഷികപ്രശ്നങ്ങൾക്കുള്ള പരിഹാരം കണ്ടുകഴിഞ്ഞുയെന്നുള്ള വാദം അന്നും ഉണ്ടായിരുന്നു. അത് ആകെ പൊളിഞ്ഞുപോയി. ഇത് ഇൻഡ്യയിലെ ആസൂത്രണത്തിന്റെ ചരിത്രം സൂക്ഷ്മമായി പഠിച്ചവർക്ക് അറിയാവുന്നതാണ്. ഒന്നാം പഞ്ചവൽസരപദ്ധതിക്കാലത്ത് ചില സാഹചര്യങ്ങളുടെ ഫലമായി, അതിലൊന്ന് ഒന്നുരണ്ടുവർഷങ്ങൾ തുടർച്ചയായും ക്രമമായും നല്ല മഴകിട്ടിയെന്നുള്ളതുകൊണ്ടാണ്, ഉൽപ്പാദനവർദ്ധനവുണ്ടായി. ഇപ്പോഴത്തെ ഉൽപ്പാദനവർദ്ധനവിന് അതു മാത്രമാണ് കാരണമെന്ന് ഞാൻ പറയുന്നില്ല. ടെക്നിക്സ് ഓഫ് പ്രൊഡക്ഷനിൽ വന്നിട്ടുള്ള പുരോഗതിയും ഒരുകാര്യമാണ്. എന്നാൽ ആ ടെക്നിക്സ് ഓഫ് പ്രൊഡക്ഷൻ ഒരു പിടി വലിയ കൃഷിക്കാരെ മാത്രമേ സ്പർശിച്ചിട്ടുള്ളൂയെന്നുള്ളതു സത്യമാണ്. കാർഷികോൽപ്പാദനത്തിന്റെ വർദ്ധനവിനെ സംബന്ധിച്ചു പഠിച്ചിട്ടുള്ള ധനകാര്യശാസ്ത്ര വിദഗ്ദ്ധൻമാർ എല്ലാം പറയുന്നത് ഹരിതവിപ്ലവവും ടെക്നോളജിക്കൽ റെവല്യൂഷനും എല്ലാംകൊണ്ടും ഗുണം ഉണ്ടാകുന്നത് കുറെ പണക്കാരായ ആളുകൾക്കാണ്. അതുകൊണ്ട് ഈ രാജ്യത്തുണ്ടായിട്ടുള്ള ഗുണത്തെസംബന്ധിച്ചൊന്നും ഞാൻ ആക്ഷേപിക്കുന്നില്ല. എന്നാൽ അതോടൊപ്പം തന്നെ ഇത്തരത്തിലുള്ള കാര്യങ്ങളുടെപിടി ധനികകൃഷിക്കാരുടെയും വൻകിടമുതലാളിമാരുടെയും കൃഷിസ്ഥലങ്ങളിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു കഴിഞ്ഞതിന്റെ ഫലമായി ലക്ഷക്കണക്കിന് കൃഷിക്കാർക്കു ഭൂമി നഷ്ടപ്പെട്ടിട്ടുണ്ട്. ഇപ്പോഴാണെങ്കിൽ ട്രാക്റ്ററിന്റെ നയം മുഴുവൻ വിശദീകരിക്കാൻ സമയമില്ല. യന്ത്രങ്ങളുടെയും മററും പ്രയോഗഫലമായി ആളുകൾക്ക് പണിയില്ലാതെയാകുന്നു. അതെല്ലാം എവിടെ കൊണ്ടു ചെന്നെത്തിക്കുന്നു? ഇതിന്റെയെല്ലാം ഫലമായി ഒരു പിടിധനികകൃഷിക്കാർക്കും വൻകിട ഭൂഉടമകൾക്കും കൂടുതൽ ലാഭം കിട്ടുന്നു. അവരുടെ കൃഷിസ്ഥലത്തെസംബന്ധിച്ചിടത്തോളം ഉൽപാദനം വർദ്ധിക്കുന്നു. പക്ഷേ വളരെയേറെ കൃഷിക്കാരായ ആളുകൾ കൃഷിഭൂമി നഷ്ടപ്പെട്ടു കാർഷികത്തൊഴിലാളികളായിത്തീരുന്നു. ഇതു ഒരു വൻപിച്ച സാമൂഹ്യപ്രശ്നമായി വരാൻ പോകുകയാണ്. ഇതിന്റെയെല്ലാം ഫലമാണ് ഞാൻ മുമ്പു ഒരു സന്ദർഭത്തിൽ ഈ സഭയിൽത്തന്നെ ഉദ്ധരിച്ച സെൻട്രൽ ഹോം മിനിസ്ട്രിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്, ഒരു പൊട്ടിത്തെറിയുടെ വക്കത്താണ് എന്ന്, സെൻട്രൽ ഹോംമിനസ്ട്രി പറയുന്നതിനുപകരം ഞാനായിരുന്നു അതു പറഞ്ഞിരുന്നതെങ്കിൽ ഇ. എം. എസ്. പൊട്ടിത്തെറിപ്പിക്കാൻ വേണ്ടി പറയുകയാണ് എന്നു വന്നേനെ. ഇതാണു പ്രചാരവേലയുടെ രീതി. യഥാർത്ഥത്തിൽ സാമൂഹ്യശക്തികളുടെയും സാമ്പത്തികനിയമങ്ങളുടെയും പ്രവർത്തനത്തിന്റെ ഫലമായി ഇതു സംഭവിക്കാൻ പോകുകയാണ്. ബഹുമാനപ്പെട്ട ശ്രീനിവാസൻ ലെനിന്റെ പേരു പറഞ്ഞു. ബഹുമാനപ്പെട്ട ഗോപാലകൃഷ്ണനും പറഞ്ഞു. പക്ഷേ ഒരു പ്രക്രിയയെ സംബന്ധിച്ച് ലെനിൻ എന്താണു പറഞ്ഞിട്ടുള്ളതെന്നു ലെനിന്റെ ശതാബ്ദി ആഘോഷിക്കുന്ന ഈ കൊല്ലമെങ്കിലും ഒന്നു വായിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഈ കാര്യത്തെ സംബന്ധിച്ചു വളരെ വിശദമായി മാർക്സിസ്ററുപണ്ഡിതൻമാർ പറഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളതു് മുതലാളിത്തം അഭിവൃദ്ധിപ്പെടുന്നതിന്റെ ഫലമായി, ടെക്നോളജിക്കൽ പ്രൊഡക്ഷൻ ഇംപ്രൂവ് ചെയ്യും. അതിന്റെഫലമായി ഉൽപ്പാദനം വർദ്ധിക്കുകയും ചെയ്യും. എന്നാൽ ആ ടെക്നിക് ഓഫ് പ്രൊഡക്ഷന്റെ പുരോഗതിയും പ്രൊഡക്റ്റുവിറ്റിയും എല്ലാം ഒരു പിടി വൻകിടകൃഷിക്കാരുടെ കൈയിൽ ഒതുങ്ങിനിൽക്കുകയും രാജ്യത്ത് ആളുകൾക്ക് അതുകൊണ്ടു കഷ്ടത വരികയും ചെയ്യും. അതിൽ ഏതുഭാഗത്തു നിൽക്കുന്നുവെന്നുള്ളതാണ് ചോദ്യം. നാട്ടുകാർ മുഴുവൻ ഞങ്ങളുടെ കൂടെയാണ്'' എന്നു പറയുന്നതിന്റെ അർത്ഥം ഈ കൂട്ടരെല്ലാം നിങ്ങളുടെകൂടെയാണെന്നാണ്. അക്കാര്യത്തിൽ യാതൊരു പരാതിയും ഇല്ല. അവരുടെ കൂട്ടുകെട്ടിന്റെ കുത്തകാവകാശം ബഹുമാനപ്പെട്ട ശ്രീനിവാസന്റെ പാർട്ടിക്കു തന്നെ ഇരിക്കട്ടെ. ഞങ്ങൾ അവസരവാദികളായാലും പക്ഷേ ഈ കൂട്ടരോട് നിൽക്കാനാണ് ഇഷ്ടപ്പെടുന്നത്. ഇതു സംബന്ധിച്ച് കൂടുതൽ പറയാൻ സമയമില്ല.

ഇനി ധനാഗമമാർഗ്ഗങ്ങളെപ്പറ്റി. ധനാഗമമാർഗ്ഗങ്ങളെപ്പറ്റി ഇവിടെ പറയുന്നത് അർദ്ധസത്യമാണ്; സ്റേററിന്റെ ധനാഗമമാർഗ്ഗങ്ങൾ. ഇവിടത്തെ വരവുചിലവുകളും അതിന്റെ ഫലമായിട്ടുണ്ടാകുന്നതായ ധനാഗമപരമായ നിലകളും സംബന്ധിച്ച് ഇവിടെ ധനകാര്യമന്ത്രിയുടെ ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള സംഗതികൾ അർദ്ധസത്യങ്ങളാണ്. എന്തുകൊണ്ട്? കേരളത്തിന്റെ ധനപരമായ നില മോശമാണെന്നാണു് പറഞ്ഞിട്ടുള്ളത്. അതു സത്യമാണ്. അതിനു കേന്ദ്രത്തിന്റെ സഹായം കിട്ടണമെന്നുള്ളതും സത്യം. കേന്ദ്രത്തിന്റെ സഹായം കിട്ടിയില്ലെങ്കിൽ ഇന്നത്തെപ്പോലെ ബഡ്ജററുകമ്മി കുന്നുകൂടി കിടക്കുമെന്നുള്ളതും സത്യം. അതെല്ല സത്യം എന്തുകൊണ്ട് ഞാൻ അർദ്ധസത്യമെന്നു പറയുന്നു? കേരളത്തിന്റെ സ്ഥിതി മാത്രമല്ല മററു സ്റേററുകളുടെ സ്ഥിതി മത്രമല്ല കേന്ദ്രവും കൂടിയുള്ള ഇൻഡ്യയുടെ ആകെ സ്ഥിതി ഇതാണ്. കേന്ദ്രത്തിന്റെ സ്ഥിതിയെന്താണ്? പിന്നിട്ട ഒരു ദശാബ്ദത്തിന്റെ കഥ പറഞ്ഞു. ആ ദശാബ്ദത്തിന്റെ സ്ഥിതിയെന്താണ്? 1961-62-മുതൽ 70-71 വരെ ബഡ്ജററുകളിൽ ഓരോകൊല്ലവും റവന്യൂ അക്കൗണ്ടിൽ കേന്ദ്രത്തിനു മിച്ചം. അതേസമയം ക്യാപ്പിററൽ അക്കൗണ്ടിൽ ഓരോ കൊല്ലവും കമ്മിയാണ്. അങ്ങനെ കേന്ദ്രത്തിന് ഓവർആൾ കമ്മിയാണ്. സ്റേററുകളിൽ ചില സ്ഥലത്ത് ചില കൊല്ലം കമ്മിയല്ലാതായിരുന്നിട്ടുണ്ട്, മിച്ചം ഉണ്ടായിട്ടുണ്ട്, അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ നോക്കിയാൽ ഉള്ള ഓവർ ആൾ ഡെഫിസിററ് വളരെയാണ്. ഇക്കഴിഞ്ഞ 10 കൊല്ലക്കാലത്തേത് രണ്ടായിരംകോടി രൂപയാണ്.

എക്കണോമിക് റവ്യൂ കേരള പേജ് നാലിൽ പറയുന്നത് ഇതാണ്. The combined expenditure of Central and State Governments rose from Rs. 2640 crores in 1960-61 to Rs. 6907 crores in 1969-70 recording an increase of about 162 per cent. While development expenditure increased by 135 per cent, non-development expenditure recorded a higher rise of 197 per cent. Mounting non-developmental expenditure and continuously rising prices during the period ate up the size of the real resources available for economic growth.

ശ്രീ. കരുണാകരൻ ഇതൊക്കെ ശ്രദ്ധിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ നോൺ ഡെവലപ്പ്മെന്റൽ എക്സ്പെൻറിച്ചർ വർദ്ധിച്ചതിനെപ്പററി കഴിഞ്ഞ മൂന്നു ബഡ്ജററു കാലത്തും അദ്ദേഹം വിമർശിക്കുകയുണ്ടായി. ഇപ്പോഴും അദ്ദേഹം അത്രതന്നെ ശക്തിയായിട്ടല്ലെങ്കിലും ഇപ്പോഴും പറയുന്നുണ്ട്. കേന്ദ്രം അടക്കമുള്ള എല്ലാ സ്റേററുകളുടെയും സ്ഥിതി ഇതുതന്നെയാണ്,

LIBRARY ARCHIVES Kerala Legislative Assembly

ഇതു ഞാൻ പറയുന്നതല്ല. ഗവൺമെൻറ് നമുക്ക് അച്ചടിച്ചു വിതരണം ചെയ്തിട്ടുള്ള പുസ്തകത്തിലുള്ളതാണ്.

While development expenditure increased by 135 per cent, non-development expenditure recorded a higher rise of 197 per cent. Mounting non-developmental expenditure and continuously rising price; during the period ate up the size of the real resources available for economic growth. During the nine years from 1961-62 to 1969-70, the total combined budgetary deficit of the Centre and State Government amounted to about Rs. 2,000 crores. This huge gap was filled by deficit financing.

ശ്രീ. കെ. കരുണാകരൻ: നോൺ ഡെവലപ്പുമെൻറൽച്ചെലവ് സെൻട്രലിൽ വർദ്ധിക്കാനുള്ള കാരണമെന്താണ്?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സ്റേററിൽ വർദ്ധിക്കുവാനും കാരണം കാണും. ഇന്നും ബഹുമാനപ്പെട്ട കരുണാകരന്റെ പാർട്ടി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ നോൺഡെവലപ്പുമെൻറൽ ചെലവ് വർദ്ധിക്കാനുള്ള കാരണം ഉണ്ടാകും. ആ കാരണങ്ങളല്ല ഇവിടത്തെ പ്രശ്നം. രണ്ടോ മൂന്നോ കൊല്ലം അദ്ദേഹത്തിന്റെ പാർട്ടിയല്ലാത്ത വേറെ ചില പാർട്ടികൾ—എന്റെ പാർട്ടിയായാലും കൊള്ളാം അങ്ങേപ്പുറത്തിരിക്കുന്ന പാർട്ടികളായാലും കൊള്ളാം—ഭരിക്കുന്ന സമയത്ത് അവിടത്തെ നോൺഡെവലപ്പുമെൻറൽ ചെലവിനെപ്പററി ഇത്ര ഭയങ്കരമായി പ്രസംഗിക്കുന്ന കരുണാകരൻ ഇതു ശ്രദ്ധിക്കണം. ഞാൻ ഇതൊരു പാർട്ടി പ്രശ്നമായിട്ട് കാണുന്നില്ല. ഞാൻ ഇത് കാണുന്നത് രാജ്യത്തിന്റെ പ്രശ്നമായിട്ടാണ്. കേന്ദ്രത്തിന്റെയോ സംസ്ഥാനത്തിന്റെയോ പ്രശ്നമായിട്ടല്ല കാണുന്നത്. എന്തുകൊണ്ടെന്നാൽ ഭരണഘടനയിലെ ചില വകുപ്പുകളെസംബന്ധിച്ച് എന്തു പറഞ്ഞാലും കേന്ദ്രവും സംസ്ഥാനങ്ങളും കൂടിയാണ് ഇവിടത്തെ സാമ്പത്തിക പ്രശ്നം കൈകാര്യം ചെയ്യുന്നത്, ആസൂത്രണം നടത്തുന്നത്. ഇങ്ങനെവരുമ്പോൾ കേന്ദ്രവും സംസ്ഥാനങ്ങളും കൂടി ഒൻപതുകൊല്ലത്തെ സ്ഥിതി ഇതാണ്, മാത്രമല്ല ഞാൻ ശേഖരിച്ച വേറെ ചില സ്ഥലത്തെ കണക്കുകൾ പരിശോധിച്ചതനുസരിച്ച് ആസൂത്രണം തുടങ്ങിയ കാലംമുതൽക്കുള്ള സ്ഥിതി ഇതാണ്. വിശേഷിച്ചും രണ്ടാംപഞ്ചവൽസരപദ്ധതി തുടങ്ങിയ കാലം മുതൽ ഉള്ള സ്ഥിതി ഇതാണ്. ഈ പദ്ധതികൾ നടപ്പാക്കാൻ വേണ്ടി കണ്ടുപിടിക്കാൻ അംഗീകരിച്ചിട്ടുള്ള മാർഗ്ഗങ്ങളുടെ തെററിൽ നിന്നാണ് ഇതു വരുന്നതെന്നാണ് എന്റെ അഭിപ്രായം. ഇതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതുപോലെ കേന്ദ്രത്തിൽനിന്നു കിട്ടണമെന്നു ആവശ്യപ്പെടുന്നതുകൊണ്ടുമാത്രം പ്രശ്നം തീരുകയില്ല. കേന്ദ്രത്തിൽനിന്ന് കിട്ടണമെന്ന് ആവശ്യപ്പെടണം. അതിന് ഏതു ഗവൺമെൻറു വന്നാലും ശരി ഈ ഗവൺമെൻറുപോയി വേറൊരു ഗവൺമെൻറു വന്നാലും ഒരു ഗവൺമെൻറുമില്ലാതെ പ്രസിഡൻറു ഭരണം വന്നാലും എന്തു വന്നാലും ശരി കേരളത്തെസംബന്ധിച്ചിടത്തോളം കിട്ടേണ്ട കാര്യങ്ങൾ കിട്ടണം. ഇത് ആവശ്യപ്പെടുന്നതിൽ കേരളം മാത്രമല്ല എല്ലാ സംസ്ഥാനങ്ങളും നമ്മുടെ കൂടെ കാണുകയും ചെയ്യും. അവരെയെല്ലാം കൂട്ടാൻ ശ്രമിക്കുക. കുറെകൂടിയിട്ടാണ് ചില കാര്യങ്ങളിലെങ്കിലും ചില വിട്ടുവീഴ്ചകൾ കേന്ദ്രം ചെയ്തിട്ടുള്ളത്. പക്ഷേ അതുകൊണ്ട് പ്രശ്നം തീരുന്നില്ല. എന്തുകൊണ്ടെന്നാൽ കേന്ദ്രം തരികയെന്നു പറഞ്ഞാലും നമ്മൾ വയ്ക്കുന്നതുതന്നെയാണ് തരേണ്ടത്. ഇൻഡ്യ ഒരൊററ രാജ്യമാണ്. ഒരൊററ രാജ്യം ആകരുതെന്ന് ആരും പറഞ്ഞിട്ടില്ല. ഉള്ളിൽ ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

വർപോലും അതു പറയുന്നില്ല. ഇൻഡ്യ ഒരൊററ രാജ്യമായിരിക്കുമ്പോൾ, അതിന്റെ സമ്പദ്‌വ്യവസ്ഥ ഒന്നായിരിക്കുമ്പോൾ ഈ സമ്പദ്‌വ്യവസ്ഥക്ക് ആകെയുള്ള ദോഷം നമ്മെയെല്ലാം ബാധിക്കും. അതുകൊണ്ട് ഇതൊരു ഗൗരവപ്രശ്നമായി കണക്കിലെടുത്തു ഇതിന്റെ പരിഹാരം കാണാനുള്ള ശ്രമംകൂടി കക്ഷി പരിഗണനകൾക്കതീതമായി നടത്തണം. ഇതാണ് എനിക്ക് ബഹുമാനപ്പെട്ട കരുണാകരനോടു പറയാനുള്ളത്. ഒരുപക്ഷേ കേന്ദ്രത്തിൽത്തന്നെ അദ്ദേഹത്തിന്റെ പാർട്ടിയില്ലാതായിയെന്നു വരും. അന്നു ഒരു നയം മാററം വന്നുകൂടാ. രാജ്യതാൽപ്പര്യം ഒന്നായി കണക്കിലെടുത്തുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ കഴിയണം. അതിനുവേണ്ടി ഒരു സമീപനം ഉണ്ടാകണമെന്നാണ് എനിക്കു പറയാനുള്ളത്.

അതു പറയുമ്പോൾ ഈ രാഷ്ട്രീയം കുറച്ചു പറയാതിരിക്കാൻ നിവർത്തിയില്ല. ഇവിടെ പ്രശ്നം ഈ കഴിഞ്ഞ 19 കൊല്ലമായിട്ടെങ്കിലും അതായത് പഞ്ചവൽസരപദ്ധതിതുടങ്ങിയ കാലംമുതൽക്കെങ്കിലും ഇൻഡ്യയിൽ വന്നിട്ടുള്ള സാമ്പത്തികമാററങ്ങൾ ആ സാമ്പത്തികമാററങ്ങളുടെ ഗുണങ്ങളും ദോഷങ്ങളും അതു വേണ്ടവിധത്തിൽ വിലയിരുത്തി ഇനി മുമ്പോട്ടുപോകേണ്ടത് എങ്ങനെ എന്നുള്ളതിനെസംബന്ധിച്ച് കാര്യമായിട്ടുള്ള ഒരു പുന:പ്പരിശോധന നടത്താൻ ഇന്ന് എല്ലാവരും ബാധ്യതപ്പെട്ടിരിക്കുകയാണ്. വിശേഷിച്ചും ഈ കഴിഞ്ഞ 18 കൊല്ലക്കാലത്ത് എന്തൊക്കെ തകരാറുകൾ പററിയിട്ടുണ്ടെന്നു പരിശോധിക്കുകയും അങ്ങനെ പററിയതിനുള്ള കാരണങ്ങൾ എന്താണെന്നുള്ളതിനെസംബന്ധിച്ച്—ആ പ്രശ്നത്തെസംബന്ധിച്ച് ഞാൻ എന്തെങ്കിലും പറഞ്ഞാൽ അതു കേൾക്കുമോയെന്നറിഞ്ഞുകൂട. ആ പ്രശ്നത്തെസംബന്ധിച്ചുള്ള അഭിപ്രായവ്യത്യാസംകൊണ്ട് രണ്ടായിപിരിഞ്ഞിരിക്കുന്ന ഭരണാധികാരികളുണ്ട്. ആ അഭിപ്രായവ്യത്യാസം കൊണ്ടല്ല പിരിഞ്ഞതെന്നാണ് എന്റെ അഭിപ്രായം. ആ കാഴ്ചപ്പാടാണ് ഉള്ളതെങ്കിൽ ഇതിൽ ആരാണ് കള്ളൻ എന്ന ചോദ്യം വരും. അതിരിക്കട്ടെ. ഏതായാലും കാര്യമായിട്ടുള്ള ഒരു പുന:പ്പരിശോധന നടത്താൻ ഒരു പാർട്ടിയുടേയും നയപരിപാടികളെ വിമർശിക്കുകയല്ല ഇപ്പോൾ ചെയ്യുന്നത്. അതുസംബന്ധിച്ച് എനിക്കു ശക്തിയായ അഭിപ്രായമുണ്ട്. എന്റെ പാർട്ടിയെസംബന്ധിച്ച് നിങ്ങളിൽപലർക്കും ശക്തിയായിട്ടുള്ള അഭിപ്രായങ്ങൾ ഉണ്ടായിരിക്കും. ആ ശക്തിയായിട്ടുള്ള അഭിപ്രായങ്ങളെല്ലാം വളരെ വ്യക്തമായി യാതൊരു മുൻവിധിയുംകൂടാതെ പരിശോധിക്കുന്നതിനുവേണ്ടിയുള്ള ഒരു സന്ദർഭമുണ്ടാകണം. അങ്ങനെ പരിശോധിക്കുന്ന അവസരത്തിൽ ഇവിടെ ചർച്ച ചെയ്യുന്നതായിട്ടുള്ള പോലീസിന്റെ കാര്യം ഈ ബഡ്ജററുമായിട്ട് ബന്ധമില്ലാത്ത കാര്യമല്ലെന്നു കാണാൻ സാധിക്കും. എന്തുകൊണ്ടെന്നാൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ കാർഷികപ്രശ്നവുമായി ഇതു ബന്ധപ്പെട്ടിരിക്കുന്നു. ഈ കാർഷികപ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നുള്ളകാര്യത്തിൽ രണ്ടഭിപ്രായഗതിയുണ്ട്. അതിൽ ഏതാണ് മാർക്സിസം ഏതാണ് ലനിനിസം എന്നു ചർച്ചചെയ്യാൻ കഴിവുള്ള പണ്ഡിതനായ വൈക്കം മെമ്പർ അതിനെസംബന്ധിച്ച് ഇവിടെ പലതും പറഞ്ഞുകഴിഞ്ഞു. എന്നാൽ ഇവിടെ വളരെ വ്യക്തമായിട്ടും രണ്ടു നയങ്ങളുണ്ട്. ഒന്ന് ഈ കാർഷികപ്രശ്നം പരിഹരിക്കണമെന്നുണ്ടെങ്കിൽ അതിനുള്ള മാർഗ്ഗം ഒരു പിടി വൻകിട ജൻമിമാർക്കും കർഷക ഭൂ ഉടമകൾക്കും വാരിവാരികൊടുത്തിട്ടല്ല. ബഹുഭൂരിപക്ഷം വരുന്ന കർഷകത്തൊഴിലാളികളെ അടിച്ചമർത്തിയിട്ടല്ല. അങ്ങനെ ഒരു സമീപനമുണ്ട്. അതാണ് ഞങ്ങളുടെ പാർട്ടിയുടെ സമീപനം. ആ സമീപനം അംഗീകരിക്കാത്ത ചില പാർട്ടികളുണ്ട്. ആ പാർട്ടികളാണ് അപ്പുറത്തിരിക്കുന്നത്. മാർക്സിസം ലനിനിസത്തെപ്പററിയൊക്കെ അഭിപ്രായം പറയുന്ന നിങ്ങൾക്ക് ഇപ്പോൾ ആരൊക്കെയാണ് കൂട്ട്. അവരെല്ലാം ലനിനിന്റെ നയം അംഗീകരിക്കുന്നവരാണോ? ശ്രീമാൻ ജോർജ്ജ് കൈയടി

ക്കുന്നതുകേട്ടു. അത് എന്തുകൊണ്ടുവന്നു? പിന്നെ മറെറാരു പരിശുദ്ധനായ മെമ്പറുടെ താടിവയ്ക്കലിന്റെയും താടി എടുക്കലിന്റെയും കഥയിലേക്ക് ഞാൻ കടക്കുന്നില്ല. അതിന്റെ പിന്നിലുള്ള ചരിത്രത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇതു വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഈ നാട്ടിൽ കാർഷികോൽപ്പാദനം വികസിപ്പിക്കുന്നതിന് കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഇവിടെ ഭക്ഷ്യകമ്മി നികഴ്ത്തുന്നതിന് നിങ്ങൾ ആരെയാണ് ആശ്രയിക്കുന്നത്? ഭൂരിപക്ഷംവരുന്ന പാവപ്പെട്ടവരെന്ന് അംഗീകരിക്കപ്പെടുന്ന നിരക്ഷര കക്ഷികളെന്നംഗീകരിക്കപ്പെടുന്ന ലക്ഷോപലക്ഷം കർഷകത്തൊഴിലാളികളെയാണോ അതോ കുറെ സൗകര്യങ്ങളൊക്കെയുള്ള ഏതെങ്കിലും ആഫീസിലൊക്കെപോയിട്ട് കുറെ പണമൊക്കെ ശേഖരിക്കുകയും കുറെ പണം ചെലവാക്കിയിട്ട് യന്ത്രക്കലപ്പയും ട്രാക്ടറുകളും, ഇതെല്ലാം ഉപയോഗിക്കുകയും—ഇതെല്ലാം ചെയ്യാൻ സൗകര്യമുള്ള ഒരുപിടി പണക്കാരെയാണോ? ഇതാണ് സ്ട്രെയിററു ക്വസ്ററ്യൻ. ആ ക്വസ്ററ്യൻ മൂടിവയ്ക്കാൻ നിങ്ങൾക്കു മറെറന്തെങ്കിലും തടസ്സങ്ങളൊക്കെ പറയാം. ഇത് മൂടിവയ്ക്കാൻ വേണ്ടിയിട്ട് ആണ് ശ്രീമാൻ ശ്രീനിവാസൻ ഘോരഘോരം പ്രസംഗിച്ചത്. ഘോരഘോരം പ്രസംഗിച്ചിട്ട് ആ പ്രസംഗംമുഴുവൻ ശരിയാണെന്ന് അദ്ദേഹത്തിനു ബോധ്യപ്പെട്ടു. എനിക്കു ബോധ്യപ്പെട്ടില്ല. അദ്ദേഹത്തിന്റെ ബോധ്യവും എന്റെ ബോധ്യവുമല്ലല്ലോ പ്രശ്നം. നാട്ടുകാർക്കു ബോധ്യപ്പെടുന്നത് ഏതാണ്? അവർക്ക് ബോധ്യപ്പെടുന്നത് എതാണ്. ഞങ്ങൾ ഒററപ്പെട്ടുവെന്നാണ് അവരുടെ വിശ്വാസം. ആകട്ടെ. ഞങ്ങൾ ഒററപ്പെട്ടു, ഒററപ്പെട്ടു—അവരുടെ തൊലിക്കട്ടിയെപ്പററി ഞാൻ ആലോചിക്കുകയാണ്. 1965—ൽ അവർ ജയിച്ചു എന്നാണ് അവരുടെ ധാരണ. എന്താണു ചെയ്യുക. ന്യായം എന്താണെന്നറിയാമോ? എന്നെ ഗ്യാലറിയിൽ ഇരുത്തുമെന്നല്ലേ പ്രസംഗിച്ചത്. ഗ്യാലറിയിൽപോലും ഇരിക്കാൻ നിങ്ങൾക്കു സൗകര്യംകിട്ടിയില്ല. ഇവരുടെ തൊലിക്കട്ടിയെ നമസ്ക്കരിക്കുകതന്നെ വേണം. അതു നിൽക്കട്ടെ. ശരിക്കു പറഞ്ഞാൽ പ്രശ്നം ഇതാണ്. കാൺഗ്രസ്സിനോടു കൂട്ടുകൂടിയെന്നുള്ളത് അതിന്റെ ബാഹ്യരൂപം മാത്രമാണ്. യഥാർത്ഥപ്രശ്നം വർഗ്ഗബന്ധങ്ങളാണ്. നാട്ടിൻപുറങ്ങളിൽ രണ്ടു ദരിദ്ര വർഗ്ഗങ്ങളുണ്ട്. ഇതാണ് ലനിനോട് വല്ല ബഹുമാനവുമുണ്ടെങ്കിൽ അംഗീകരിക്കേണ്ടത്. അത് അംഗീകരിക്കാൻ ശ്രീമാൻമാരായ മുഹമ്മദുകോയക്കും ശേഷനും ജോർജ്ജിനും യാതൊരു ഉത്തരവാദിത്വവുമില്ല. എങ്കിലും ബഹുമാനപ്പെട്ട അച്യുതമേനോനും ബഹുമാനപ്പെട്ട ബേബിജോണിനും ഉണ്ടെന്നാണ് എനിക്കു തോന്നുന്നത്. അതല്ല ലനിനിസം ഉപേക്ഷിച്ചുവെന്നു പറഞ്ഞാൽ ആക്ഷേപമില്ല. ഇതുണ്ടെങ്കിൽ നാട്ടിൻപുറങ്ങളിൽ ബന്ധപ്പെട്ടതായിട്ടുള്ള വിപ്ലവം, അതിനെ ഹരിതവിപ്ലവമെന്നു വിളിച്ചാലും—ശ്രീ. ചവാൻ അത് ഒരു പക്ഷേ രക്തവിപ്ലവമായേക്കാമെന്നു പറയുന്നുണ്ട്. ശ്രീമാൻ മാണിയുടെ പ്രസംഗത്തെ ഞാൻ ഭയപ്പെടുകയാണ്. ശ്രീമാൻ മാണി ഇതിനെപ്പററി പ്രസംഗിക്കുന്നത് ഇപ്പോഴും എന്റെ ചെവിയിൽ അലയ്ക്കന്നുണ്ട്. അങ്ങനെ ഹരിതവിപ്ലവമായാലും മറേറതു വിപ്ലവമായാലും കാര്യം ഇതാണ്. നാട്ടിൻപുറങ്ങളിൽ രണ്ടു ശക്തികൾ വളർന്നുവരുന്നുണ്ട്. രണ്ടു കൂട്ടരും ഏററുമുട്ടിക്കൊണ്ടിരിക്കുന്നുണ്ട്. ഏററുമുട്ടലിനിടയ്ക്കുതന്നെ ചില ഒത്തുതീർപ്പുകളുമാണ്ടാകുന്നുണ്ട്. ഒത്തുതീർപ്പുണ്ടായാലും പിന്നെയും ഏററുമുട്ടാൻ രണ്ടു കൂട്ടരും തയ്യാറായി നിൽക്കുകയാണ്. ഇതാണ് സാമൂഹ്യയാഥാർത്ഥ്യം. ഇതിൽ എവിടെനിൽക്കുന്നു, ആരുടെകൂടെയാണ് നിങ്ങൾ നിൽക്കുന്നത്. അതാണു പ്രശ്നം, അതാണ് രാഷ്ട്രീയം. അതുകൊണ്ടാണ് ഉത്തരനെപ്പോലെ കുരുക്ഷേത്രത്തിൽ പോകാൻപോലും നിങ്ങൾ തയ്യാറാകാതിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അവസാനമായിട്ട് എനിക്ക് നികുതി നിർദ്ദേശങ്ങളെപ്പററിയാണ് പറയാനുള്ളത്. ആ നികുതി നിർദ്ദേശങ്ങളെക്കുറിച്ച് പറയുമ്പോൾ കേരളത്തിലെ ഈ നികുതിനിർദ്ദേശങ്ങൾ മാത്രമായിട്ട് പറയാൻ ഞാനാഗ്രഹിക്കുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ ഈ വരവുചെലവിന്റെ സ്ഥിതി ഇങ്ങനെയായിട്ടിരിക്കുമ്പോൾ ഇതിനു പരിഹാരം കാണുന്നതിനുള്ള മാർഗ്ഗങ്ങൾ എന്ത് എന്നുള്ള കാര്യത്തിൽ ഇൻഡ്യാഗവൺമെന്റു തുടർന്നുപോന്ന നയം, ആ നയത്തിന്റെ ഒരു ഭാഗംമാത്രമാണ് ഏതു സംസ്ഥാന ഗവൺമെന്റും ഉണ്ടാക്കുന്ന ബഡ്ജററുകൾ. ഈ ഗവൺമെന്റ് ഉണ്ടാക്കിയതായാലും കൊള്ളാം ഇതിനുമുമ്പുണ്ടായിരുന്ന ഗവൺമെന്റുകളുണ്ടാക്കിയതായാലും കൊള്ളാം, ശ്രീമാൻ ആർ. ശങ്കറുടെ ഗവൺമെന്റുണ്ടാക്കിയതായാലുംകൊള്ളാം. കേന്ദ്രഗവൺമെന്റ് ആവിഷ്ക്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുന്നതായ ഒരു നികുതി നയത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. ആ നികുതിനയം ഇങ്ങനെയുള്ളതാണ്. അത് ഈ നാട്ടിൽ മൂർഛിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തികകുഴപ്പങ്ങളുടെ മൂലകാരണങ്ങളിൽ ഒന്നാണെന്നാണ് എന്റെ അഭിപ്രായം. പരോക്ഷനികുതി അങ്ങേയററം വർദ്ധിപ്പിച്ച് പ്രത്യക്ഷനികുതി കഴിയുന്നത്ര കുറയ്ക്കുന്നതായിട്ടുള്ള ഏർപ്പാടാണ്. ആ പ്രത്യക്ഷനികുതികൾ ചുമത്തുന്ന അവസരത്തിൽതന്നെ ചില ഘട്ടങ്ങളിൽ കുറച്ചൊക്കെ പണക്കാരെ ബാധിക്കുന്നതാകാം. ചിലപ്പോൾ ആ നികുതി പണക്കാരെ ബാധിക്കാത്തതായും തീരുന്നുണ്ട്. ഇതിലാണ് ഈ വർഷത്തെ ബഡ്ജററിൽ ഇന്ദിരാഗാന്ധി വളരെ സാമർത്ഥ്യം കാണിച്ചിരിക്കുന്നത്. അവർ സാമർത്ഥ്യം കാണിച്ചിട്ടുണ്ടെന്നുതന്നെയാണ് കുത്തകപത്രങ്ങളെല്ലാം മുഖപ്രസംഗം എഴുതിയിട്ടുള്ളത്. അതുകണ്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി. എല്ലാ കുത്തകപത്രങ്ങളും ഇന്ദിരാഗാന്ധിയുടെ ബഡ്ജററിനെ പ്രശംസിക്കുകയാണ്; ഈ ബഡ്ജററിനെസംബന്ധിച്ച ആദ്യ റിപ്പോർട്ടു കണ്ടപ്പോൾ അങ്ങനെ പ്രശംസിക്കാൻ യാതൊരു കാരണവുമില്ല. മേലേക്കിടയിൽ ഉള്ളവരുടേയും മേൽ ടാക്സ് ചുമത്തിയിരിക്കുയാണ്. അങ്ങനെ വളരെയേറെ ടാക്സ് ചുമത്തിയിട്ടും ചേംബർ ആഫ് കാമേഴ്സ് തുടങ്ങിയ മുതലാളി സംഘടനകളും അവരുടെ താൽപ്പര്യങ്ങൾ പ്രതിനിധീകരിക്കുന്ന ടൈംസ് ആഫ് ഇൻഡ്യ മുതലായ പത്രങ്ങളും പറഞ്ഞിരിക്കുന്നത് എന്താണ്. എക്കണോമിക്സ് ടൈംസ് എന്ന പത്രത്തിന്റെ തലവാചകം തന്നെ "Winds of charge" എന്നാണ്. ഇങ്ങനെ മുഖപ്രസംഗത്തിൽ പറഞ്ഞിരിക്കുകയാണ്. എല്ലാവർക്കും വേണ്ടവിധത്തിലൊക്കെ ചെയ്തിട്ടുണ്ടെന്ന്. അതു ശരിയാണ്. ഇതൊക്കെ പരിശോധിച്ചുനോക്കുമ്പോൾ ആദായനികുതിയും സ്വത്തു നികുതിയും ഒക്കെ വന്നിട്ടുണ്ട് മേലേക്കിടയിൽ. താഴെക്കിടയിലും കുറച്ചുവന്നിട്ടുണ്ട്. പക്ഷെ അതിൽ ഒരു ചെറിയ രഹസ്യമുണ്ട്. ഈ വർദ്ധിപ്പിച്ച നികുതികളൊന്നും കമ്പനികൾക്ക് ബാധകമല്ലായെന്ന് ബഡ്ജററു പ്രസംഗത്തിൽ വളരെ വ്യക്തമായിട്ടു പറഞ്ഞിരിക്കുകയാണ്. കമ്പനികളുടെ മേൽ ഉള്ളതായ നികുതിത്തോത് യാതൊരു മാററവും വരുത്താതെ നിലനിൽക്കുകയാണ്. അത് ഉൽപ്പാദനത്തെ സഹായിക്കും. എങ്കിലും പ്രത്യക്ഷനികുതി കൂടിയിട്ടുണ്ട്. ബഹുമാനപ്പെട്ട ജോർജ്ജ് തോമസിന്റെ പാർട്ടിയാണ് ഇതു തയ്യാറാക്കിയിരുന്നതെങ്കിൽ അതു കൂട്ടുകയില്ലായിരിക്കാം. ഞാൻ തർക്കിക്കുന്നില്ല. ഏതായാലും അതു കൂടി. ഞാൻ സ്വാഗതംചെയ്യുന്നു. ഇന്ദിരാഗാന്ധി ചെയ്യുന്നു എന്നുള്ളതുകൊണ്ട് എനിക്ക് അതിൽ യാതൊരു ആക്ഷേപവുമില്ല. പക്ഷെ അതിൽ കമ്പനികളെ ഒഴിവാക്കി. അതും നമുക്കു മനസ്സിലാക്കാം. അതേസമയം പരോക്ഷനികുതികളുടെ കൊള്ള. പ്രത്യക്ഷനികുതി 35 കോടി രൂപയാണെങ്കിൽ പരോക്ഷനികുതി 170 കഴിച്ചാൽ ബാക്കിയുള്ളതാണ്. ഇതുപറയുമ്പോൾ ഒരു പക്ഷെ ബഹുമാനപ്പെട്ട കരുണാകരൻ പറയുമായിരിക്കും അതു

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ടവരെ ബാധിക്കാത്തതേ വരുകയുള്ളുവെന്ന്. ഒരു പക്ഷെ വാദിക്കാം. അങ്ങനെ ചില നികുതികൾ കുറച്ചുവെന്നു വരാം. കൂടുതൽ വച്ചിട്ട് അതിൽ കുറച്ച് എടുക്കുകയെന്നുള്ളതു നല്ല അടവാണ്. റയിൽവേകാര്യത്തിൽ അങ്ങനെ വന്നു. തേഡ്ക്ലാസ്സിന്റെ ചാർജജ് വർദ്ധിപ്പിക്കുമെന്നു പറഞ്ഞ് എടുത്തുകളഞ്ഞു. എടുത്തുകളഞ്ഞില്ലെങ്കിൽ നിലനിൽക്കാൻ ഒക്കുകയില്ല. അതുപോലെ ഇതിലും കുറച്ചേയ്ക്കാം. പക്ഷെ അതുമാത്രമല്ല. പ്രശ്നം എന്താണെന്നു വച്ചാൽ — പരോക്ഷനികുതി വർദ്ധിപ്പിക്കുന്നതിന്റെ ഫലമെന്താണ്? പരോക്ഷനികുതി വർദ്ധിപ്പിക്കുന്നതിന്റെ ഫലം ഉൽപ്പാദനച്ചെലവു വർദ്ധിക്കും. ആളുകളുടെ ജീവിതച്ചെലവു വർദ്ധിക്കും. അതു പണക്കാരുടെമാത്രമല്ല പാവപ്പെട്ടവരെയും ബാധിക്കും. ഇൻറർമീഡിയറിഗുഡ്സ് അല്ലെങ്കിൽ പ്രൊഡക്ഷൻ ഗുഡ്സിന്റെ നികുതി വർദ്ധിച്ചാൽ ആ നികുതി വർദ്ധനവിന്റെ ഫലമായി ഉൽപ്പാദനച്ചെലവ് വർദ്ധിക്കും. ഉൽപ്പാദനച്ചെലവു വർദ്ധിച്ചാലും ജനറൽ പ്രൈസ് ലവൽ ഇൻക്രീസുചെയ്യും. അപ്പോൾ ജീവിതസൂചിക വർദ്ധിക്കുകയും ക്ഷാമബത്തയ്ക്കുള്ള സമരം വരുകയുംചെയ്യും. അതിനു നികുതി ചുമത്തും. അങ്ങനെ വരുമ്പോൾ പരോക്ഷനികുതിയാകും.

12 NOON

കമ്മി നികത്താൻ നികുതി ഏർപ്പെടുത്തേണ്ടിവരും, ആ നികുതി പരോക്ഷനികുതിയുടെ ഫലമായിട്ടു വിലനിലവാരത്തിൽ വർദ്ധനവും, വിലനിലവാരത്തിൽ വന്ന വർദ്ധനവിന്റെ ഫലമായി ഉൽപ്പാദനച്ചെലവ് ഇവിടെ വർദ്ധിക്കുക, ഉൽപ്പാദനച്ചെലവു വർദ്ധിക്കുമ്പോൾ പൊതുപ്രവർത്തനങ്ങൾക്കാവശ്യമായിട്ടുള്ള പണം കൂടുതൽ വേണ്ടിവരിക. അങ്ങനെ കൂടുതൽ വേണ്ടിവരുമ്പോൾ കമ്മി? ഇങ്ങനെ ഒരു വിഷമവൃത്തത്തിലാണ് ഇൻഡ്യയിലെ സമ്പദ്‌വ്യവസ്ഥ നീങ്ങികൊണ്ടിരിക്കുന്നത്. കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും ബഡ്ജററു ഈ കഴിഞ്ഞ പത്തുകൊല്ലമായി എല്ലാ കൊല്ലവും ഡെഫിസിററു ആണെന്നു പറയുന്നതിന്റെ അടിസ്ഥാനമെന്താണ്? ഇതിൽ വല്ല മാററവും ഉണ്ടാകാൻ കഴിയുന്നതാണോ? എന്റെ അഭിപ്രായം, അതു ഇങ്ങനെ അംഗീകരിക്കുക; എന്നാൽ, ഇങ്ങനെ ഒരു പ്രശ്നമുണ്ടോ? പ്രശ്നമുണ്ടാകുമെന്നുള്ളത് അംഗീകരിക്കുമോ? ഇത് ഈ ആസൂത്രണത്തിലുള്ള മൗലികമായിട്ടുള്ള ദൗർബല്യമാണ്. അതിന്റെ ഫലമായി ഇത്തവണത്തെ കേന്ദ്രബഡ്ജററു, കേന്ദ്ര ബഡ്ജററിനുശേഷം ഇറക്കിയിട്ടുള്ളഎല്ലാ സംസ്ഥാന ബഡ്ജററുകളും (ഈ സംസ്ഥാനത്തെ ബഡ്ജററു പ്രത്യേകം എടുക്കുന്നില്ല) കേന്ദ്രബഡ്ജററും കൂടി ഉണ്ടാക്കിയിട്ടുള്ള ബഡ്ജററു കമ്മിയുടെ ഫലം ഒന്നുകിൽ ബഡ്ജററു കമ്മി.കമ്മിയാകെ വച്ചാൽ ഉണ്ടാക്കിയിട്ടുള്ള മോണിററി ഇൻഫ്ളേഷൻസ് അല്ല, അതു ഇങ്ങനെ കൂട്ടുന്ന കമ്മി അംഗീകരിക്കുകയാണെങ്കിൽ പ്രൈസ് ഇൻഫ്ളേഷൻ ഉണ്ടാകും. ഇങ്ങനെ അടുത്തകാലത്തെ ബഡ്ജററു ആകെ നോക്കുമ്പോൾ കേരളത്തിന്റെ സ്ഥിതിയെക്കുറിച്ചു ഇന്നു ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ അടുത്തവർഷത്തിൽ അദ്ദേഹത്തിനു കുറെക്കൂടി മൂർച്ഛിച്ച രൂപത്തിൽ പറയേണ്ടിവരും. അദ്ദേഹമെന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട ശേഷൻ എന്നല്ല ഞാൻ പറയുന്നത്, അദ്ദേഹത്തിന്റെ സ്ഥാനത്തിരിക്കുന്ന ആൾ എന്നെയുള്ളൂ. ഈ പ്രശ്നത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സംസ്ഥാനത്തിലെ ബഡ്ജററു നിർദ്ദേശങ്ങൾ പരിശോധിക്കേണ്ടത്. ബഡ്ജററു നിർദ്ദേശങ്ങളെക്കുറിച്ചു പരിശോധിക്കുമ്പോൾ അതിന്റെ പശ്ചാത്തലം അറിയാവുന്നതുകൊണ്ടു ഞാൻ ഈ കാര്യം പറഞ്ഞുവെന്നേയുള്ളൂ. ഇതാണു അഖിലേൻഡ്യാ സാമ്പത്തിക നയം എന്നും മററും മനസ്സിലാക്കികൊണ്ടു അതിന്റെ നാലതിരുകൾക്കകത്തു

LIBRARY ARCHIVES Kerala Legislative Assembly

നിന്നു കൊണ്ടു സ്റ്റേററിന്റെ ധനാഗമമാർഗ്ഗം പാവപ്പെട്ടവരുടെ പേരിലുള്ള ഭാരം കഴിയുന്നത്ര കുറച്ചുകൊണ്ടു, വർദ്ധിപ്പിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങൾ ഉണ്ടെന്നു പരിശോധിക്കേണ്ടതാണ് എന്നുള്ള എൻക്വയറി കമ്മിററിയുടെ നിർദ്ദേശങ്ങൾ ആണ് ഇന്നത്തെ നികുതി നിർദ്ദേശങ്ങൾക്കടിസ്ഥാനം. എന്നാൽ അതിനു ആ കമ്മിററി പറഞ്ഞതു മുഴുവൻ—നൂറുശതമാനവും—ശരിയാകുമെന്നു അർത്ഥമില്ല. ആ കമ്മിററി അവർക്കു കാണാൻ കഴിയുന്ന തരത്തിലുള്ള ചില സംഗതികളാണ് പറഞ്ഞത്. ആ കമ്മിററി നിർദ്ദേശങ്ങളെല്ലാംതന്നെ എത്രത്തോളം ഈ ഗവൺമെൻറ് അംഗീകരിച്ചു എന്നുള്ള പ്രശ്നത്തിലേക്ക് ഞാൻ കടക്കുന്നില്ല. അംഗീകരിച്ചു തീരുമാനിച്ച പ്രശ്നത്തിലേക്കും ഞാൻ കടക്കുന്നില്ല. എന്നാൽ ഈ സമീപനത്തോടുകൂടിയാണ് ആ കമ്മിററി നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത് എന്നു ആ റിപ്പോർട്ടു അന്നുതന്നെ കണ്ടിട്ടുള്ള ഒരാൾ എന്ന നിലയ്ക്ക് എനിക്കു സംശയമില്ല. കമ്മിററിയുടെ ആ സമീപനത്തിൽത്തന്നെ ചിലദൗർബല്യങ്ങൾ ഉണ്ടാകാൻ ഇടയുണ്ട് എന്നു കണക്കിലെടുത്തുകൊണ്ടു ആ ഓരോ നികുതി നിർദ്ദേശത്തെക്കുറിച്ചു സ്വന്തമായിട്ടു പരിശോധിക്കേണ്ടതുണ്ട്. സോപ്പിന്റെ കാര്യം മാത്രമല്ല ഞാൻ വിചാരിക്കുന്നതു, ഇന്നത്തെ പ്രസംഗത്തിൽത്തന്നെ ബഹുമാനപ്പെട്ട ശേഷൻ അതേപ്പററി എന്തെങ്കിലും പറയുമെന്നാണ് എന്റെ വിശ്വാസം. അതുപോലെതന്നെ സ്വർണ്ണത്തിന്റെ കാര്യമാണെന്നുണ്ടെങ്കിൽ, സ്വർണ്ണം ലക്ഷ്വറി ഗുഡ് അല്ലേ, അതിൻമേൽ നികുതി ചുമത്തിക്കൂടെ? അതു നല്ലതുതന്നെ. പക്ഷേ ആയുസ്സിൽ ഒരു തവണ മാത്രം കല്യാണം കഴിക്കുന്ന പെൺകുട്ടികൾക്കു അരപ്പവന്റെ പണ്ടം ഉണ്ടാക്കുന്ന കാര്യത്തിലും അതു വേണമായിരുന്നോ? അയൽ സംസ്ഥാനങ്ങളിൽ രണ്ടും മൂന്നും ശതമാനമായിരുക്കുമ്പോൾ ഇവിടെ 15 ശതമാനമായാൽ അതിന്റെ ഫലമെന്തായിരിക്കും. പൈസ മുഴുവൻ സ്വർണ്ണത്തിൻമേൽ ആക്കിയിടാൻ ആഗ്രഹിക്കുന്നവരുടെ മേൽ കുറച്ചു നികുതി, 15 അല്ല കുറെക്കൂടി കൂട്ടിയാൽ വിരോധമൊന്നുമില്ല. അവരുടെ കൈയിൽനിന്നു ഒന്നും കിട്ടുകയില്ല, അവർ വേറെ പണിനോക്കികൊള്ളും. ഈ രണ്ടു ഉദാഹരണങ്ങൾ മാത്രമേ ഞാൻ പറയുന്നുള്ളു. ഓരോ നികുതിയെ സംബന്ധിച്ചും ധനാഗമമാർഗ്ഗങ്ങൾ കാണണം. ആ ധനാഗമമാർഗ്ഗങ്ങൾ കാണുന്നതിനു ഇന്നുള്ള പരിമിതികൾ വച്ചുകൊണ്ടു നോക്കണം. അതിൽ പാവപ്പെട്ടവർക്കു വലിയ ഭാരമില്ലാത്ത നിലയിൽ എങ്ങനെ കഴിയുമെന്നു ഈ ഓരോ നികുതിയും എടുത്തു പരിശോധിക്കണം; എന്നു മാത്രമേ എനിക്കു പറയുവാനുള്ളു.

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ): സർ, മിനിഞ്ഞാന്നും ഇന്നലെയും ഇന്നുമായി വരുംകൊല്ലത്തെ ബഡ്ജററു നിർദ്ദേശങ്ങളെ സംബന്ധിച്ചു ഇവിടെ നടന്ന ചർച്ചകൾ ഞാൻ വളരെയധികം സ്വാഗതം ചെയ്യുന്നു. മണ്ഡനപരമായും ഖണ്ഡനപരമായും വിമർശനങ്ങൾ ഏറെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഈ ബഡ്ജററിനെ സംബന്ധിച്ചു ഉണ്ടായിട്ടുള്ള ഈ ബഡ്ജററിനെ പ്രശംസിച്ചു പറഞ്ഞ സുഹൃത്തുക്കൾക്കു ഞാൻ പ്രത്യേകമായി കൃതജ്ഞത രേഖപ്പെടുത്തേണ്ടതായ ആവശ്യമില്ല. ഈ ബഡ്ജററിൽ എതിരായി പ്രസംഗിച്ച സുഹൃത്തുക്കളോടും ഞാൻ കൃതജ്ഞനാണ് എന്നു പറയുവാനുള്ള കാരണം പ്രത്യേകമാണ്. ഇന്നുതന്നെ വിമർശിച്ചു പ്രസംഗിച്ച സുഹൃത്തുക്കൾ എല്ലാവരുംതന്നെ—എതിർത്തു പ്രസംഗിച്ച സുഹൃത്തുക്കൾ എല്ലാവരുംതന്നെ— ഈ ബഡ്ജററിന്റെ കാതലായ സമീപനത്തെ സംബന്ധിച്ചു അതിൽ ഉൾപ്പെട്ടിട്ടുള്ള നികുതിനിർദ്ദേശങ്ങളെസംബന്ധിച്ചു ഏറിയകൂറും പരാമശിച്ചിട്ടില്ല എന്നു മാത്രമല്ല, അവരുടെ വിമർശനങ്ങളെല്ലാംതന്നെ ഇവിടെ നടമാടുന്നു എന്നു പറയപ്പെടുന്ന പോലീസു മർദ്ദനങ്ങളെസംബന്ധിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

പരാതികൾക്കൊത്തു ഒതുങ്ങി നിർത്തുവാൻമാത്രം തയാറായി എന്നുള്ളതുകൊണ്ടു ഈ ബഡ്ജററിന്റെ കാതലായ വശങ്ങളെസംബന്ധിച്ചു അവർക്ക് പ്രത്യേകമായി ഒന്നും പറയാൻ ഇല്ല എന്നാണ് എനിക്കു തോന്നിയിട്ടുള്ളതു. ഇന്നു, മുൻ മുഖ്യമന്ത്രി ഇന്നത്തെ പ്രതിപക്ഷ നേതാവായ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടു ചെയ്ത പ്രസംഗം ഒഴിച്ചു നിറുത്തിയാൽ, ബാക്കി പ്രതിപക്ഷത്തുനിന്നു ഉണ്ടായിട്ടുള്ള എല്ലാ പ്രസംഗങ്ങളും മിക്കവാറും പോലീസു ആക്രമണങ്ങളെ സംബന്ധിച്ചുള്ള പരാതികളെക്കുറിച്ചുള്ള ആരോപണങ്ങളുടെ ആവർത്തനം ആയിരുന്നുവെന്നു ഞാൻ യാതൊരു സംശയവുമില്ലാതെ പറയുവാൻ ധൈര്യപ്പെടുകയാണ്. ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടു ഇന്നു ഈ ബഡ്ജററിനെ സംബന്ധിച്ചുതന്നെ സംസാരിക്കുകയുണ്ടായിട്ടുണ്ട്. എനിക്കു അതിൽ സന്തോഷമുണ്ട്. അദ്ദേഹം ഈ ബഡ്ജററിനെ അനുകൂലിക്കുന്നില്ല. അനുകൂലിക്കുമെന്നു പ്രതീക്ഷിച്ചിരിക്കുവാനുള്ള ആ മൌഢ്യവും എനിക്കില്ല. അദ്ദേഹം പറഞ്ഞതു ഈ ബഡ്ജററിൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെസംബന്ധിച്ചു ആവിഷ്ക്കരിച്ചിട്ടുള്ള കാഴ്ചപ്പാടു തെററാണ് എന്നുള്ളതാണ്. അതിനു അദ്ദേഹം ചൂണ്ടിക്കാണിച്ചതായ ന്യായം 'ഹരിതവിപ്ലവം എന്നുള്ള വാക്കു ഞാൻ പറഞ്ഞുപോയതു പിടിച്ചുകൊണ്ടാണ്. അദ്ദേഹം പറഞ്ഞു ഇവിടെ ഹരിതവിപ്ലവം ഒന്നും ഉണ്ടായിട്ടില്ല, അതു ഈ നാട്ടിലെ ജനങ്ങളെ കബളിപ്പിക്കാൻ വേണ്ടി പറഞ്ഞതാണ് എന്നൊക്കെ അതേ സമയംതന്നെ അദ്ദേഹം സമ്മതിച്ചു. എക്കണോമിക് റിവ്യൂവിൽ പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സമ്മതിച്ചു, ഏക്കറേജിന്റെ കാര്യത്തിൽ എട്ടു ശതമാനവും പ്രൊഡക്ടിവിററിയുടെ കാര്യത്തിൽ മൂന്നു ശതമാനവും വർദ്ധനവു ഉണ്ടായിട്ടുണ്ടെന്ന കാര്യം. പക്ഷേ അദ്ദേഹത്തിന്റെ ആക്ഷേപത്തിത്തിൽ പ്രൊഡക്ടിവിററിയുടെയും ഏക്കറേജിന്റെയും കാര്യത്തിൽ കുറെ വർദ്ധനവു ഉണ്ടായതായി അംഗീകരിക്കപ്പെടുന്നതായ വർദ്ധനവു ഈ നാട്ടിലെ ജനസംഖ്യയുടെ വർദ്ധനവിനു അനുപാതമായി ഉണ്ടായിക്കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. ഞാൻ, ഒരു നിമിഷമെങ്കിലും അതു ഉണ്ടായി എന്നു ഒരിടത്തും സിദ്ധാന്തിച്ചിട്ടില്ല. മാത്രമല്ല നമ്മുടെ വർദ്ധിച്ചുവരുന്ന ജനസംഖ്യക്കനുസരിച്ചു ഈ നാട്ടിലെ ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഈ ഗവൺമെൻറു കണ്ടിട്ടുണ്ടു എന്നുള്ളതുകൊണ്ടാണു അടിസ്ഥാനപരമായിട്ടുള്ള സാമ്പത്തിക വികസനത്തെ മുൻനിറുത്തികൊണ്ടു പല പരിപാടികളും ഈ ഗവൺമെൻറു ആവിഷ്ക്കരിച്ചു നടപ്പാക്കുമെന്നു ഈ ബഡ്ജററിൽ നിർദ്ദേശിച്ചിട്ടുള്ളത്.

സർ, ഈ ബഡ്ജററിനെ സംബന്ധിച്ചു പ്രധാനമായ ഒന്നുരണ്ടു കാഴ്ചപ്പാടുകൾ ഉണ്ട്. നമ്മുടെ സാമൂഹ്യവികസനത്തിൽ അല്ലെങ്കിൽ സാമൂഹ്യക്ഷേമത്തിൽ ഒരു ഇൻഫ്റാസ്ട്രക്ചർ ഉണ്ട്. അതു പ്രധാനമായും വിദ്യാഭ്യാസത്തിലും ഹെൽത്തു സർവ്വീസിലും ആണ്. വിദ്യാഭ്യാസവും ആരോഗ്യസംരക്ഷണവും വേണ്ട വിധത്തിൽ നിർവ്വഹിക്കുന്നതിനു ഈ നാട്ടിന്റെ സാമൂഹ്യ കൈവല്യത്തിന്റെ സൗധം വളരെ ഭംഗിയായി കെട്ടിയുയർത്തുന്നതിനു നമുക്കു സാധിക്കും. ഈ ഗവൺമെൻറു ഈ ബഡ്ജററു തയ്യാറാക്കുന്ന അവസരത്തിൽ സോഷ്യൽ വെൽഫയർ ഇൻഫ്റാസ്ട്രക്ച്ചർ എന്നു കരുതേണ്ടതായ വിദ്യാഭ്യാസത്തിനും ആരോഗ്യസംരക്ഷണത്തിനും വേണ്ടി മുമ്പുള്ള ഗവൺമെൻറു നീക്കി വച്ചിട്ടുള്ള തുകയെക്കാൾ കൂടുതൽ നീക്കിവച്ചിട്ടുണ്ട് എന്നു ഞാൻ ഈ സന്ദർഭത്തിൽ പറയുവാനാഗ്രഹിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പ്രത്യേകമായും അതു ചെയ്തിട്ടുണ്ട്. ആശുപത്രികളിൽ മരുന്നു ഇല്ലാത്തതിന്റെ പരാതി കേട്ടു കേട്ടു സഹികെട്ടു അതു ന്യായമാണെന്നു മനസ്സിലാക്കുവാൻ സാധിച്ചതിന്റെ ഫലമായിട്ടു കഴിഞ്ഞകൊല്ലം മരുന്നു വാങ്ങുന്നതിനുവേണ്ടി നീക്കി വച്ചിട്ടുണ്ടായിരുന്ന തുകയോടുകൂടി 24 ശതമാനം കൂടുതൽ തുക ആ കാര്യത്തിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി നീക്കിവച്ചിട്ടുണ്ടെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. അതു അതിന്റെ ഒരു വശം. സാമ്പത്തിക ജീവിതത്തിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഒന്നാമത്തെ വശമാണ്. പിന്നെ ഒന്നു കൃഷിയാണ്. ഈ ആവശ്യമൊക്കെ, വികസനവും കാർഷികാഭിവൃദ്ധിയും വേണ്ടവിധത്തിൽ ത്വരിതപ്പെടുത്തുന്നതിനും ക്രമീകൃതമായ രീതിയിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനും സാധിച്ചാൽ മാത്രമേ സാമ്പത്തികജീവിത കൈവല്യത്തിന്റെ സൗധം കെട്ടിയുയർത്തുന്നതിനു സാധിക്കുകയുള്ളു എന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ട്. ഈ ലക്ഷ്യങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടാണ് കാർഷിക രംഗത്തു വളരെ വിപ്ലവകരമായിട്ടുള്ള മാററങ്ങളും സാമൂഹ്യപരിവർത്തനങ്ങളും ഉളവാക്കാൻ സാധിക്കുമാറു 1970–ജനുവരി ഒന്നാം തീയതി മുതൽ കാർഷികപരിഷ്കരണനിയമം വളരെ ഊർജ്ജസ്വലതയോടുകൂടി നടപ്പിലാക്കുന്നതിനു ഗവൺമെൻറു നടപടികൾ ആരംഭിച്ചത്. എന്റെ സ്നേഹിതൻ ശ്രീ. ആർ. എസ്. ഉണ്ണി അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ സന്ദർഭവശാൽ ചൂണ്ടിക്കാണിച്ചതുപോലെ ഈ കാർഷിക പരിഷ്കരണനിയമം നടപ്പിലാക്കപ്പെടുന്നതിന്റെ ഊഴത്തിൽ നമ്മുടെ കാർഷികമേഖലയിലും അതുവഴിയായി നമ്മുടെ സാമൂഹിക ജീവിതത്തിലും അതിവിപ്ലവകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പോകുകയാണ്. ആ വിപുലമായ മാററങ്ങൾ ഈനാട്ടിലെ സാമ്പത്തിക സാമൂഹ്യ ജീവിതത്തെ തകർക്കാനല്ല, നേരെമറിച്ചു, ഈ നാട്ടിലെ സാമ്പത്തിക ജീവിതത്തെ കൂടുതൽ നന്നാക്കാനാണ് ഉപകാരപ്പെടുക എന്നു മനസ്സിലാക്കികൊണ്ടാണ്, മറുപക്ഷത്തിരിക്കുന്ന എന്റെ സുഹൃത്തുക്കളുടെ ആശകളെ തട്ടിത്തകർക്കുന്നവിധത്തിൽ ഈ ഗവൺമെൻറു ആത്മാർത്ഥതയോടുകൂടി ഇക്കാര്യത്തിൽ ആദ്യംമുതൽക്കുതന്നെ ആ നിയമം നടപ്പാക്കണമെന്ന ഉദ്ദേശത്തോടുകൂടി എല്ലാ നടപടികളും ഊർജ്ജസ്വലതയോടു പൂർത്തിയാക്കിയത് കേന്ദ്രത്തിന്റെ അനുമതി കിട്ടുകയില്ല, കിട്ടുകയില്ല എന്നു ഞങ്ങൾക്കെതിരായി പ്രചാരവേലയുടെ പഴങ്കഥകെട്ടുകൾ നിരത്തിയെങ്കിലും, ഈ നാട്ടിലെ കൃഷിക്കാരുടെയും കുടികിടപ്പുകാരുടെയും കർഷകത്തൊഴിലാളികളുടെയും ഭാവിയിൽ താൽപര്യമുള്ള ഒരു ഗവൺമെൻറായതുകൊണ്ടു മററു ഏതു കാര്യത്തിലും ശ്രദ്ധചെലുത്തുന്നതിനുമുൻപു ഈ കാര്യത്തിൽ ശ്രദ്ധചെലുത്തുന്നതിനും ബില്ലു, ആരോഗ്യത്തോടുകൂടി കേരളത്തിലേക്കു തിരിച്ചു വരുന്നതിനു എത്രയോ മുൻപു അതു നടപ്പാക്കുന്നതിനുവേണ്ട നടപടികൾ എടുക്കുന്നതിനും തയ്യാറാകുകയുണ്ടായി. ലാൻഡ് ട്രൈബ്യൂണലുകൾ 145 എണ്ണം ആരംഭിച്ചതും അവർക്കാവശ്യമായ സ്ററാഫിനെ നിയമിച്ച കാര്യവും, റൂൾസ് നടപ്പിലാക്കുന്നതിനായി സെക്രട്ടേറിയററിൽ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക വിഭാഗം സംഘടിപ്പിച്ചതും ഞാൻ ആവർത്തിക്കുന്നതു ഓർമ്മ പുതുക്കാൻമാത്രമാണ്.

നേരത്തെ പറഞ്ഞ ഈ ഇൻഫ്രാസ്ട്രക്ചറിന്റെ മറെറാരു വശമാണ് വ്യവസായവൽകരണം. വ്യവസായവൽകരണത്തിൽ ഈ ഗവൺമെൻറു വളരെയധികം പുരോഗതി നേടാൻസാധിച്ചിട്ടുണ്ട്. എന്നുമാത്രമല്ല, പുതിയ വളരെയധികം സമാരംഭങ്ങൾ 70–71-നകത്തു ഈ ഗവൺമെൻറു വിജയപൂർവ്വം നടപ്പാക്കുമെന്നു ഉറപ്പുനൽകാനും ഞാനാഗ്രഹിക്കുകയാണ്.

അടിസ്ഥാനപരമായ മറെറാരാക്ഷേപമുണ്ട്, നികുതികൾ ചുമത്തുന്ന കാര്യത്തിൽ. ഈ നികുതികൾ ഏറിയകൂറും പാവപ്പെട്ടവരെ ബാധിക്കുന്നവയല്ല. പാവപ്പെട്ടവരെ ബാധിക്കുന്ന നികുതികളാകരുത് എന്ന നിഷ്കർഷയോടുകൂടിയാണു 190 ലക്ഷം രൂപയുടെ നികുതിനിർദ്ദേശങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. ഇതിൽ ബഹുഭൂരിപക്ഷവും (10 ലക്ഷം ഒഴിച്ചാൽ ബാക്കി 180 ലക്ഷം രൂപയുടെ നികുതികളും) പാവപ്പെട്ടവരുടെ തലയിലല്ല നേരെമറിച്ചു ഈ നാട്ടിലെ ധനികവർഗ്ഗത്തിന്റെ, അല്ലെങ്കിൽ ധനിക വർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ തൊട്ടടുത്തു നിൽക്കുന്ന സാമ്പത്തികദൃഷ്ട്യാ ശക്തിയുള്ള വർഗ്ഗത്തിന്റെ, തലയിലാണ് ഏൽക്കുന്നതെന്നു ശക്തിപൂർവ്വം പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീമതി കെ. ആർ ഗൗരി ആട്ടോമൊബൈൽ പാർട്ടുകളുടെ മേൽ നികുതി ചുമത്തുന്ന മാർഗ്ഗം വളരെ സൂക്ഷിച്ചു സ്വീകരിക്കണമെന്നു ഒരു മുന്നറിയിപ്പു സ്നേഹബുദ്ധ്യാ നൽകുകയുണ്ടായി. മററു സ്റേററുകളിൽ നികുതി കുറവാണെങ്കിൽ ഈ വ്യാപാരം, അങ്ങനെയെന്തെങ്കിലും നടക്കുന്നെങ്കിൽ ആ ഇൻഡിജിനസു ട്രേഡ് ഇവിടെനിന്നു ട്രാൻസ്ഫർചെയ്യപ്പെടും എന്നു പറയുകയുണ്ടായി. 12 ശതമാനമായിരുന്നതു 13 ശതമാനമാക്കുകയാണ് ചെയ്തിട്ടുള്ളതു. അതേസമയം, ഞാൻ അവരെ അറിയിക്കട്ടെ, മോട്ടോർകാർ പാർട്ട്സിന്റെ കാര്യത്തിൽ, നമ്മുടെ തൊട്ടു അയൽനാടായ തമിഴ്നാട്ടിൽ 15 ശതമാനമായി നികുതി കൂട്ടാൻ പോകുകയാണ് എന്ന കാര്യം. ഞങ്ങൾ ഒരു ശതമാനം മാത്രമേ വർദ്ധിപ്പിച്ചിട്ടുള്ളു. ഇത് സ്വയം സംസാരിക്കുന്ന കണക്കാണെന്നു പറഞ്ഞു ഞാൻ വിടുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പത്തുലക്ഷത്തിന്റെതൊഴിച്ചാൽ ബാക്കിയുള്ള ടാക്സുകളുടെയെല്ലാം ഭാരം ചെന്നു ചേരുന്നതു ഈ നാട്ടിലെ ധനികവർഗ്ഗത്തിന്റെമേൽ ആണ് എന്നു ആവർത്തിച്ചുപറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ അടിസ്ഥാനത്തിലാണ് ഈ ബഡ്ജററു ഗവൺമെന്റു തയ്യാറാക്കിയത്. ഡെഫിസിററു ബഡ്ജററായിപ്പോയി, ഡെഫിസിററു ഫിനാൻസിംഗിലൂടെ യഥാർത്ഥമായ ഒരു ചിത്രം വരച്ചിരിക്കുകയാണ്, ഇൻഫ്ളേഷൻ ഉണ്ടാകും എന്നെല്ലാം വിമർശനങ്ങളുണ്ടായി. സാമ്പത്തികമായ ഉള്ളടക്കത്തെ സംബന്ധിച്ച തലനാരിഴകീറുന്ന വാദപ്രതിവാദങ്ങളിലേക്കോ പ്രത്യയശാസ്ത്രപരമായ കാര്യങ്ങളിലേക്കോ ഈ സന്ദർഭത്തിൽ കടക്കണമെന്നു ഞാനുദ്ദേശിക്കുന്നില്ല. പക്ഷേ എങ്ങനെയാണു ഈ ഡെഫിസിററു ഫിനാൻസിംഗ് ഉണ്ടാകുന്നതു? വികസ്വരമായിവരുന്ന ഒരു നാട്ടിന്റെ സാമൂഹ്യാവശ്യങ്ങളും സാമ്പത്തികാവശ്യങ്ങളും വച്ചുകൊണ്ടു നടപ്പാക്കേണ്ട പരിപാടികൾ ഒരു വശത്തും, അവയ്ക്കാവശ്യമായ ധനാഗമമാർഗ്ഗങ്ങൾ, എത്ര മുണ്ടുമുറുക്കിയുടുത്താലും കിട്ടുകയില്ല എന്ന സാഹചര്യം മറുവശത്തും ഉണ്ടാകുമ്പോഴാണ് ഈ വികസ്വരപരമായ സാമ്പത്തിക—സാമൂഹ്യാവശ്യങ്ങളെ പട്ടിണിക്കിട്ട്, കിട്ടാനുള്ള റവന്യൂവരുമാനത്തിനകത്തുനിന്നുകൊണ്ടു പ്ലാൻപദ്ധതികളും സാമൂഹ്യപരിഷ്കരണപരിപാടികളും നടപ്പാക്കുക എന്നത്, ഒരു കാഴ്ചപ്പാടാണ്. എന്നാൽ ഞാൻ മനസ്സിലാക്കിയിടത്തോളം—ഞാനൊരു പണ്ഡിതനല്ല—വികസ്വരമായിവരുന്ന ഒരു നാടിന്റെ സാമ്പത്തികജീവിതത്തിന്റെ അഭിവൃദ്ധിയുടെ ഒരു സൂചികയാണ് ഡെഫിസിററു ഫിനാൻസിംഗ്. എന്നാൽ അതിനു ഒരു അതിർ വരമ്പുണ്ട്. ഡെഫിസിററു ഫിനാൻസിംഗ് ഒരു തത്വമായി അംഗീകരിച്ചുകൊണ്ടു, ഡെഫിസിററു പെരുപ്പിച്ചുകാണിച്ചു അതു സാമ്പത്തികാഭിവൃദ്ധിയുടെ സൂചനയാണെന്നു കാണിക്കുന്ന രൂപത്തിലാകണം അതെന്നല്ല ഞാൻ പറയുന്നതു ഇൻഡ്യയൊട്ടാകെത്തന്നെ നമ്മുടെ സാമ്പത്തികജീവിതം ഒരു വിധം വികസ്വരമായിവരുന്നില്ലേ? നാം കാൺഗ്രസ്സു ഗവൺമെന്റിന്റെ പഞ്ചവൽസരപദ്ധതികളെ എതിർത്തിട്ടുള്ളത് ഉൽപാദനവർദ്ധനവുണ്ടാകുന്നില്ല എന്നുള്ള അഭിപ്രായത്തിലല്ല; കൂടുതൽ ഉണ്ടാകുന്ന ഉൽപാദനത്തിന്റെ വിതരണത്തിലും വിനിമയത്തിലും—ആ ഉൽപ്പന്നങ്ങൾ പാവപ്പെട്ടവരുടെ കൈയിൽ എത്തിക്കുന്ന കാര്യത്തിൽ—ഗവൺമെന്റു മെഷീനറി പരാജയപ്പെട്ടതിന്റെപേരിലും പദ്ധതികൾമൂലമുള്ള സാമ്പത്തിക വൈകല്യം ഒരുപിടി മുതലാളിമാർ അനുഭവിക്കുന്നതിന്റെ പേരിലും ആണ്. പുണ്യശ്ലോകനായ ജവഹർലാൽ നെഹ്റു, 1950—ൽ ആണെന്നാണു എന്റെ ഓർമ്മ, ഒരു വാദപ്രതിവാദത്തിലേർപ്പെട്ടുകൊണ്ടു സംസാരിച്ചപ്പോൾ പറഞ്ഞു, ''സമ്മതിച്ചു, പഞ്ചവൽസരപദ്ധതികളുടെ പ്രവർത്തനങ്ങളിലുണ്ടായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക കൈവല്യം കുറച്ചുപേരുടെ കൈയിൽ കുന്നുകൂടുന്നു എന്നുള്ളതു പരമാർത്ഥമാണ്'' എന്നു അദ്ദേഹവും ഇതു സമ്മതിച്ചു; കാരണം അദ്ദേഹത്തിനു അതെങ്ങനെ ചെന്നെത്തി എന്നു കാണാൻ കഴിവുണ്ടായിരുന്നു. എന്നിട്ടാണു കുത്തകകമ്മീഷനെ വച്ചതും ആ കമ്മീഷൻ ഇങ്ങനെയുള്ള സാമ്പത്തികകാര്യങ്ങൾ കൈകാര്യം ചെയ്യണമെന്നു നിർദ്ദേശിച്ചതും. ഞാൻ ഇതു പറഞ്ഞതു, ഡെഫിസിററു ഫിനാൻസിംഗ് ഭയപ്പെടേണ്ട കാര്യമാണെന്നു ഇവിടെ സൂചിപ്പിച്ചതുകൊണ്ടാണ്. എന്നാൽ ഡെഫിസിററ് ഫിനാൻസിംഗ് വളരെ അധികമാകാതിരിക്കണമെന്ന കാര്യം മറക്കണ്ട. ഈ രണ്ടു കാര്യങ്ങളും മാററിനിറുത്തി, സാമൂഹ്യജീവിതത്തിന്റെ അടിത്തറയായ ഇൻഫ്രാസ്ട്രക്ചറും സാമ്പത്തികജീവിതത്തിന്റെ അടിത്തറയായ ഇൻഫ്രാസ്ട്രക്ചറും ബലപ്പെടുത്താനുള്ള ലക്ഷ്യത്തോടുകൂടിയാണ് ഓരോ പരിപാടിയും തയ്യാറാക്കിയതു എന്നു ഈ സന്ദർഭത്തിൽ ആമുഖമായി പറയാൻ ഞാനാഗ്രഹിക്കുകയാണ്.

സർ, ഈ നാട്ടിന്റെ പഞ്ചവൽസരപദ്ധതിക്കുവേണ്ട പണം നേടുന്നതിൽ ഈ ഗവൺമെന്റു വിജയിച്ചിട്ടില്ല എന്നു ഇവിടെ പറയുകയുണ്ടായി. 258 കോടി രൂപയുടെ പദ്ധതിമാത്രമേ അനുവദിച്ചുകിട്ടാൻസാധിച്ചിട്ടുള്ളു പിരിച്ചുവിടപ്പെട്ട പഴയ പ്ലാനിംഗ് ബോർഡു 450 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നതു ഈ ഗവൺമെന്റിന്റെ കഴിവുകേടുകൊണ്ടു 258 കോടി രൂപയുടെ പദ്ധതിയായി ചുരുങ്ങി എന്ന നിലയിൽ ഒരു പ്രചാരവേല ഇവിടെ അഴിച്ചു വിട്ടതു മോശമായിപ്പോയി. ഈ ഗവൺമെന്റു വന്നിട്ടു നാലുമാസമേ ആയിട്ടുള്ളു. ഇന്നത്തെ പ്രതിപക്ഷനേതാവു മുഖ്യമന്ത്രിയായിരുന്ന കാലത്തുതന്നെ ഇതിനെപ്പററി ചർച്ചകൾ നടന്നിട്ടുണ്ട്. ആയിരംകോടി രൂപ വേണം, രണ്ടായിരംകോടി രൂപ വേണം എന്നു പ്ലാനിംഗ് കമ്മീഷന്റെ മുൻപിൽ പറഞ്ഞാൽമാത്രം പോരാ, ഇന്റേണൽ മൊബിലൈസേഷൻ എത്രയുണ്ടാക്കാം എന്നുകൂടി പറയണം. കേരളത്തിന്റെ കാര്യത്തിൽ മാത്രമല്ല, ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളെസംബന്ധിച്ചും പദ്ധതിയുടെ അടങ്കലും രൂപവും എന്താക്കണമെന്നു തീരുമാനമെടുക്കാൻ ഒരു മാനദണ്ഡമുണ്ട്. 450 കോടി രൂപയുടെ ഒരു പദ്ധതിയായിരുന്നു നാം കൊടുത്തത്, അതു 250 കോടിയായി ചുരുങ്ങിപോയി എന്നാണ് ആക്ഷേപം. അതു ശരിയല്ല. ഈ സ്റേററിൽ എന്തു മൊബിലൈസ്ചെയ്യാൻ, സ്വരൂപിച്ചെടുക്കാൻ, സാധിക്കും എന്നുള്ള ചോദ്യത്തിനു ഈ ഗവൺമെന്റുമാത്രമല്ല മുൻഗവൺമെന്റിനും ഉത്തരം പറയേണ്ടിവന്നിരുന്നു. ഫയൽ നോക്കിയപ്പോൾ, മുൻഗവൺമെന്റിനോടും പ്ലാനിംഗ് കമ്മീഷൻ ഇതു ചോദിച്ചിട്ടുണ്ടെന്നു എനിക്കു കാണാൻ കഴിഞ്ഞു. അവർക്കും ഉത്തരംപറയാൻ മുട്ടേണ്ടിവന്ന ഒന്നാണു ഇന്റേണൽ മൊബിലൈസേഷൻ എന്നതു്. ഉത്തരംപറഞ്ഞതായി കാണുന്നില്ല. ഞങ്ങൾ പ്ലാനിംഗ്കമ്മീഷനുമായി ചർച്ചകൾക്കു ഡൽഹിക്കുപോയി. മുഖ്യമന്ത്രിയുണ്ടായിരുന്നു, ഞാനും ഉദ്യോഗസ്ഥനുമുണ്ടായിരുന്നു. ആ ചർച്ചയുടെ അവസരത്തിൽ കേന്ദ്രം അനുവദിച്ചതു 155 കോടി രൂപയാണ്. 238 കോടി രൂപയാണു ആദ്യം പറഞ്ഞിട്ടുള്ള അടങ്കൽ. ബാക്കി 83 കോടി രൂപ ആഭ്യന്തരമായി കണ്ടുപിടിക്കുന്നതിനുള്ള ചുമതല ഈ ഗവൺമെന്റിനുള്ളതാണ്. അതിനു ഈ ഗവൺമെന്റു തയ്യാറായി. ഈ ഗവൺമെന്റാണ് അതിനു തയ്യാറായതെന്നു ഞാൻ പറയാൻ പ്രത്യേക കാരണമുണ്ടു. ഇതിനുമുൻപു തീരുമാനിക്കാമായിരുന്നു. 83 കോടി രൂപ മൊബിലൈസ് ചെയ്തു 258 കോടി രൂപയുടെ മൊത്തം അടങ്കൽ എന്നു തറപ്പിച്ചു നിറുത്താൻ തയ്യാറാണെന്നു നേരത്തെ പറയാമായിരുന്നു. അതു പറഞ്ഞില്ല. ഈ 83 കോടി രൂപയുടെ വിടവു രണ്ടു തരത്തിൽ നികത്തണമെന്നാണു ഈ ഗവൺമെന്റു തീരുമാനിച്ചതു്. കെ. എസ്. ഇ. ബി, കെ. എസ്. ആർ. ടി. സി. തുടങ്ങിയവയുടെ നെഗോ

ഷിയേററഡ് ലോണും ബോറോയിംഗ്സും ഇനത്തിൽ 33 കോടി രൂപ ശേഖരിച്ചു 183 കോടി രൂപ ഉണ്ടാക്കുക. ബാക്കി 50 കോടി രൂപ നോൺ ടാക്സു വരുമാനത്തിൽനിന്നു ഉണ്ടാക്കുക. അതിന്റെ അടിസ്ഥാനത്തിലാണ് 258 കോടി രൂപയെന്നു കണക്കാക്കിയിട്ടുള്ളതും പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ളതും എന്ന് ഈ സന്ദർഭത്തിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്. ചിലപ്പോഠ ഇതിൽ കൂടുതൽ പണം ഗവൺമെൻറിനു കേന്ദ്രത്തിൽനിന്നു അനുവദിച്ചുകിട്ടുമെററു ഞാൻ വിശ്വസിക്കുകയാണ്. കേന്ദ്രഗവൺമെൻറും പ്ലാനിംഗ്കമ്മീഷനും വീണ്ടും ഈ ഗവൺമെൻറിന്റെ ഉദ്യോഗസ്ഥൻമാരെ ചർച്ചകഠക്കു വിളിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥൻമാർ ഇവിടെനിന്നു പോകുന്നുണ്ട്. ഈ മാസം ചർച്ചകഠ നടക്കും. അടുത്ത കൊല്ലം സ്റേററുകഠക്കു പ്ലാൻവിഹിതത്തിൽ നീക്കിവച്ചിട്ടുള്ളത് എങ്ങനെ വീതിക്കണം എന്നുള്ളതിനെസംബന്ധിച്ചു തീരുമാനമെടുക്കാനാണ് ചർച്ച നടത്തുന്നത്. സാമ്പത്തികദൃഷ്ട്യാ കൂടുതൽ ദുർബലമായ സ്റേററുകഠക്കു—നമ്മുടെതുപോലുള്ള സ്റേററുകഠക്കു—പദ്ധതിപ്രവർത്തനങ്ങഠക്കു കൂടുതൽ പണം എങ്ങനെ നൽകാമെന്നുള്ളതിനെസംബന്ധിച്ച ചർച്ചകഠക്കാണ് ഈ ഗവൺമെൻറിന്റെ പ്രതിനിധികളെ കേന്ദ്രഗവൺമെൻറു ക്ഷണിച്ചിട്ടുള്ളത്. അതിന്റെ ഫലമായി കിടുതൽ പണം കിട്ടുമെന്നാണു ഞങ്ങളുടെ വിശ്വാസം.

സർ, പിന്നെ ഒരു കാര്യം ഇവിടെ പൊന്തിവന്നത് കോർപ്പറേഷനുകഠ സംഘടിപ്പിക്കുന്നതിനെസംബന്ധിച്ചാണ്. ബഹുമാനപ്പെട്ട ആർ. ഗോപാലകൃഷ്ണൻനായർ ഇന്നലെ സംസാരിച്ച കൂട്ടത്തിൽ, കോർപ്പറേഷനുകഠ രൂപീകരിക്കുന്നത്, അതു രൂപീകരിക്കുന്ന മന്ത്രിമാരുടെ ആഠക്കാരെ കുത്തിത്തിരുകനാണെന്നു പറയുകയുണ്ടായി. അതിൽ അടങ്ങിയിരിക്കുന്ന രാഷ്ട്രീയ പ്രചാരവേലയെ അതർഹിക്കുന്ന അവജ്ഞയോടുകൂടി തള്ളിക്കൊണ്ട് അതിന്റെ സത്യാവസ്ഥയിലേക്കു കടക്കാൻ ഞാനാഗ്രഹിക്കുകയാണ്. കൂടുതൽ ടോക്കൺ വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊഡക്ടീവായ എൻറർ പ്രൈസസും, റമൂനറേററീവായി പ്രോജക്ടും ഇതെല്ലാം തന്നെ ഗവൺമെൻറിന്റെ റവന്യൂ വരുമാനം കൊണ്ടു നടപ്പിലാക്കുവാൻ സാദ്ധ്യമല്ല. പ്ലാനിംഗ് കമ്മിഷൻ അലോട്ടു ചെയ്യുന്ന പണം കൊണ്ടും നടപ്പിലാക്കാൻ സാധിക്കുകയില്ല. എന്നാൽ ഇതെല്ലാം നാട്ടിന്റെ പൊതു ആവശ്യവുമാണ്. ഇവയ്ക്കെല്ലാംതന്നെ ഇൻസ്ററിററ്യൂഷണൽ ഫൈനാൻസ് ആവശ്യമാണ്. ബാങ്ക് ദേശസാൽക്കരണത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള പുതിയ അന്തരീക്ഷത്തിൽ ഈ സ്റേററിലെ റെമൂനറേററീവ് ആൻഡ് പ്രൊഡക്ടീവ് എൻറർ പ്രൈസസിന് ആവശ്യമായ പണം ലഭിക്കുന്നതിനു നമുക്ക് അവകാശമുണ്ട്. ബാങ്കുകഠ ദേശസാൽക്കരിക്കുക എന്നുള്ളതിന്റെ പോപ്പുലറായ അർത്ഥം നമ്മുടെ ഡെപ്പോസിററൻമാരുടെ പണം ദുർവിനിയോഗം ചെയ്യാതിരിക്കുകയും, മുതലാളിമാർക്ക് ആ പണം വീതിച്ചുകൊടുക്കാതിരിക്കുകയും ചെയ്യുക എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഈ സ്റേററിന്റെ വികസനസംരംഭങ്ങഠക്കും ഈ സ്റേററിന്റെ പണം കൊണ്ടു നടപ്പിലാക്കാൻ സാധിക്കാത്തതുമായ പദ്ധതികഠ ഇൻസ്ററിററ്യൂഷണൽ ഫൈനാൻസ് കൊണ്ടു നടപ്പിലാക്കുന്നതിനു വേണ്ടി ഈ ഗവൺമെൻറു വളരെ കാര്യമായ പരിശ്രമം ചെയ്തിട്ടുണ്ട്. ഒരു മാസം മുമ്പാണെന്നാണ് എന്റെ ഓർമ്മ ഇന്നത്തെ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ചെയർമാനായ ശ്രീ. ടി. എ. പൈ ഞങ്ങളുടെ ക്ഷണമനുസരിച്ച് ഇവിടെ വന്നിരുന്നു. അദ്ദേഹം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയും ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു മന്ത്രിയും ഞാനുമായി ചർച്ചകഠ നടത്തുകയുണ്ടായി. അദ്ദേഹം അന്ന് സിൻഡിക്കേററു ബാങ്കിന്റെ ചെയർമാനും കസ്റേറാഡിയനുമായിരുന്നു. അദ്ദേഹം നമ്മുടെ പദ്ധതികളുടെ ഉള്ളടക്കത്തെസംബന്ധിച്ച് അറിയാൻ കൗതുകം

LIBRARY ARCHIVES Kerala Legislative Assembly

കാണിക്കുകയുണ്ടായി. പദ്ധതികളെപ്പററിയെല്ലാം ഞങ്ങൾ വിവരിച്ചുകൊടുത്തു. അതിനെല്ലാം ആവശ്യമായ സാമ്പത്തികസഹായം തരുന്നതിനെപ്പററി വളരെ അനുഭാവപൂർവ്വം പരിഗണിക്കാമെന്നു പ്രഖ്യാപിക്കുകയും, ദേശസാൽക്കരണം സ്വയം പരാജയപ്പെട്ടതായിരിക്കുമെന്നും അദ്ദേഹം പറയുകയുണ്ടായി. അതു തുടരാൻ ഈ ഗവൺമെൻറു തീരുമാനിച്ചിരിക്കുകയാണ്. കോർപ്പറേഷനുകളുടെ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തിക സഹായം ദേശസാൽക്കരിക്കുന്ന ബാങ്കുകളിൽനിന്നും വാങ്ങാൻ ഗവൺമെൻറു തീരുമാനിച്ചിരിക്കുകയാണ്. ഒരേ ബാങ്കിൽനിന്നുതന്നെ സ്റേററിലേക്ക് ആവശ്യമായ എല്ലാ പണവും സംഭരിക്കുന്നതിനു പകരം ഇന്നയിന്ന മേഖലകളിലുള്ള ഇന്നയിന്ന ബാങ്കുകളിൽനിന്നു ഫൈനാൻഷ്യൽ എയിഡ് അഡ്വാൻസ് ചെയ്യുക എന്ന തത്വത്തിൻെറ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്താനാണ് തീരുമാനിച്ചിരിക്കുന്നത്. അല്ലാതെ ഞങ്ങളുടെ, മന്ത്രിമാരുടെ ആൾക്കാരെ കുത്തിതിരുകുന്നതിനുവേണ്ടിയാണു കോർപ്പറേഷനുകൾ രൂപീകരിക്കുന്നത് എന്ന് പറഞ്ഞതു വളരെ ഖേദകരമായിപ്പോയി. ഇൻസ്ററിററ്യൂഷണൽ ഫൈനാൻസ് കിട്ടണമെങ്കിൽ ഗവൺമെൻറു ഡിപ്പാർട്ടുമെൻറായി നടത്താൻ സാധിക്കുകയില്ല. അതുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നതെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു.

പിന്നെ ഒരു കാര്യം ഇവിടെ സൂചിപ്പിച്ചത് നോൺടാക്സ് വരുമാനമാർഗ്ഗം വേണ്ടത്ര ററാപ്പ് ചെയ്യാൻ പരിശ്രമിച്ചിട്ടില്ലെന്നുള്ളതാണ്. തീരെ അടിസ്ഥാനരഹിതമായ ഒരു ആരോപണമാണ് ഇതെന്നു വിനീതമായി പറയാൻ ഞാനാഗ്രഹിക്കുന്നു. ഏതെല്ലാമാണ് നോൺടാക്സ് റവന്യൂ മാർഗ്ഗം? കഴിഞ്ഞ ബഡ്ജററിൽ ഇതിനുവേണ്ടി പലതും പറഞ്ഞിട്ടുണ്ടായിരുന്നു. അതിൽ ഏതൊക്കെയാണ് നടപ്പിലാക്കിയെതെന്നും, ഏതൊക്കെയാണ് നടപ്പിലാക്കാത്തതെന്നും നോക്കി. ചിട്ടി, കുറി, ഹയർ പർച്ചേസ്, ഇൻഷ്വറൻസ് എന്നീ ഇനങ്ങളിൽനിന്നും കൂടുതൽ പണം ഉണ്ടാക്കുന്നതിനുവേണ്ടി ഗവൺമെൻറ് കേരള സ്റേററ് ഫൈനാൻഷ്യൽ എൻറർപ്രൈസസ് എന്ന ഒരു സ്ഥാപനം തുറന്നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽക്കൂടി അഞ്ചുകൊല്ലത്തെ കാലയളവുകൊണ്ട് നോൺടാക്സ് വരുമാനമായിട്ട് ഏതാണ്ട് പത്തു കോടിയോളം രൂപ കിട്ടുമെന്നാണ് ഗവൺമെൻറു പ്രതീക്ഷിക്കുന്നത്. ഇത് ഗവൺമെൻറു വളരെ ക്രീയാത്മകമായിട്ടെടുത്ത നടപടികളല്ലേ? ലോട്ടറി ഒരു കാലത്തു തുടങ്ങിയപ്പോൾ പരിഹസിച്ച് പുഛിച്ചു തള്ളിയ ആളുകൾ ഇന്ന് അതിനെ തൊഴുകയാണ്.

"Those who came to scoff remained to pray" അത് അന്നു തുടങ്ങിയപ്പോൾ എൻെറ മുൻഗാമിയായിരുന്ന ബഹുമാനപ്പെട്ട പി.കെ. കുഞ്ഞിനേയും പരിഹസിക്കുകയുണ്ടായി. ഇതിനെപ്പററി ചീത്തപറഞ്ഞിരുന്ന പലയാളുകളും ഇപ്പോൾ അതിനെ തൊഴുതു നിൽക്കുകയാണ്. അതുപോലെതന്നെ മററു സ്റേററ്കളും കുറി നടത്തുന്നതിനു പരസ്പരം വടംവലിയാണ്. തരക്കേടില്ല, കൊള്ളാം എന്നുള്ളതിൻെറ അടിസ്ഥാനത്തിലാണ് ലോട്ടറി മററു സ്റേററുകളിലും തുടങ്ങിയത്. ഈ ഗവൺമെൻറിന് അതിൽനിന്നും നല്ല ആദായം കിട്ടിയിട്ടുണ്ട്. നടപ്പുവർഷത്തിൽ ഒരു കോടി 25 ലക്ഷം രൂപയാണ് ഉദ്ദേശിച്ചിരുന്നത്. റിവൈസ്ഡ് എസ്ററിമേററനുസരിച്ച് കൂടുതൽ പണം കിട്ടിയിട്ടുണ്ട്. അടുത്തകൊല്ലം ലോട്ടറിയിൽനിന്നും കൂടുതൽ പണം ഉണ്ടാകുമെന്നാണു പ്രതീക്ഷിക്കുന്നത്. പക്ഷെ അതിൽ ചെറിയ ഒരു നിരാശയുടെ നിഴലാട്ടം ഇല്ലാതില്ല. സ്റേററുകൾ തമ്മിലുള്ള മൽസരംകുറയ്ക്കാൻ ഒരു സ്റേററിലുള്ള ടിക്കററു മററു സ്റേററുകളിൽ നിരോധിച്ചേക്കാം. ഇങ്ങനെയൊക്കെ വരുകയാണെങ്കിൽ നാം ഉദ്ദേശിക്കുന്നതുപോലെ റവന്യൂ വരുമാനം ഉണ്ടാകുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

626586

പതിനെട്ടാമത് ലോട്ടറി മുതൽ സമ്മാനങ്ങളുടെ തുകയുടെ കാര്യത്തിലും എണ്ണത്തിന്റെ കാര്യത്തിലും ഗവൺമെന്റു വരുത്തിയിട്ടുള്ള മാററങ്ങൾ കൊണ്ട് കൂടുതൽ റവന്യൂ ഗവൺമെന്റിനു കിട്ടിക്കൊണ്ടിരിക്കുകയാണ്. ഇതൊരു നോൺ ടാക്സ് റവന്യൂവാണ്. മാത്രമല്ല ഇതിലും ഇതിൽനിന്നും കൂടുതൽ പണം കിട്ടാനുള്ള സാഹചര്യം കുറയാതിരിക്കുന്നതിനും മററു സ്റേററുകളിലുള്ള മലയാളികൾ സാമ്പത്തികമായി സഹായം ചെയ്യുന്നതിനുള്ള സാഹചര്യത്തിൽനിന്നും പിന്തിരിപ്പിക്കാതിരിക്കുന്നതിനും വേണ്ടി കഴിഞ്ഞമാസം ബാംഗ്ളൂരിൽ കൂടിയ ദക്ഷിണമേഖലാ സമ്മേളനത്തിൽ ഈ ഗവൺമെന്റിനുവേണ്ടി ഞാൻ ഈ പ്രശ്നം ഉന്നയിക്കുകയുണ്ടായി. ഞാൻ പറഞ്ഞത് ബാൻ ഉണ്ടാകരുത്, ഇൻറർ സ്റേററു ബാൻ ഉണ്ടാകരുത്, ഏത് സ്റേററിലും എവിടെയുള്ള ററിക്കററും വിൽക്കാനുള്ള സൗകര്യം ഉണ്ടാകണം, എല്ലാ സ്റേററിലേയും ഒന്നാം സമ്മാനത്തിന്റെ തുക നിശ്ചിതമായിരിരിക്കണം, അതല്ലെങ്കിൽ ആകെ വിൽക്കുന്നതിന്റെ നിശ്ചിതശതമാനം മാത്രമേ സമ്മാനമായി കൊടുക്കാവൂ എന്നുള്ളതിനെസംബന്ധിച്ച് ഒരു തീരുമാനമുണ്ടാകണമെന്നാണ്. കേന്ദ്ര ആഭ്യന്തരമന്ത്രി ശ്രീ. ചവാൻ ഞാൻ ഉന്നയിച്ച ഈ വാദഗതി ഉയർത്തിപിടിക്കുകയും, അതു പരിഗണിക്കേണ്ടതാണെന്നു പ്രസ്താവിക്കുകയും, സ്റേററുകൾ തമ്മിൽ ഇതിനെപ്പററി ബന്ധപ്പെട്ട ചർച്ചകൾ ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അടുത്തുതന്നെ ലോട്ടറികളുടെ ചാർജ് വഹിക്കുന്ന വിവിധ സ്റേററുകളുടെ മന്ത്രിമാരുടെ ഒരു യോഗം ഉണ്ടാകാൻ പോകുന്നുവെന്നുള്ളതിനെസംബന്ധിച്ച് ഒരു സൂചനയുമുണ്ട്. ഞങ്ങൾ അയൽ സംസ്ഥാനങ്ങളുമായി അനൗപചാരികമായ സംഭാഷണം ഇക്കാര്യത്തെപ്പററി നടത്തിയിട്ടുണ്ട്. പിന്നെ ഒന്നുരണ്ടു നോൺടാക്സ് റവന്യൂ ഉള്ളത് കുതിരപ്പന്തയം മുതലായവയാണ്. കുതിരപന്തയം ഒരു നോൺടാക്സ് റവന്യൂവാണ്. അതും പുഛിച്ചു കളയേണ്ട ഒന്നല്ല. ഗവൺമെൻറ് അതിനെസംബന്ധിച്ച് അവസാനതീരുമാനം എടുത്തിട്ടില്ല. എങ്കിലും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ നടപടികൾഎടുത്തിട്ടുണ്ട്. അതിനുവേണ്ടി എറണാകുളത്ത് അഞ്ചു സ്ഥലങ്ങൾ പരിശോധിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലും ഒന്നുരണ്ടു സ്ഥലങ്ങൾ പരിശോധിക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. എവിടെ വേണമെന്നു തീരുമാനിച്ചിട്ടില്ല. വെറുതെ രണ്ടുമൂന്ന് കൊല്ലമായി നടപ്പിൽ വരുത്താൻ ഉദ്ദേശിച്ചിരുന്ന നല്ല കാര്യങ്ങൾ ഏതാണെന്ന് നോക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനുംവേണ്ടി ഈ ഗവൺമെന്റു വന്നതിനുശേഷം അവയെല്ലാം അടുത്തുനിന്നെടുത്തു പൊടിതട്ടി പരിശോധിച്ച് ചില നടപടികളെല്ലാം എടുത്തിട്ടുണ്ട്. അവസാനതീരുമാനം ആയിട്ടില്ല. ധാർമ്മിക അധാർമ്മികതയെസംബന്ധിച്ച് എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായാലും ഇത് ഒരു നല്ല കറവപ്പശുവണെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. ഇതിനുവേണ്ടി മററു സ്റേററുകളിൽനിന്നും റവന്യൂ കണക്കുകൾ വരുത്തിവച്ചിട്ടുണ്ട്. അതിൽനിന്നും കിട്ടുന്ന പണം ശ്രൗവ് ചെയ്യാൻ സധിക്കുമെന്നാണ് പ്രതീക്ഷ.

പിന്നൊന്ന് ഇവിടെ പറഞ്ഞത് ഡിസ്ററലറി പ്ലാൻറിനെ സംബന്ധിച്ചാണ്. ഡിസ്ററലറി പ്ലാൻറു ഗവൺമെൻറ് ഉപേക്ഷിച്ചത് നല്ലതായില്ലെന്നു പറയുകയുണ്ടായി. ഡിസ്ററലറി പ്ലാൻറു ചിററൂർ ഷുഗർ മില്ലിന് കൊടുത്തതിൽ അഴിമതിയുണ്ടെന്ന് ശ്രീമതി കെ. ആർ. ഗൗരി പറയുകയുണ്ടായി. അതിൽ അടങ്ങിയിട്ടുള്ള ആരോപണത്തെ ശക്തിയുക്തം നിഷേധിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഡിസ്ററലറി പ്ലാൻറു ചിററൂർ ഷുഗർ മില്ലിനെ ഏൽപ്പിച്ചിട്ടുള്ളതു ശരിയാണ്. മിക്കവൊറും അതൊരു ഗവൺമെൻറു കമ്പനിതന്നെയാണ്. മാത്രമല്ല മിസ്യൂസ് ചെയ്യരുതെന്ന് ഉറപ്പു വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ആണ് അതു തീരുമാനിച്ചിട്ടുള്ളത് എന്നുള്ളതിൽ യാതൊരു സംശയവുമില്ല. എനിക്കു വേറൊരു കാര്യം പറു

LIBRARY ARCHIVES Kerala Legislative Assembly

പാനുള്ളത് നോൺടാക്സ് റവന്യൂവിലുള്ള മററൊരു കാര്യത്തെപ്പററിയാണ് പ്രോവിഡണ്ടുഫണ്ട് ആറു ശതമാനമാണ് ഇപ്പോൾ പിടിക്കുന്നത്. അതു മാററിയിട്ട് എട്ടു ശതമാനമാക്കി വർദ്ധിപ്പിക്കാൻ ഗവൺമെൻറു തീരുമാനി ച്ചിരിക്കുകയാണ്. അതിൻെറ ഫലമായി ഒരുകോടിയോളം രൂപ കിട്ടുമെന്നാണ് കരുതുന്നത്. അത് ഈ നാട്ടിലെ നോൺടാക്സ് റവന്യൂ വഴിക്കുള്ളവരു മാനം വർദ്ധിപ്പിക്കാൻ സഹായിക്കുമെന്നാണു പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. കരുണാകരൻ: അത് ഒരു തരത്തിൽ ഒരു കടം അല്ലേ? എട്ടു ശതമാനം പിടിച്ചാലും അതു തിരിച്ചുകൊടുക്കാനുള്ളതല്ലേ?

ശ്രീ. എൻ. കെ. ശേഷൻ: തിരിച്ചുകൊടുക്കേണ്ടതാണെങ്കിലും നമ്മുടെ സംസ്ഥാനത്തിൻെറ പ്രവർത്തനത്തിനാവശ്യമായ വിഭവം സംഭരിക്കുകയാണ് ചെയ്യുന്നത്. ഡെഫേഡ് പേമെൻറാണ്. ടാക്സിൽ കൂടിയല്ലാതെ വികസനപ്രവർത്തനങ്ങൾക്കു ചെലവാക്കുന്നതിനുള്ള ഒരു പരിശ്രമമാണ് ഇത്. ഇതിനെ എല്ലാവരും സ്വാഗതം ചെയ്യുമെന്നാണ് ഗവൺമെൻറിൻെറ ആത്മാർത്ഥമായ വിശ്വാസം.

ഇവിടെ പറഞ്ഞ മററൊരു കാര്യം മലനാട് ജില്ലാ രൂപീകരണത്തിൽ വരുന്ന കാലതാമസത്തെപ്പററിയാണ്. അതിനെപ്പററി ബഹുമാനപ്പെട്ട റവന്യൂ മന്ത്രി ശ്രീ. കെ. ടി. ജേക്കബ് കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ അർദ്ധ ശങ്കയ്ക്ക് ഇടനൽകാതെ ഉടൻതന്നെ രൂപീകരിക്കുമെന്നു പറഞ്ഞു. അദ്ദേഹം പറഞ്ഞ ഉറപ്പു ഞാൻ ആവർത്തിക്കുകയാണെന്നു മാത്രമല്ല വളരെ വേഗംതന്നെ മലനാടു ജില്ല രൂപീകരിക്കുന്നതിനുള്ള സ്വാഗതാർഹമായ പ്രഖ്യാപനം ഗവൺമെൻറിൽനിന്നും ഉണ്ടാകത്തക്കവണ്ണം പ്രവർത്തനം നടത്തിക്കൊണ്ടിരി ക്കുകയാണ്. അതിൽ സംശയം വേണ്ട, കോൾഡ് സ്റേറാറേജിൽ വച്ചിട്ടു മില്ല. അതാണ് അതിനെപ്പച്ചററി എനിക്കു പറയുവാനുള്ളത്.

ഇൻറർസ്റേററു വാട്ടർ ഡിസ്പ്യൂട്ടിനെസംബന്ധിച്ച് ബഹുമാനപ്പെട്ട ഭാരതി സൂചിപ്പിക്കുകയുണ്ടായി. നിർമ്മാണാത്മകമായ വികാരത്തോടു കൂടി അദ്ദേഹം അതിനെസംബന്ധിച്ച് പറയുകയുണ്ടായി. ഇൻറർസ്റേ ററു ഡിസ്പ്യൂട്ടിനെസംബന്ധിച്ചുള്ള ചർച്ചകൾ തുടങ്ങിയിട്ടുണ്ട്. അതി നെപ്പററി ബാംഗ്ളൂരിൽവച്ച് അനൗപചാരികമായ ചർച്ചകളുണ്ടായി. അതിനെ ത്തുടർന്നു ജനുവരി 15-ാംതീയതി തിരുവനന്തപുരത്തുവച്ചു മദ്രാസ്ഗവൺ മെൻറിലെ മന്ത്രിമാരും നമ്മുടെ മന്ത്രിമാരും കൂടി ചർച്ചകൾ നടത്തണ മെന്നു തീരുമാനിക്കുകയുണ്ടായി. പക്ഷെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പെട്ടെന്ന് അസുഖം വന്നതുകൊണ്ട് ആ യോഗം നീട്ടിവയ്ക്കേണ്ടിവന്നി ട്ടുണ്ട്. ഇപ്പോൾ അവിടെയും ബഡ്ജററു സമ്മേളനം നടന്നുകൊണ്ടിരിക്കു കയാണ്, ഇവിടെയും ബഡ്ജററു സമ്മേളനം നടന്നുകൊണ്ടിരിക്കുകയാണ്. ഇതു കഴിഞ്ഞതിനുശേഷം അക്കാര്യം ചർച്ച ചെയ്യുന്നതിനും, നമുക്ക് മാനമായ രീതിയിൽ ഒരു ഒത്തുതീർപ്പുണ്ടാക്കുന്നതിനും ഈ ഗവൺമെൻറു കാര്യമായി പരിശ്രമിക്കുമെന്ന് ബഹുമാനപ്പെട്ട ശിവരാമഭാരതിയോടും മററുള്ളവരോടും ഉറപ്പു പറയുവാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു.

ശ്രീ. കെ. ശിവരാമഭാരതി: കുരിയാർകുട്ടി പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനു വല്ല താമസവുമുണ്ടോ?

ശ്രീ. എൻ. കെ. ശേഷൻ: കുരിയാർകുട്ടി പദ്ധതി ആരംഭിക്കുന്നതി നെസംബന്ധിച്ചും ചർച്ച ചെയ്യുകയുണ്ടായി. അതിനെപ്പററിയുള്ള ചർച്ച കൾ നടന്നുകൊണ്ടിരിക്കുന്നതുകൊണ്ട്, അതിനെസംബന്ധിച്ചുള്ള തീരുമാനം എന്താണെന്ന് ഇപ്പോൾ പറയുന്നത് ശരിയല്ല. ഏതായാലും ആ പദ്ധതി കളെല്ലാം തുടങ്ങുന്നതിനെപ്പററി ചർച്ച ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ, ഷെഡ്യൂൾഡ് കാസ്റ്റിനും ഷെഡ്യൂൾഡ് ട്രൈബ്സിനും വിദ്യാഭ്യാസ സൗകര്യത്തിനു പണം നീക്കിവച്ചതു പോരാ എന്നുള്ള അഭിപ്രായം ഇവിടെ പറയുകയുണ്ടായി. ഈ പുസ്തകം വായിക്കാത്തതുകൊണ്ടാണ് അങ്ങനെയൊരു അഭിപ്രായം പറഞ്ഞത്. കഴിഞ്ഞകൊല്ലം വിദ്യാഭ്യാസ സൗകര്യത്തിന് ഷെഡ്യൂൾഡ് കാസ്റ്റിനും ഷെഡ്യൂൾഡ് ട്രൈബ്സിനും നീക്കിവച്ചിരുന്നതിനേക്കാൾ ഇക്കൊല്ലം 15 ലക്ഷം രൂപാ കൂടുതൽ നീക്കിവച്ചിട്ടുണ്ട്. അല്ലാതെ ഒന്നും നീക്കിവച്ചിട്ടില്ലെന്നു പുസ്തകം നോക്കാതെ പറയുന്നതിൽ ഖേദം മാത്രമേ എന്നെ സംബന്ധിച്ചിടത്തോളം അവശേഷിക്കുന്നുള്ളു.

പിന്നെ ഇവിടെ തിരുവനന്തപുരം ജില്ലയെ അവഗണിച്ചതായി ആക്ഷേപിക്കുകയുണ്ടായി. അതു പറയാതെ കടന്നുപോകുന്നതു ശരിയല്ല. അതുകൊണ്ട് പറയുകയാണ്. തിരുവനന്തപുരം നഗരത്തിനു വിവിധ ഇനങ്ങളിലായി കുറേയധികം ലക്ഷം രൂപ മററു ജില്ലകളെ അപേക്ഷിച്ചുനോക്കുമ്പോൾ, പ്രത്യേകിച്ച് മലപ്പുറം ജില്ല വളർന്നു വരേണ്ട ഒരു ജില്ലയാണ്, അതിനു കൂടുതൽ പണം അനുവദിച്ചുകൊടുത്തിട്ടുണ്ട്, മററു ഒൻപതു ജില്ലകളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ തിരുവനന്തപുരംജില്ല ഒരു തരത്തിലും പിന്നോക്കമല്ലെന്നു മാത്രമല്ല, മററു ആറു ജില്ലകളേക്കാൾ കൂടുതൽ പണം ഇവിടത്തെ ആവശ്യങ്ങൾക്കു വേണ്ടി ചെലവാക്കിയിട്ടുണ്ട്, ചെലവാക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്നു പറയാൻ മാത്രമേ ആഗ്രഹിക്കുന്നുള്ളു. കൂടുതലൊന്നും പറയാനാഗ്രഹിക്കുന്നില്ല.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: തിരുവനന്തപുരം ജില്ലയിലേക്ക് അലോട്ട് ചെയ്തിരിക്കുന്ന തുകയിൽ കൂടുതലും സ്റേററ് സെക്ടറിലുള്ള സ്ഥാപനങ്ങൾക്കാണെന്നും മററു ജില്ലകളിലെ സെക്ടറുമായി താരതമ്യം ചെയ്യുമ്പോൾ തുക വളരെ കുറവാണെന്നുമുള്ളതല്ലേ വസ്തുത.

ശ്രീ. എൻ. കെ. ശേഷൻ: രണ്ടുംകൂടി കിട്ടുകയില്ല. ഏതെങ്കിലും ഒരു ഭാഗത്ത് സാമ്പത്തിക സഹായം കിട്ടാൻ തിരുവനന്തപുരം ജില്ലയ്ക്ക് അവകാശമുണ്ട്. കുറേ കൂടുതൽ അവകാശമുണ്ട്. നമ്മുടെ തലസ്ഥാനം ഈ ജില്ലയാണെന്നുള്ളതുകൊണ്ട് അതിനു പ്രത്യേകമായ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നുള്ളതിനെപ്പററി അഭിപ്രായവ്യത്യാസമില്ല. പക്ഷേ എല്ലാം കൂടി കിട്ടണമെന്ന് എന്റെ സുഹൃത്തായ ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള വാദിക്കുമെന്നു എനിക്കു തോന്നുന്നില്ല. എല്ലാ ജില്ലകളുടെയും കാര്യം ശ്രദ്ധിക്കണം.

സർക്കാർ ഉദ്യോഗസ്ഥൻമാരുടെ സർവ്വീസ് കാര്യങ്ങളെസംബന്ധിച്ച് വരുന്ന പരാതികൾ പരിശോധിക്കാൻ ഒരു സർവ്വീസ് ട്രൈബ്യൂണൽ ഏർപ്പെടുത്തുമെന്നു കഴിഞ്ഞ സമ്മേളനത്തിൽ പറയുകയുണ്ടായി. ആ കാര്യം ഗവൺമെൻറ് പരിശോധിച്ചു വരുന്നുണ്ട്. അതിന്റെ ഡീറെറയിൽസ് വർക്കൗട്ട് ചെയ്യുകയാണ്. ഒരു one-man Tribunal വേണോ, അതോ ഒരു three-man Tribunal വേണോ, ആ ട്രൈബ്യൂണലിന്റെ അധികാരപരിധി എന്താണ് എന്നീ കാര്യങ്ങളെസംബന്ധിച്ച് അന്വേഷണം നടത്തിവരികയാണ്. പ്രോസസ് ചെയ്തുവരികയാണ്. ഉടൻതന്നെ അതു ഏർപ്പെടുത്താൻ സാധിക്കും. ഈ ട്രൈബ്യൂണൽ ഏർപ്പെടുത്തുമ്പോൾ സർക്കാർ ഉദ്യോഗസ്ഥൻമാരുടെ പരാതികൾ ട്രൈബ്യൂണലിന് അയയ്ക്കുകയും, അവസാന തീരുമാനമെടുക്കാൻ കഴിയുകയും ചെയ്യുന്നതാണ്.

ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി, പബ്ലിക്ക് അണ്ടർ ടേക്കിംഗ്സ് ബ്യൂറോ എന്നുള്ള ഒരു വിംഗ് ഫൈനാൻസ് ഡിപ്പാർട്ടുമെൻറിൽ തുടങ്ങാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശത്തെസംബന്ധിച്ചു പറയുകയുണ്ടായി. അതു അനാവശ്യമാണെന്ന് പറയുകയുണ്ടായി. ആ അഭിപ്രായത്തെ സാധൂകരിക്കുന്നതിനുവേണ്ടി അദ്ദേഹം അതേപോലെ ഒരു മറുമരുന്നും പറയുകയുണ്ടായി. കെ. എസ്. ഐ. ഡി. സി. യുടെ പ്രവർത്തനം വിപുലപ്പെടുത്തി ഇതിനു കൊടുത്തുകൂടെ എന്നു ചോദിക്കുകയുണ്ടായി.

ശ്രീ. ആർ. എസ്. ഉണ്ണി: കെ. എസ്. ഐ. ഡി. സി. യുടെ പ്രവർത്തനമേഖലയിലെ എല്ലാം കാര്യങ്ങളും പരിശോധിച്ചാൽ പൊതുമേഖലയിലെ പ്രവർത്തനം അതിൽപ്പെടുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. കെ. ശേഷൻ: പെട്ടിട്ടുണ്ട്. അതേപ്പററി അന്വേഷിക്കുകയുണ്ടായി. പബ്ലിക്ക് അക്കൗണ്ട്സ് കമ്മിററിയിൽ ഒരു മെമ്പറായി സേവനം നടത്തിയ കാലത്തും മററുമൊക്കെ എനിക്കു കിട്ടിയ വെളിച്ചം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെ കൂട്ടത്തിൽ ഫൈനാൻഷ്യൽ കൺട്രോൾ ഏർപ്പെടുത്തിയതുകൊണ്ട് അതുസംബന്ധിച്ചുള്ള പരിശോധനയും മററും നടത്തുന്നതിന് അവിടെ ഒരു വിംഗ് ഏർപ്പെടുത്തിയതുകൊണ്ട് കാര്യമൊന്നുമില്ലെന്നാണ്. അതുകൊണ്ടാണ് ഫൈനാൻസ് ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ പബ്ലിക്ക് അണ്ടർടേക്കിംഗ് ബ്യൂറോ എന്നുള്ള നിലയ്ക്ക് അതു നടപ്പാക്കണമെന്ന് ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുള്ളത്. അതിന്റെ വിശദാംശങ്ങളെക്കുറിച്ച് ചർച്ച ചെയ്തുവരികയാണ്. ഇത്രയും കാര്യങ്ങളാണ് പൊതുവേ ഈ ബഡ്ജററിനെസംബന്ധിച്ച് ഇതുവരെയുണ്ടായിട്ടുള്ള വിമർശങ്ങളിൽ നിന്ന് എനിക്ക് ഇവിടെ പരാമർശിക്കാനും അവയ്ക്കായി മറുപടി പറയാനുമുള്ളത്.

ശ്രീ. ആർ. എസ്. ഉണ്ണി: ഫൈനാൻസ് വകുപ്പിനു വ്യവസായവകുപ്പിന്റെമേൽ ഭാവിയിൽ ഒരു അൺഡ്യൂ നിയന്ത്രണമല്ലേ ഇതുമൂലം ഉണ്ടാകുക?

ശ്രീ. എൻ. കെ. ശേഷൻ: ഫൈനാൻസ് ഡിപ്പാർട്ടുമെൻറും ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറും തമ്മിൽ ഇതേസംബന്ധിച്ചു സംസാരിച്ചു കഴിഞ്ഞിട്ടുണ്ട്. പൊതുവേ ഗവൺമെൻറിന്റെ സാമ്പത്തിക ചുമതലയുള്ള എല്ലാ കാര്യങ്ങളും നിയന്ത്രിക്കാനുള്ള അധികാരം ഗവൺമെൻറിനുണ്ട്, ഫൈനാൻസ് ഡിപ്പാർട്ടുമെൻറിനുണ്ട്. പബ്ലിക്ക് അണ്ടർടേക്കിംഗ്സു നല്ലവിധത്തിൽ നടക്കണമെന്നു തൽപ്പര്യം മുൻനിറുത്തിക്കൊണ്ട് ഇത്തരത്തിലുള്ള ഒരു ബ്യൂറോ സംഘടിപ്പിക്കുന്നതിന് ആ ഡിപ്പാർട്ടുമെൻറിന് സാധ്യമല്ല. ഒരു അൺഡ്യൂ ഇൻഫ്ളുവൻസ് ചെലുത്തണമെന്ന് ഗവൺമെൻറ് യാതൊരു വിധത്തിലും ഉദ്ദേശിക്കുന്നില്ല. "Sl ghtly controlling authority as far as screening is concerned" എന്നുള്ളതുസംബന്ധിച്ചു മാത്രമേ ഈ പ്രശ്നം വരുന്നുള്ളു എന്ന് ഈ സന്ദർഭത്തിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. ഏ. പി. കുര്യൻ: ഫാർമാസ്യൂട്ടിക്കൽ വ്യവസായത്തെ സംബന്ധിച്ചു മറുപടിയിലൊന്നും പറഞ്ഞില്ല.

ശ്രീ. എൻ. കെ. ശേഷൻ: ഫാർമാസ്യൂട്ടിക്കൽ വ്യവസായത്തിന് എല്ലാ കൊല്ലവും ബഡ്ജററിൽ എഴുതി വയ്ക്കാറുണ്ട്. ഞാൻ എഴുതിവയ്ക്കേണ്ട എന്നു വിചാരിച്ചാണ് എഴുതിവയ്ക്കാത്തത്. ബഡ്ജററിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്ത ക്യാബിനററിൽ ഇതേസംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. അതിൽനിന്നു പൊന്തിവന്ന അഭിപ്രായത്തെ മാനിച്ചുകൊണ്ട്, ഇതിന്റെ ചെലവിന്റെ വൈപുല്യത്തെ കണക്കിലെടുത്തുകൊണ്ട് ഇന്നത്തെ സാമ്പത്തിക പരിതഃസ്ഥിതിയിൽ ഇത്തരത്തിലുള്ള വെഞ്ചർ തൽക്കാലം

LIBRARY ARCHIVES Kerala Legislative Assembly

എടുക്കേണ്ട എന്നു തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലും ഇൻസ്ററിററ്യൂഷണൽഫൈനാൻഷ്യൽ ലഭ്യതയുടെ കവാടം കൂടുതൽ തുറന്നുവരുന്ന സമയത്ത് ഇതിനെക്കുറിച്ചു ചിന്തിക്കണമെന്നുള്ള അടിസ്ഥാനത്തിലുമാണ് ഗവൺമെൻറു നിൽക്കുന്നത്.

ഈ വർഷം ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുള്ള ടാക്സിനങ്ങളിൽ താഴെ പറയുന്ന മൂന്നു നിർദ്ദേശങ്ങൾ പിൻവലിക്കുവാൻ ഗവൺമെൻറ് ആഗ്രഹിക്കുന്നു.

"Ornaments made of silver and gold will be taxed at single point instead of at multi-point. The rate of tax will be 15 per cent at the first sale point" പിൻവലിക്കുന്നു.

"Soap will be taxed at 3 per cent multi-point instead of 5 per cent single point".

പിൻവലിക്കുന്നു.

"Ice will be taxed at 7 per cent at the first sale point alone".

നിരുപാധികം പിൻവലിക്കുന്നു. ഈ മൂന്നുകാര്യങ്ങളും മാത്രമേ പിൻവലിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുള്ളു.

ശ്രീ. കെ. കരുണാകരൻ: മൊസൈക്കിനു നികുതി എന്തിനാ വച്ചു് കൊണ്ടിരിക്കുന്നത്?

ശ്രീ. എൻ. കെ. ശേഷൻ: അതേപ്പററി ആലോചിക്കുകയുണ്ടായി. ഈ നാട്ടിലെ പണക്കാരാണ്, കുറേ സൗകര്യമുള്ളവരാണ് അതു ഉപയോഗിക്കുന്നത്. പാവപ്പെട്ടവർ ഇഷ്ടികയാണ് ഉപയോഗിക്കുന്നത്.

ശ്രീ. കെ. കരുണാകരൻ: മൊസൈക്ക് മദ്രാസ്സ്റേററിൽ നിന്നു ലാറിയിൽ ഇവിടെകൊണ്ടുവന്നാൽ അതു ലാഭകരമായിവരുകയും, ഇവിടെ ഉൽപ്പാദിപ്പിക്കുന്നതു വിലക്കൂടുതൽ കാരണം ചെലവാകാതിരിക്കുകയുമാണ് സംഭവിക്കുവാൻ പോകുന്നത്. അതു ആലോചിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കെ. ശേഷൻ: അതു വരുകയില്ല. മൊസൈക്ക് ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ ഇവിടെയില്ല. ഉള്ളവതന്നെ ആവശ്യങ്ങൾക്ക് നിർമ്മിച്ചുകൊടുക്കാൻ പര്യാപ്തമല്ല. മററുള്ള സ്റേററുകളുമായി താരതമ്യം ചെയ്യുന്ന പ്രശ്നവും വരുന്നില്ല. അതാണ് എനിക്ക് പറയാനുള്ളത്. മൊസൈക്കിനു ചുമത്തിയ നികതി പാവപ്പെട്ടവരെ ബാധിക്കുന്നതാണെന്നുള്ള പേരിൽ പിൻവലിക്കേണ്ട കാര്യമില്ല.

ശ്രീ. കെ. കരുണാകരൻ: പാവപ്പെട്ടവരെ ബാധിക്കുന്നതല്ലെന്നു പറഞ്ഞു. ഗോൾഡിനു ചുമത്തിയ നികുതി പാവപ്പെട്ടവരുടെ പേരിൽ പിൻവലിക്കേണ്ട കാര്യമില്ല. മൊസൈക്കിനു കൂടുതൽ വിലവരുമ്പോൾ അതു ഇവിടെയുള്ള വ്യാപാരികളെ പ്രതികൂലമായി ബാധിക്കും.

ശ്രീ. എൻ. കെ. ശേഷൻ: ഗവൺമെൻറ് ഈ കാര്യങ്ങളെല്ലാം ആലോചിച്ചിട്ടുണ്ട്. മോട്ടോർ ചേസിസിനു 13 ശതമാനമേ കൂട്ടിയിട്ടുള്ളു. മദ്രാസിൽ 15 ശതമാനം കൂട്ടുന്നു. അപ്പോൾ അത്രയും ബുദ്ധിമുട്ടേ വരുന്നുള്ളു. മററു സ്റേററുകളിൽ ടാക്സ് കൂട്ടാനുള്ള താൽപര്യം എത്രത്തോളം ഉണ്ടെന്നു നോക്കിയിട്ട് ഇവിടെ ടാക്സ് കൂട്ടാനും കുറയ്ക്കാനും സാധ്യമല്ല. നമുക്കൊരു കാഴ്ച്ചപ്പാടുവേണം. ആ കാഴ്ച്ചപ്പാടിലൂടെയും, അതിന്റെ അടിസ്ഥാനപരമായ പ്രമാണങ്ങളുടെയും അടിസ്ഥാനത്തിൽ ടാക്സേഷൻ എൻക്വയറികമ്മിററി പറഞ്ഞിട്ടുള്ള ഏതാനും ഇനങ്ങളിൽ മാത്രമാണ് പുതുതായി ടാക്സ് ചുമത്തിയിട്ടുള്ളത്. ഈ മൂന്നു എണ്ണം ഒഴിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ബാക്കിയുള്ള ടാക്സുകളൊന്നും പിൻവലിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ലെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്.

എൻെറ പ്രസംഗം ഞാൻ അവസാനിപ്പിക്കുകയാണ്. വളരെ സന്തോഷത്തോടുകൂടിയാണ് ഞാൻ എൻെറ പ്രസംഗം ഉപസംഹരിക്കുന്നത്. ഞാൻ എൻെറ ബഡ്ജററ് പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ ഒരു പുതിയ വികസ്വരമായ സാമ്പത്തിക ജീവിതത്തിൻെറ ഒരു പുതിയ ദശാബ്ദത്തിൻെറ പടിവാതുക്കൽ നിന്നുകൊണ്ടാണ് ഞാനീ ബഡ്ജററ് അവതരിപ്പിച്ചിട്ടുള്ളത്. ഈ ദശാബ്ദം ഈ സ്റേററിനെസംബന്ധിച്ചിടത്തോളം കൂടുതൽ ആനന്ദകരവും കൂടുതൽ ജനക്ഷേമകരവുമായ ഒരു പന്ഥാവിലൂടെ കടന്നുപോകുമെന്നും, ഈ സ്റേററിലെ ജനങ്ങൾക്ക് അവർ അർഹിക്കുന്നതായ, ആഗ്രഹിക്കുന്നതായ സാമൂഹ്യസാമ്പത്തിക ജീവിതസൗകര്യങ്ങൾ കൂടുതൽ ഉണ്ടാകുമെന്നുമാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്. അതിന് ഒരു കൊല്ലത്തെ ഈ ബഡ്ജററിൻെറ പ്രവർത്തനംകൊണ്ടുമാത്രം സാധിക്കുകയില്ലെന്നു എനിക്കറിയാം. പക്ഷേ ഈ പുതിയ ദശാബ്ദത്തിന് ഒരു പ്രത്യേകതയുണ്ട്. അത് എൻെറ പ്രസംഗത്തിൻെറ ആദ്യഭാഗത്തു ഞാൻ സൂചിപ്പിച്ചിട്ടുണ്ട്. നാം പിന്നിട്ടിട്ടുള്ള ദശാബ്ദം അനിശ്ചിതത്വങ്ങളുടെ ദശാബ്ദമാണ്. അതിൽനിന്നു വ്യത്യസ്തമായി ഒരു പുതിയ യുഗത്തിൽ ഇപ്പോൾ പ്രവേശിച്ചിട്ടുണ്ടെന്നു തോന്നുന്നു. അതു കൂടുതൽ കൂടുതൽ വികസ്വരമാകുന്നതിനു ഹരിതവിപ്ലവമെന്നു പറയുന്നതിനെസംബന്ധിച്ചും, കണ്ടൻസിനെ സംബന്ധിച്ചും എന്തെല്ലാം അഭിപ്രായവ്യത്യാസമുണ്ടെങ്കിലും, ഉള്ള നേട്ടം നേട്ടമാണെന്നു കാണാൻ കഴിവുള്ളതിൻെറ അടിസ്ഥാനത്തിൽ ഒരു പുതിയ യുഗമുണ്ടാകുന്നതിൻെറ നല്ല കുറെ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയിട്ടുണ്ടെന്നുള്ളതിനെ മുൻനിറുത്തിക്കൊണ്ട് ഈ ബഡ്ജററിലെ കാര്യങ്ങൾ പ്രാവർത്തികമാക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്നതാണ്. ഒരു ഉറപ്പുകൂടി. ശ്രീ. ഇ. ജോൺ ജേക്കബ് പറയുകയുണ്ടായി, നല്ലകാര്യങ്ങൾ പലതും ഇതിനകത്തുണ്ടെന്ന്. പക്ഷേ നടപ്പാക്കുമോയെന്നു അദ്ദേഹം സംശയം പ്രകടിപ്പിക്കുകയുണ്ടായി. അതിനു ഒരു ഉറപ്പു നൽകാനേ സാധിക്കുകയുള്ളു. അവയൊക്കെ നടപ്പാക്കാൻ വേണ്ടിയാണ് ഗവൺമെൻറ് പറഞ്ഞിട്ടുള്ളത്. ഞാനിപ്പോൾ അതു പറയുകയല്ലേ പററു. അടുത്തകൊല്ലവും നമുക്ക് ബഡ്ജററിനെക്കുറിച്ച് പരസ്പരമിരുന്നു ചർച്ച ചെയ്യേണ്ടതായ യോഗമുണ്ടെങ്കിൽ ഞാൻ മാറടിച്ചു പറയാം., 90 ശതമാനം കാര്യങ്ങളും ഈ ഗവൺമെൻറ് നടപ്പാക്കിയിരിക്കുമെന്ന്. അതു പറയാനുള്ള ആർജ്ജവം, അതു പറയാനുള്ള തൻേറടം, അതു പറയാനുള്ള സേവനം, സമർപ്പണമനോഭാവം ഈ ഗവൺമെൻറിനുണ്ടെന്നു മാത്രമേ അതെസംബന്ധിച്ച് ഞാൻ പറയാനാഗ്രഹിക്കുന്നുള്ളു. അതിന് അഡ്മിനിസ്ട്രേഷൻ ഗീയറപ്പുചെയ്യേണ്ടതായിട്ടുണ്ട്. മററു പല കാര്യങ്ങളും ചെയ്യേണ്ടതായിട്ടുണ്ട്. ഈ ഗവൺമെൻറിൻെറ ഏററവും പ്രധാനപ്പെട്ട ഗുണം 'സ്പീഡ്' എന്നുള്ളതാണ്. 31 മാസക്കാലത്ത് ചെയ്യാൻ സാധിക്കാത്ത കാര്യങ്ങൾ ഏററവും ചുരുങ്ങിയ കാലംകൊണ്ട് ഞങ്ങൾ ചെയ്തു തീർത്തു എന്നു പറയുന്നതു വീമ്പു പറയുകയല്ല. "We live not on propaganda, but on performance" അതു ഞങ്ങൾ കാണിച്ചു തന്നിട്ടുണ്ട്., ഉദാഹരിച്ചു തന്നിട്ടുണ്ട്, ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ഈ ബഡ്ജററിൻെറ വിമർശനവേളയിൽ നിങ്ങളെല്ലാവരും കാണിച്ച സ്നേഹമസൃണമായ സൗഹാർദ്ദത്തിനും സൗമനസ്യത്തിനും വ്യക്തിപരമായും ഗവൺമെൻറിൻെറ പേരിലും നന്ദി പറഞ്ഞുകൊണ്ട് ഞാൻ എൻെറ പ്രസംഗം ഉപസംഹരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഡ്ജററിനെ സംബന്ധിച്ചു പൊതു ചർച്ച അവസാനിച്ചിരിക്കുകയാണ്.

Now the House will adjourn and meet again at 8 a. m. on Monday, the 9th March, 1970.

The Assembly adjourned at 1 p. m. to meet again at 8 a. m. on Monday, the 9th March, 1970.

LIBRARY ARCHIVES Kerala Legislative Assembly